# കാർമ്മെൽ


ജൂലൈ 1960

ത്രൈമാസികം

C A R M E L Q U A R T E R L Y



JULY 1960



Very Rev. Fr. Thaddaeus, O. C. D.
( PROVINCIAL )



മലബാർ പ്രോവിൻസിലെ പുതിയ ശ്രേഷ്ഠന്മാരും
തിരുവനന്തപുരം കർമ്മലീത്താ ആശ്രമാംഗങ്ങളും.

*ഇരിക്കുന്നവർ ഇടത്തുനിന്നും വലത്തോട്ട്:*

| | | | | | |
|---|---|---|---|---|---|
| വെരി റവ. | ഫാ. | | ജോസഫ്, | ഒ. സി. ഡി. | സുപ്പീരിയർ, ബാംഗ്ളൂർ. |
| ,, | ,, | ,, | എഫ്രേം, | ,, | ,, എറണാകുളം. |
| ,, | ,, | ,, | ബൊനവഞ്ചർ, | ,, | പ്രയർ, തക്കല. |
| ,, | ,, | ,, | ബെർണർദീൻ, | ,, | ഒന്നാം കൗൺസലർ. |
| ,, | ,, | ,, | തദ്ദേയൂസ്, | ,, | പ്രൊവീൻഷ്യൽ. |
| ,, | ,, | ,, | ഡോമിനിക്ക്, | ,, | രണ്ടാം കൗൺസലർ. |
| ,, | ,, | ,, | പീറ്റർ തോമസ്, | ,, | പ്രയർ, തിരുവനന്തപുരം. |
| ,, | ,, | ,, | തോമസ്, | ,, | സുപ്പീരിയർ, വരാപ്പുഴ. |

വർഷം 13 പു. 13 } ജൂലൈ 1960 { ലക്കം 3

# ഹൃദയംഗമമായ സ്വാഗതം

തീവണ്ടി യാത്രക്കാർക്കു് ഒന്നാംക്ലാസ് ടിക്കററുകൾ എടുക്കുന്നതിനു തടസ്സമായിരിക്കുന്നതു് ചെലവിന്റെ കൂടുതലാണ്. സന്ന്യാസജീവിതാർത്ഥികൾക്കു ഒന്നാം സഭകൾ തിരഞ്ഞെടുക്കുന്നതിനോ? ജീവിതത്തിന്റെ ഭാരം അഥവാ അവിടുത്തെ ജീവിതം ദുർവഹമെന്ന വിചാരം. സന്ന്യാസസഭകളിൽനിന്നു് നല്ല ദൈവവിളികളെ തടഞ്ഞുനിറുത്തുന്ന കാര്യത്തിൽ ജനതാമദ്ധ്യത്തിൽ പ്രചരിക്കുന്ന അജ്ഞതയ്ക്കും തെററിദ്ധാരണകൾക്കും വലിയ പങ്കുണ്ടു്. ഇതിനൊരുദാഹരണമായി കർമ്മെലീത്താ ഒന്നാംസഭയെപ്പററി ഈയിടെ കേട്ട ചില അഭിപ്രായങ്ങൾ ഉദ്ധരിക്കാവുന്നതാണ്.

“കർമ്മെലീത്താ ഒന്നാംസഭയിൽ എല്ലാം വലിയ നിഷ്കൃഷ്ടയാണ്, നിബന്ധനയാണ്. അവിടെ എപ്പോഴും നോമ്പും പ്രാർത്ഥനയുമല്ലേ?....പാതിരായിക്കെണീററു് പ്രാർത്ഥിക്കേണ്ടേ?....സഭയിൽ പ്രവേശിച്ചാൽ പുറത്തിറങ്ങുവാൻ പാടില്ലല്ലോ. അമ്മയേയും അപ്പനേയും കാണാൻ വീട്ടിൽപോലും വിടുകയില്ലല്ലോ.... ആശ്രമവളപ്പിനകത്തു ഓരോരുത്തരുടെ ശവക്കുഴി അവർതന്നെ മാന്തിത്തീർത്തിരിക്കണംപോലും....”

ഇതെല്ലാം കേൾക്കുമ്പോൾ ദൈവവിളിയുള്ള സാധാരണ കുട്ടികൾക്കു് ഭയം ജനിക്കുന്നു. „മിഷ്യനു പോയിക്കളയാം, അല്ലെങ്കിൽ മററു വല്ല സഭകളിലും ചേർന്നുകളയാം'' എന്നവർ തീരുമാനിക്കുന്നു. കേൾക്കുന്നവയെല്ലാം എത്രമാത്രം ശരിയാണെന്നു് അന്വേഷിക്കുന്നവർ ചുരുക്കം. കർമ്മെലീത്താ ഒന്നാം സഭയിൽ ചേരുവാൻ ആഗ്രഹം പ്രകടിപ്പിച്ച ഒരു കുട്ടിയോടു് അവനെ ഒന്നു പരീക്ഷിക്കാനായി ഒരു വൈദികൻ ഒരിക്കൽ പറഞ്ഞു: “കുഞ്ഞേ, അവിടെ ചേർന്നാൽ നിനക്കു് വിശപ്പടക്കാൻപോലും ഭക്ഷണം കിട്ടുകയില്ല” എന്നു്. കുട്ടിയുടെ ഉത്തരം എന്തായിരുന്നെന്നോ? “അച്ചാ, ഏതായാലും അവിടെയുള്ളവരും ജീവിക്കുന്നുണ്ടല്ലോ. അവരെപ്പോലെ എനിക്കും കിട്ടിയാൽമതി.” ഇപ്രകാരം ചിന്തിക്കുന്നവർ അപൂർവമായിട്ടേ കാണപ്പെടുകയുള്ളു.

അഖിലലോകവ്യാപകമായ കർമ്മെലീത്താ ഒന്നാം സഭയിൽ വിവിധ രാജ്യങ്ങളിലായി 1958-ൽ 4111 അംഗങ്ങളും 1709 യോഗാർത്ഥികളും 357 ആശ്രമങ്ങളും 28 പ്രോവിൻസുകളുമുണ്ടു്. 1947-ൽ നമ്മുടെ രാജ്യത്തു് സ്ഥാപിതമായിരിക്കുന്ന മലബാർ പ്രോവിൻസിൽ 40 വൈദികരുൾപ്പെടെ 75-ൽപരം ആളുകളുണ്ടു്. ഇതിനുപുറമെ ഏതാനും കൊല്ലങ്ങൾക്കു മുമ്പു് കർമ്മെലീത്താ ഒന്നാംസഭയിലേയ്ക്കു ചേർന്നിരിക്കുന്ന മഞ്ഞുമ്മേൽ വിഭാഗത്തിലും ഒരു നല്ല സംഖ്യ അംഗങ്ങളുണ്ടു്. ഇവർക്കെല്ലാം കർമ്മെലീത്താ ഒന്നാം സഭയുടെ നിയമങ്ങൾ അനുസരിച്ചു ജീവിക്കുവാൻ സാധിക്കുമെങ്കിൽ ദൈവവിളികളുള്ള മററാളുകൾക്കും അതു സാധിക്കാതെ വരികയില്ല. “നിബന്ധനയും നിഷ്കൃഷ്ടയും” ഏതു സന്ന്യാസസഭയിലും ഉള്ളതാണ്. അതില്ലെങ്കിൽ സന്ന്യാസികൾ തങ്ങളുടെ ജീവിതലക്ഷ്യമായ പുണ്യപൂർണ്ണത പ്രാപിക്കുകയില്ല. ദൈവത്തിന്റെ പ്രതിനിധികളായ അധികാരികളുടെ ശിക്ഷണത്തിൻ കീഴു് തന്റെ സ്വഭാവത്തെ രൂപീകരിച്ചെടുക്കാനുള്ള സന്മനസ്സും സന്നദ്ധതയും ഒരു നല്ല ദൈവവിളിയുടെ ലക്ഷണമാണ്. “നോമ്പുകളും പ്രാർത്ഥനകളും” എല്ലാ

സന്ന്യാസ സഭകളിലും ഒരുപോലെയല്ല. പ്രവൃത്യന്മുഖമായ ജീവിതം ദൈവവിളിയായി സ്വീകരിച്ചിട്ടുള്ള സഭക്കാരെക്കാൾ കൂടുതൽ നോമ്പുകളും പ്രാർത്ഥനകളും ധ്യാനപരമായ ജീവിതം നയിക്കുന്നവർക്കുണ്ട്. എങ്കിലും നിയമാനുസൃതമായ എത്ര കഠിന നോമ്പും പ്രായശ്ചിത്തവും സാധാരണ ഗതിയിൽ ഒരാളുടെ ആരോഗ്യത്തെ നശിപ്പിക്കുകയില്ല. പ്രത്യുത അതിനെ വർദ്ധിപ്പിക്കുകയും അയാളുടെ ആയുസ്സിനെ ദീർഘിപ്പിക്കുകയും ചെയ്യുന്ന എന്നാണനുഭവം തെളിയിക്കുന്നതു്. കർമ്മലീത്താ ഒന്നാം സഭാസന്ന്യാസികളേക്കാൾ കഠിനതരമായ തപോനിഷ്ഠയുള്ള കർമ്മലീത്താ രണ്ടാംസഭാ സന്ന്യാസിനികൾ ശരാശരി 70 വയസ്സുവരെ ജീവിക്കുന്നെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു.

മററു സഭകളെ അപേക്ഷിച്ച് കർമ്മലീത്താ ഒന്നാംസഭയിൽ മാനസിക പ്രാർത്ഥനയ്ക്കു കൂടുതൽ പ്രാധാന്യവും സമയവും നൽകുന്നുണ്ടു്. അതിൻെറ രഹസ്യം മററൊന്നുമല്ല. ഏതു പ്രേഷിത ജീവിതത്തിൻേറയും ആത്മസത്ത ആന്തരിക ജീവിതമാണു്. പരിശുദ്ധമായ സ്നേഹംകൊണ്ടു് ദൈവത്തോടു് ഐക്യപ്പെട്ടു്, ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി നയിക്കുന്ന ഒരു ജീവിതമാണു് ആന്തരിക ജീവിതം. അതു പുലർത്തുന്നതിനു് മാനസിക പ്രാർത്ഥന അത്യന്താപേക്ഷിതമാണു്.

മാനസിക പ്രാർത്ഥനയ്ക്കു പുറമെ, എല്ലാ വൈദികരും പ്രധാന സന്ന്യാസ സഭക്കാരും ചൊല്ലേണ്ടതുപോലെ വലിയ കാനോനാ നമസ്കാരവും കർമ്മലീത്താ ഒന്നാം സഭക്കാർക്കു് ചൊല്ലുന്നതിനു കടമയുണ്ടു്. ഇതിൻെറ ഒരു ഭാഗം നൊവീസിയാത്തു ഭവനങ്ങളിൽ പാതിരായിക്കാണു് ചൊല്ലുക. പക്ഷെ ഉറക്കത്തിനുള്ള സമയം കുറയാത്തവിധത്തിലാണു് അവിടത്തെ ദിനചര്യ തയ്യാറാക്കപ്പെട്ടിരിക്കുന്നതു്. രാത്രികാലങ്ങളിൽ സിനിമാ കാണുന്നതിനും, മററു സന്തോഷങ്ങളിലും ജോലികളിലും വ്യാപൃതരാകുന്നതിനും ആളുകൾ ചെയ്യുന്ന ത്യാഗത്തോടു താരതമ്യപ്പെടുത്തിയാൽ കർമ്മലീത്താ നൊവീസിയാത്താശ്രമാംഗങ്ങളുടെ, മിക്കവാറും ദിവസം ഏകദേശം ഒരു മണിക്കൂർ നീണ്ടുനിൽക്കുന്ന ഉറക്കമിളപ്പു് കേവലം നിസ്സാരമാണു്.

കർമ്മലീത്താ ഒന്നാംസഭയിൽ പ്രവേശിച്ചാൽ പുറത്തിറങ്ങാനും, മാതാപിതാക്കന്മാരെ കാണാൻ പോലും വീട്ടിൽ പോകാനും പാടില്ലെന്നു് ചിലർ ധരിച്ചുവച്ചിരിക്കുന്നതു് തെററാണു്. മിണ്ടാമഠക്കാർ, മുള്ളുമഠക്കാർ എന്നിപ്രകാരം ചില സ്ഥലങ്ങളിൽ അറിയപ്പെടുന്നതും, സ്ത്രീകൾക്കുവേണ്ടി മാത്രമുള്ളതുമായ കർമ്മലീത്താ രണ്ടാംസഭയിൽ ചേരുന്ന സ്ത്രീകൾക്കു പുറത്തിറങ്ങുന്നതിനോ, വീടുസന്ദർശിക്കുന്നതിനോ അനുവാദമില്ല. പുരുഷന്മാർക്കുവേണ്ടി മാത്രമുള്ളതും ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി പലവിധ ജോലികളിൽ ഏർപ്പെടാൻ കടപ്പെട്ടവരുമായ കർമ്മലീത്ത ഒന്നാംസഭാ സന്ന്യാസികൾക്കു പുറത്തിറങ്ങരുതെന്നോ വീടു സന്ദർശിക്കരുതെന്നോ ഒരു നിയമവുമില്ല. അവർ ആഗ്രഹിക്കുന്നതിലധികം പുറത്തിറങ്ങാൻ നിർബന്ധിതരായിത്തീരുന്നു എന്നുള്ളതാണു് വാസ്തവം.

"ഓരോരുത്തരുടേയും ശവക്കുഴി മരിക്കുന്നതിനു മുമ്പു് അവർതന്നെ മാന്തിത്തീർത്തിരിക്കണം" എന്നുള്ള കേൾവി കൌതുകകരമെന്നല്ലാതെ മറെറന്താണു് അതേപ്പററി പറയേണ്ടതു്? അങ്ങനെ ഒരു പതിവു ഞങ്ങളുടെ സഭയിലില്ല. മററു വല്ല പുരാതന സഭകളിലുമുണ്ടോ എന്നു തീർച്ചയുമില്ല. ഞങ്ങളുടെ ചില ആശ്രമങ്ങളോടനുബന്ധിച്ച് നിർമ്മിച്ചിട്ടുള്ള ഭൂഗർഭാലയങ്ങളിൽ, മരിക്കുന്നവർക്കുവേണ്ടി ശവക്കല്ലറകൾ നേരത്തെ കെട്ടിയിട്ടിട്ടുണ്ടു്: സഭയിൽ മരിക്കുന്നയാളിനു് അതിലൊന്നു ലഭിക്കാതിരിക്കുകയില്ല.

കർമ്മലീത്താ ഒന്നാംസഭ എന്തെന്നു് ശരിക്കറിഞ്ഞിരുന്നെങ്കിൽ ഉദാരമതികളായ യുവാക്കന്മാർ അതിൽ പ്രവേശിക്കുവാൻ വെമ്പൽകൊള്ളുമായിരുന്നു. ദൈവമഹത്വവും ആത്മാക്കളുടെ രക്ഷയുംമാത്രം ഉന്നം വയ്ക്കുന്നവർക്കും, അവ കൈവരുത്തുന്നതിനു് എന്തു ത്യാഗം ചെയ്യുന്നതിനും എന്തദ്ധ്വാനം ഏറെറടുക്കുന്നതിനും സന്മനസ്സും സന്നദ്ധതയും ഉള്ളവർക്കും അവരുടെ ലക്ഷ്യം പ്രാപിക്കുവാൻ കർമ്മലീത്താസഭ ശക്തിമത്തായ സകല മാർഗ്ഗങ്ങളും പ്രദാനംചെയ്യുന്നു. ഈ മാർഗ്ഗങ്ങളുപയോഗിച്ച് പുണ്യകിരീടം പ്രാപിച്ചിട്ടുള്ളവരാണു് കുരിശിൻെറ വി. യോഹന്നാൻ, വി. അമ്മത്രേസ്യാ, വി. കൊച്ചുത്രേസ്യാ മുതലായിട്ടുള്ളവർ.

പ. കന്യകമറിയത്തിൻെറ പ്രത്യേക സംരക്ഷണത്തിൻകീഴ്, ആ മാതാവിനെ അനുകരിച്ചുകൊണ്ടു് സ്വയം വിശുദ്ധീകരിക്കുന്നതിനും, ആ മാതാവും തൻെറ തിരുക്കുമാരനും അത്യധികം സ്നേഹിക്കുന്ന ആത്മാക്കളെ

# തിരുസഭയുടെ ദൌത്യം

(റവ. ഫാ. മക്കാരിയൂസ്, സി. എം. ഐ.)

പാപം വഴിയായി തന്നിൽനിന്നു് അകന്നുപോയ മനുഷ്യകുലത്തിനു് ദൈവം ഒരു രക്ഷകനെ നൽകി; ദൈവവും മനുഷ്യനുമായ അവിടുന്നു് മനുഷ്യകുലത്തെ രക്ഷിക്കുവാൻ പീഡകളും വേദനകളും സഹിച്ചുമരിച്ചു. അവിടുത്തെ ആ രക്ഷണീയകൃത്യം അനന്തയോഗ്യതയുള്ളതാണെങ്കിലും, ആ കൃത്യം നടന്നു എന്നകാരണത്താൽതന്നെ നാം എല്ലാവരും രക്ഷപ്രാപിക്കുന്നില്ല. അതിന്റെ ഫലം ഓരോരുത്തനും സ്വായത്തമാക്കണം. അതു ചെയ്യേണ്ടതു് വെറും വ്യക്തിപരമായ ഒരു ജീവിതത്തിലല്ല; പ്രത്യുത അവിടുന്നു് സ്ഥാപിച്ച ആ സഭയുടെ സാമൂഹ്യമണ്ഡലത്തിനുള്ളിലാണു്. സമൂഹജീവിയായ മനുഷ്യനെ അവന്റെ അന്ത്യപ്രാപ്തിയിലേയ്ക്കു് ദൈവം നയിക്കുന്നതും അവന്റെ സമൂഹ്യവാസനകൾക്കു് പ്രാധാന്യംകൊടുത്തുകൊണ്ടാണു്. വരപ്രസാദജീവൻ പ്രാപിക്കേണ്ടതും, നിത്യജീവിതത്തിലേയ്ക്കു് പ്രവേശിക്കേണ്ടതും തിരുസഭയുടെ സമൂഹവലയത്തിനുള്ളിൽ ജീവിച്ചുകൊണ്ടാണു്. മററുവിധത്തിൽ ചെയ്യുവാൻ ദൈവത്തിനു സാധ്യമല്ലാഞ്ഞിട്ടല്ല; ആത്മാവും ശരീരവുമുള്ള മനുഷ്യനെ ആ രണ്ടു മൂല്യങ്ങൾക്കും വിലകല്പിച്ചുകൊണ്ടാണു് ദൈവം നയിക്കുന്നതു്. ഇങ്ങനെ മനുഷ്യരക്ഷയുടെ ഏകമാർഗ്ഗമായി ദൈവത്താൻ നിയുക്തമായ ഒരു പുതിയ വ്യവസ്ഥിതിയാണു് തിരുസഭ. അവൾ വഴിയായിട്ടല്ലാതെ യാതൊരുത്തനും രക്ഷപ്പെടുകയില്ല. "സഭയെ കേൾക്കാത്തവൻ നിങ്ങൾക്കു് ചുങ്കക്കാരനെപ്പോലെയും അജ്ഞാനിയെപ്പോലെയും ആയിരിക്കട്ടെ" (മത്താ. 18, 17) എന്ന മിശിഹായുടെ പ്രസ്താവം തിരുസഭയുടെ പ്രാധാന്യത്തെ നമ്മെ വിളിച്ചറിയിക്കുന്നുണ്ടു്. "രക്ഷപ്രാപിക്കുവാൻ മനുഷ്യർക്കു് നൽകപ്പെട്ടതായി ആകാശത്തിൻ കീഴിൽ വേറൊരു നാമമില്ല" (നട. 4, 12). പാപം നിറഞ്ഞ ഈ ലോകത്തിൽ ദൈവത്തിന്റെ അനന്തവിശുദ്ധിയുടെയും അതുല്യസ്നേഹത്തിന്റെയും പ്രതീകമായി നിൽക്കുകയാണു് തിരുസഭ. ഇങ്ങനെ മനുഷ്യകുലത്തിന്റെ ലക്ഷ്യപ്രാപ്തിയിൽ തിരുസഭയ്ക്കു് ഗൌരവമായ ഒരു കടമ നിർവഹിക്കുവാനുണ്ടു്.

ഇതാണു് തിരുസഭയുടെ ദൌത്യം. ഇതാണു് തിരുസഭയുടെ അനിർവാര്യമായ കർത്തവ്യം. ഭൌതികമായ ഐശ്വര്യമോ, സാമ്രാജ്യവിസ്തൃതിയോ അല്ല; ലൌകികമായ നേട്ടങ്ങളോ മഹത്വമോ അല്ല. ദൈവത്തിനെതിരായി നിൽക്കുന്ന പിശാചിന്റെ രാജ്യത്തെ നിർമ്മാർജ്ജനം ചെയ്തു് വിശുദ്ധിയുടെയും നൈർമ്മല്യത്തിന്റെയും ഒരു സാമ്രാജ്യം കെട്ടിപ്പടുക്കുകയാണു് അവളുടെ ജോലി. വിട്ടുവീഴ്ചകൾ കൊണ്ടും സഹിഷ്ണുതകൊണ്ടും അങ്ങേ അററം ശത്രുവിനോടടുത്തുപോകുവാനല്ല, തന്റെ ദൌത്യനിർവഹണത്തിനുവേണ്ടി പരിത്യാഗങ്ങൾ അനുഷ്ഠിക്കുവാനും, വേണ്ടിവന്നാൽ ജീവൻ പരിത്യജിക്കുവാനുമാണു് തിരുസഭ നിയുക്തമായിരിക്കുന്നതു്.

തിരുസഭയുടെ ഈ അതിപ്രധാനവും ഗൌരവാവഹവുമായ കർത്തവ്യം പ്രാവർത്തികമാക്കേണ്ടതു് അവളുടെ അംഗങ്ങളാണു്. തിരുസഭ ജീവിക്കുന്നതും പ്രവർത്തിക്കുന്നതും അതിന്റെ ഓരോ ഘടകങ്ങളിലൂടെ

---

വിവിധ പ്രേഷിത പ്രവർത്തനങ്ങൾമൂലം രക്ഷിക്കുന്നതിനും നിരവധി സാദ്ധ്യതകൾ കർമ്മലീത്താ സഭാംഗങ്ങൾക്കു ലഭിക്കുന്നതായിരിക്കും. കർമ്മലമാതാവിനോടുള്ള ഭക്തിയിൽ അഭിമാനംകൊള്ളുന്നവരാണു് കേരള കത്തോലിക്കർ. അവരുടെ കുടുംബങ്ങളിൽ നിന്നൊരാൾ ഈ മാതാവിന്റെ സഭയിൽ ദൈവസേവനത്തിനായി സ്വയം പ്രതിഷ്ഠിക്കുന്നെങ്കിൽ അതൊരു മഹാഭാഗ്യമായി കരുതേണ്ടതാണു്. തന്റെ നേരെയുള്ള ഭക്തിയെ മാതാവാശീർവദിക്കുന്നു എന്നതിന്റെ തെളിവാണതു്.

പ്രസ്തുത സഭയിൽ ചേരുന്നതിനു സൽസ്വഭാവം, ആന്തരിക ജീവിതത്തോടുള്ള പ്രതിപത്തി, നല്ല ആരോഗ്യം ഇവയ്ക്കു പുറമേ എസ്. എസ്. എൽ. സി. പരീക്ഷയെങ്കിലും നന്നായി പാസ്സായിരിക്കണം. പത്രമേനിയൊന്നും നൽകേണ്ടതില്ലെന്നും പ്രസ്താവ്യമാണു്.

യാണ്; അതിൻെറ ഓരോ അംഗത്തിൻെറ ജീവിതത്തിലും പ്രവർത്തനങ്ങളിലുമാണ്. അതുകൊണ്ട് എല്ലാ കത്തോലിക്കനും തിരുസഭയെ പ്രതിനിധാനം ചെയ്യുക എന്ന ഗൌരവതരമായ ജോലി നിർവഹിക്കുവാനുണ്ട്. ഒരു അക്രൈസ്തവൻ തിരുസഭ എന്താണെന്നു മനസ്സിലാക്കേണ്ടതു്, ഒരു അകത്തോലിക്കൻ തിരുസഭയുടെ ആന്തരികസ്വഭാവം മനസ്സിലാക്കേണ്ടതു്, അവനോടു സംസാരിക്കുകയും, അവനുമായി ഇടപെടുകയും ചെയ്യുന്ന ഒരു കത്തോലിക്കനിൽ നിന്നാണ്. നാം വ്യക്തികളാണെങ്കിലും, നമ്മെ ഉൾക്കൊള്ളുന്ന ആ സമൂഹത്തെ പ്രതിനിധാനം ചെയ്യേണ്ട കടമ എല്ലായ്പോഴും ഓരോ വ്യക്തിക്കും ഉണ്ട്. ഔദാര്യത്തിൽനിന്ന് ഉത്ഭവിക്കുന്ന ഒന്നല്ല അതു്; പ്രത്യുത കടമയിൽ നിന്ന് ഉത്ഭവിക്കുന്നതാണ് അതു്. മാർപ്പാപ്പായ്ക്കും, മെത്രാന്മാർക്കും, വൈദികർക്കും, സന്യാസികൾക്കും, അൽമായർക്കും, ആ കൃത്യം നിർവഹിക്കുവാനുണ്ട്. എല്ലാവരെ സംബന്ധിച്ചിടത്തോളം ആ കടമ ഓരേ കാരണത്തിൽ നിന്നാണ് ഉത്ഭവിക്കുന്നതു്; എന്നാൽ അതു് നിർവഹിക്കേണ്ടതു് പലവിധത്തിലാണ്. ഒരു വൈദികൻ പ്രകാശിപ്പിക്കേണ്ട വിശുദ്ധിയും, ഒരു അൽമായൻ പ്രദർശിപ്പിക്കേണ്ട വിശുദ്ധിയും രണ്ടു തരത്തിലാണ്; എങ്കിലും ഒരു വൈദികനും അൽമായനും വിശുദ്ധമായി ജീവിക്കണമെന്നുള്ളതു് നിസ്തർക്കമാണ്. ഈ വാസ്തവം ഓർമ്മിച്ചിരുന്നാൽ നമ്മുടെയിടയിലുണ്ടാകാറുള്ള പല അരോപണങ്ങളും അന്തർദ്ധാനം ചെയ്യും. അൽമായനും മിശിഹായുടെ പൗരോഹിത്യത്തിൽ ഒരു ഭാഗഭാഗിത്വം ലഭിച്ചിട്ടുള്ള ആളാണ്. "നിങ്ങൾ ഒരു വിശുദ്ധജനവും പൌരോഹിത്യത്തിൻെറ രാജ്യവുമാകുന്നു" (പുറം. 19,6) എന്ന് ദൈവം സീനായ് മലയിൽ വച്ച് ഇസ്രായേൽ ജനത്തോട് പറഞ്ഞ ആ വാക്കുകൾ അവയുടെ കൂടുതൽ അർത്ഥവ്യാപ്തിയോടുകൂടി കത്തോലിക്കരെ സംബന്ധിച്ചിടത്തോളം വാസ്തവമാണ്. "നിങ്ങൾ അന്ധകാരത്തിൽ നിന്ന് തൻെറ അധികമായ പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവൻെറ മഹത്വങ്ങളെ അറിയിക്കുവാനായിട്ട് രാജ്യത്തിനായി ആചാര്യത്വം നിർവഹിക്കുന്ന തിരഞ്ഞെടുക്കപ്പെട്ട വംശവും, വിശുദ്ധജനവും, രക്ഷിക്കപ്പെട്ട ഗണവുമാകുന്നു" (1 പത്രോ. 2, 9) എന്നുള്ള വിശുദ്ധ പത്രോസിൻെറ പ്രസ്താവം നമ്മെ പ്രബുദ്ധരും കർമ്മകുശലരും ആക്കിത്തീർക്കണം. ഈ ലോകത്തിൽ ജീവൻെറയും പ്രകാശത്തിൻെറയും ദൌത്യം നിർവഹിക്കുകയാണ് നമ്മുടെ കൃത്യം. അതു നിർവഹിക്കണമെങ്കിൽ നാം വിശുദ്ധരായിരിക്കണം; വിശുദ്ധമായ തിരുസഭയെ പ്രതിനിധാനം ചെയ്യുന്നവരായിരിക്കണം.

തിരുസഭയെ ദൈവികമായി പ്രദർശിപ്പിക്കുന്ന അതിൻെറ സാർവ്വത്രികതയും, വിശുദ്ധിയും, ഐക്യവും എല്ലാം നമ്മുടെ ജീവിതത്തിലാണ് പ്രകാശിതമാകേണ്ടതു്. എല്ലാവരെയും ഉൾക്കൊള്ളുവാൻ തക്കവിധത്തിൽ വിശാലമായ ഒരു ഹൃദയത്തിനേ സാർവത്രികമായ ഒരു വീക്ഷണം ഉണ്ടാകുകയുള്ളു. തിരുസഭയുടെ വിശുദ്ധി, അലൗകികമായ അവളുടെ മഹത്വം ദൃശ്യമാകേണ്ടതു് വ്യക്തികളുടെ വിവിധ ഇടപാടുകളിലാണ്. തിരുസഭ ദൈവികവും മാനുഷികവുമായ ഘടകങ്ങൾ ചേർന്നതാണ്. പക്ഷേ അവളുടെ ദൈവികസ്വഭാവം ദൃശ്യമാകേണ്ടതു് മാനുഷികഘടകങ്ങളിലൂടെയാണ്. വിവിധ വ്യക്തികളുമായുള്ള ഇടപാടുകളിലാണ് ഒരു കത്തോലിക്കൻ, ദൈവത്തിൻെറ അതുല്യവിശുദ്ധിയ്ക്കു്, തിരുസഭയുടെ ആദ്ധ്യാത്മിക വിശുദ്ധിക്ക് സാക്ഷ്യം നിൽക്കേണ്ടതു്. മനുഷ്യൻ ഒരു സമൂഹജീവിയാണ്. അവനു് അവൻേറതായ വ്യക്തിത്വവും വ്യക്തിവാസനകളും ഉണ്ടെങ്കിലും അവയെല്ലാം സമൂഹത്തിൻെറ വലയത്തിനുള്ളിലാണ് വളരേണ്ടതു്. ഈ വളർച്ചയ്ക്കു് അവശ്യാവശ്യകമാണ് ഐക്യബോധം. ലോകസമുദായത്തിൽ ആകമാനം ദർശിക്കേണ്ട ഈ ഐക്യബോധം തിരുസഭയിൽ കുറേക്കൂടി പവിത്രീകരിക്കപ്പെടുന്നു; സമുദ്ധരിക്കപ്പെടുന്നു. അതു പിതാവിൻെറയും പുത്രൻെറയും ആ ഐക്യത്തിൽ ഭാഗഭാഗിത്വം സ്വീകരിക്കുന്നു. ഇതു് വ്യക്തികളുടെ ജീവിതത്തിലാണ് ദൃശ്യമാകേണ്ടതു്; അവരുടെ വിവിധ ഇടപാടുകളിലാണ് ഇതു പ്രത്യക്ഷപ്പെടേണ്ടതു്.

എന്നാൽ ആദർശപരമായ ഈ ക്രൈസ്തവതത്വങ്ങൾക്ക് വാസ്തവികതയുണ്ടോ? നാം വാസ്തവത്തിൽ തിരുസഭയെ പ്രതിനിധാനം ചെയ്യുന്നവരാണോ? തിരുസഭയുടെ ആന്തരികമഹത്വത്തിനും, അലൌകികവിശുദ്ധിക്കും സാക്ഷ്യം നിൽക്കുന്നവരാണോ നാം? ഇതു് നമ്മുടെ ആദ്ധ്യാത്മിക ജീവിതത്തെ മാത്രം ബാധിക്കുന്ന ഒരു പ്രശ്നമല്ല. നമ്മുടെ ക്രിസ്തീയ അസ്തിത്വത്തിൻെറതന്നെ അർത്ഥത്തെ ബാധിക്കുന്ന ഒരു പ്രശ്നമാണിതു്. നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ തിരുസഭയുടെ ആദർശങ്ങളെ മുൻനിറുത്തി

യാണോ നാം ചിന്തിക്കുന്നതും, പ്രവർത്തിക്കുന്നതും? വളരെയധികം ആളുകളെ സംബന്ധിച്ചിടത്തോളം തിരുസഭ അവരുടെ ജീവിതത്തിൽ അധികം സ്വാധീനം ചെലുത്താതെ പുറത്തുനിൽക്കുന്ന ഒരു വസ്തുതയാണ്. അവരുടെ സ്വാതന്ത്ര്യത്തിൻെറ മേൽ എല്ലായിടത്തും സമ്മർദ്ദം ചെലുത്തുന്ന ഒരു അധികാരിയെയാണ് തിരുസഭയിൽ അവർ ദർശിക്കുന്നത്. പലതരത്തിലുള്ള പ്രമാണങ്ങളും നിരോധനങ്ങളും ഏർപ്പിച്ച് അവരുടെ സ്വതന്ത്രമായ ജീവിതത്തിനു് കടിഞ്ഞാണിടുന്ന ഒരു ആധിപത്യമാണ് സഭയിൽ അവർ കാണുന്നത്. ഇക്കാരണത്താൽ തിരുസഭ അവരെ സംബന്ധിച്ചിടത്തോളം ജീവിതത്തിനുള്ള ഒരു സഹായമല്ല. ഇങ്ങനെയുള്ള ഒരു കാഴ്ചപാട് ഉണ്ടാകുവാനുള്ള കാരണമെന്താണെന്നു നാം ചിലപ്പോഴൊക്കെ ആലോചിച്ചുനോക്കേണ്ടതാണ്.

തിരുസഭയുടെ ഐക്യവും സാർവത്രികതയും വിശുദ്ധിയും വേണ്ടവിധത്തിൽ നാം പ്രദർശിപ്പിക്കുന്നില്ലാ, എന്നുള്ളതു് ഒരു വാസ്തവമാണ്. "കേരളീയക്കു് 'വ്യക്തിത്വം' (individuality) വളരെ കൂടുതലാണ്" എന്നു് കേരളത്തിനുപുറത്തുള്ള ഒരു സ്നേഹിതൻ ലേഖകനോട്ട് പറയുകയുണ്ടായി. ഈ 'വ്യക്തിത്വം' രാഷ്ട്രീയ മണ്ഡലങ്ങളിലും, സാമൂഹ്യരംഗത്തും മാത്രമല്ല; മതപരമായ അന്തരീക്ഷത്തിലും കുറെയൊക്കെയില്ലേയെന്ന് നാം ചിന്തിച്ചുനോക്കേണ്ടതാണ്. എല്ലായിടത്തും ഗ്രൂപ്പ് തിരിവിനും പാർട്ടികൾക്കും സന്നദ്ധരാകുവാൻ കേരളീയരെപ്പോലെ ആരെങ്കിലുമുണ്ടോ എന്നു് സംശയമുണ്ട്. നാം ഓർത്തിരിക്കണം; മനുഷ്യനെ മനുഷ്യനിൽനിന്നു്, വ്യക്തിയെ വ്യക്തിയിൽനിന്നു് വേർതിരിക്കുന്ന ഘടകങ്ങൾ വളരെയുണ്ട്. എന്നാൽ അവയെല്ലാം മൂർത്തവസ്തു (matter) വിൻെറ അടിസ്ഥാനത്തിലുള്ളവയാണ്. മൂർത്തവസ്തുവിൻെറ അടിസ്ഥാനത്തിൽ ചിന്തിച്ചുനോക്കിയാൽ ഒരു വ്യക്തിയിൽ തന്നെ വൈരുദ്ധ്യങ്ങൾക്കും ഗ്രൂപ്പുതിരിവിനും കാരണങ്ങളുണ്ട്. എന്നാൽ ആ വിരുദ്ധശക്തികളെ നിയന്ത്രിച്ച് ഐക്യത്തിലൂടെ നയിക്കുന്ന ഒരു ശക്തിവിശേഷം ഉണ്ട് നമ്മിൽതന്നെ. അതാണ് ജീവൻ. കത്തോലിക്കരായ നമ്മെ ഐക്യത്തിലൂടെ നയിക്കുന്ന ഒരു ശക്തിയുണ്ട്; അതാണ് തിരുസഭയുടെ ശിരസായ മിശിഹായുടെ ജീവൻ. തിരുസഭാഗാത്രത്തിൻെറ അംഗങ്ങളായ നമ്മെ ജീവിപ്പിക്കുന്നതും, പ്രവർത്തനോന്മുഖരാക്കുന്നതുമായ ആ ജീവൻ നമ്മെ നയിച്ചുകൊണ്ടിരുന്നാൽ നാമെല്ലാവരും ഐക്യമുള്ളവരായിരിക്കും. മററു യാതൊരു ശക്തിക്കും നമ്മെ ഒന്നിക്കുവാൻ സാധിക്കുകയില്ല. ബാഹ്യമായ മർദ്ദനങ്ങൾ ഉണ്ടാകുമ്പോൾ ഒന്നിച്ചുചേരുവാൻ നമുക്ക് സാധിക്കും. പക്ഷേ അതു ക്ഷണികമായിരിക്കും. നമ്മുടെ വിശാലഹൃദയത്തിനും വിശുദ്ധിക്കും ജീവൻനൽകേണ്ടതു് മിശിഹായാണ്. ഈ ഉന്നതാശയങ്ങളെ മുൻനിറുത്തി നമ്മുടെ ക്രിസ്തീയജീവിതം നയിച്ചില്ലെങ്കിൽ അതു തിരുസഭയോടുചെയ്യുന്ന ഏററം വലിയ ദ്രോഹമായിരിക്കും. ദൈവം തിരുസഭയെ ഏല്പിച്ചിരിക്കുന്നതു് ബലഹീനങ്ങളായ മനുഷ്യകരങ്ങളിലാണ്. അവിടത്തെ അരൂപി അദൃശ്യമായി അതിനെ നയിക്കുന്നുണ്ടെങ്കിലും, പലപ്പോഴും ബാഹ്യമായ മാനുഷികഘടകങ്ങളേ ദൃശ്യമാകുയുള്ളു. ഈ ദൃശ്യമണ്ഡലത്തിൽ തിരുസഭയെ വെറും ഭൗതിക സംഘടനയെന്നവിധം പ്രദർശിപ്പിക്കുവാനേ നമുക്കു സാധിക്കുന്നുള്ളു എങ്കിൽ നമ്മുടെ ജീവിതദൌത്യം പരാജയപ്പെട്ടുകഴിഞ്ഞു. നമ്മുടെ ഓരോരുത്തൻെറയും ജീവിതദൌത്യം തിരുസഭയുടെ തന്നെയാണ്: തിരുസഭയുടെ ദൌത്യമാകട്ടെ മശഹാ വഴിയായി ദൈവം ആവിഷ്ക്കരിച്ച ആ അനന്ത പരിപാലനയുടെ സ്നേഹദൌത്യമാണ്.

---

"അഗാധമായ രഹസ്യവും ധ്യാനിച്ചാലും ധ്യാനിച്ചാലും തീരാത്ത വിഷയവുമാകുന്നു ഇതു്: നിരവധിയാളുകളുടെ രക്ഷ ആശ്രയിച്ചിരിക്കുന്നതു് മിശിഹായുടെ മൗതികശരീരത്തിൻെറ അംഗങ്ങൾ തങ്ങളുടെ പ്രാർത്ഥനകളും സ്വമനസ്സാ ചെയ്യുന്ന പ്രായശ്ചിത്തപ്രവൃത്തികളും ഈ ലക്ഷ്യത്തിനുവേണ്ടി അർപ്പിക്കുന്നതിലും ആത്മാക്കളുടെ ഇടയന്മാരായ വൈദികരും ഇതരവിശ്വാസികളും—വിശിഷ്യാ, കുടുംബത്തലവരായ മാതാക്കളും പിതാക്കളും—നൽകുന്ന സഹായത്തിലുമാകുന്നു." 12–ാം പീയൂസ് മാർപ്പാപ്പാ Ency. Mystici Corporis n 55).

"കെട്ടിനിൽക്കുന്ന വെള്ളം ചീത്തയാകുന്നു; ഒഴുകുന്ന വെള്ളം ശുദ്ധമാണ്. പ്രലോഭനങ്ങൾ അലസതയുടെ ആപത്തിനെ അകററിക്കൊണ്ട്, നിൻെറ ആത്മശക്തികളെ പ്രവൃത്ത്യുന്മുഖമാക്കുന്നു"

# *വിശുദ്ധിയും സ്വന്തകടമകളുടെ നിർവ്വഹണവും

## (ധ്യാനം)

### ദൈവസാന്നിദ്ധ്യ സ്മരണ

അവിടത്തെ തിരുമനസ്സ് അറിയുന്നതിനും അതു് നിർവഹിക്കുന്നതിനും ദൈവമേ എന്നെ സഹായിക്കണമെ എന്നുള്ള തീക്ഷ്ണമായ പ്രാർത്ഥനയോടുകൂടെ ഞാൻ അങ്ങേയുടെ സന്നിധിയിൽ നിൽക്കുന്നു.

### ധ്യാനം

1. ഈശോ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു: "നിങ്ങൾ എന്നെ സ്നേഹിക്കുന്നെങ്കിൽ എന്റെ കല്പനകൾ അനുസരിക്കുക. ഞാൻ എന്റെ പിതാവിന്റെ കല്പനകൾ അനുസരിക്കുകയും തന്റെ സ്നേഹത്തിൽ വസിക്കുകയും ചെയ്യുന്നതുപോലെ, നിങ്ങളും എന്റെ കല്പനകൾ അനുസരിക്കുന്നെങ്കിൽ എന്റെസ്നേഹത്തിൽ വസിക്കും." (John 14, 15; 15, 10)

സ്നേഹത്തിന്റെ പൂർണ്ണത ദൈവ തിരുമനസ്സിനോടുള്ള സമ്പൂർണ്ണ യോജിപ്പിൽ സ്ഥിതിചെയ്യുന്നു. എതാദൃശമായ ദൈവഹിതം ദൈവപ്രമാണങ്ങളും തിരുസ്സഭയുടെ കല്പനകളും വഴിയായിട്ടാണു് പ്രകടമാകുന്നതു്. കൂടുതൽ വ്യക്തമായ വിധത്തിൽ എന്റെ ജീവിതസ്ഥിതിയുടെ കർത്തവ്യങ്ങളിലും, ജീവിതത്തിന്റെ വിവിധ സാഹചര്യങ്ങളിലും അതു് പ്രത്യക്ഷപ്പെടുന്നു. എന്റെ ദൈനംദിന ജീവിതത്തിൽ ദൈവഹിതത്തോടു് നിരന്തരം യോജിച്ചുപോകുന്നതിനു് എങ്ങനെ വർത്തിക്കണമെന്നു് ജീവിതസ്ഥിതിയുടെ കടമകൾ പ്രത്യേകമായി എനിക്കു് നിർദ്ദേശിച്ചുതരുന്നു. ഞാൻ സന്ന്യാസജീവിതം സ്വീകരിച്ച ആളാണെങ്കിൽ, എന്റെ സഭയുടെ നിയമങ്ങളും ശാസനകളും, മേലധികാരികളുടെ കല്പനകളും, അനുസരണം എനിക്കു് നിർദ്ദേശിക്കുന്ന ജോലികളും, ദൈവേഷ്ടം എന്താണെന്നു് എനിക്കു് കാണിച്ചുതരുന്നു. ഞാൻ ഒരു വൈദികനാണെങ്കിൽ ആത്മാക്കളുടെ രക്ഷ നേടുന്നതിനു് ഞാൻ ചെയ്യേണ്ടിവരുന്ന ജോലികളാണു് എന്നെ സംബന്ധിച്ചിടത്തോളം ദൈവഹിതം. എന്നാൽ ഗൃഹസ്ഥാശ്രമ ജീവിതമാണു് ഞാൻ അവലംബിച്ചിട്ടുള്ളതെങ്കിൽ, കുടുംബജീവിതത്തിന്റെ കർത്തവ്യങ്ങൾ, എന്റെ തൊഴിലിനോടനുബന്ധിച്ചുള്ള കടമകൾ, സമൂഹ്യജീവിതത്തിന്റെ ചുററുപാടുകൾ, ഒരു നല്ല പൌരൻ എന്ന നിലയ്ക്കുള്ള എന്റെ കടപ്പാടുകൾ, ഇവയെല്ലാമാണു് എന്നെ സ്പർശിക്കുന്ന ദൈവനിശ്ചയം.

ഇവയ്ക്കു പുറമേ ജീവിതത്തിന്റെ വിവിധ സാഹചര്യങ്ങൾ മുഖേന ദൈവഹിതം എനിക്കു് വിശദമാകുന്നു. അവ വലിയവയാകട്ടെ നിസ്സാരങ്ങളാകട്ടെ, അവയുടെ ഏററവും ചെറിയ ഭാഗങ്ങൾപോലും എനിക്കു് ദൈവഹിതത്തിന്റെ പ്രകടനങ്ങളാണു്. ആരോഗ്യമോ, അനാരോഗ്യമോ, ഐശ്വര്യമോ, ദാരിദ്ര്യമോ, ആദ്ധ്യാത്മിക ശുഷ്കതയോ ആശ്വാസമോ, വിജയമോ, വൈപരീത്യമോ, അവമാനമോ, ത്യാഗമോ, സമരമോ എന്തുതന്നെ വന്നാലും ദൈവഹിതമായി അവയെ ഞാൻ സ്വീകരിക്കണം. ഓരോ അവസരങ്ങളിൽ, ചുററുപാടുകളനുസരിച്ചു് ദൈവം എനിക്കു സഹോദരസ്നേഹം, ക്ഷമ, (കൃത്യനിർവഹണം), പരിത്യാഗം, അനുസരണം, ഔദാര്യം, ബലിസമർപ്പണം മുതലായവയുടെ കടമകൾ കാണിച്ചുതന്നു എന്നു് വരാം. സകലതും ദൈവം അനുവദിക്കുന്നതാണു്. എന്റെ വിശുദ്ധീകരണത്തിനുവേണ്ടി അവിടുന്നു് സകലതും നിയന്ത്രിക്കുന്നു. "ദൈവത്തെ സ്നേഹിക്കുന്നവനു സകലതും നന്മയ്ക്കായി സഹകരിക്കുന്നു." (Rom. 8, 28) തൻമൂലം സകലതും ദൈവാനുഗ്രഹമാണു്.

2. നമ്മുടെ ജീവിതസ്ഥിതിയുടെ കടമകൾ നിരന്തരമായും കൃത്യമായും അനുഷ്ഠിക്കുന്നതിൽ പ്രകടമായിരിക്കുന്ന ദൈവ തിരുമനസ്സിനോടുള്ള യോജിപ്പിൽ മാത്രമാണു് യഥാർത്ഥത്തിൽ വിശുദ്ധി അടങ്ങിയിരിക്കുന്നതു്. (ബനഡിക്ടു് പതിനഞ്ചാമൻ). ഈ വാക്കുകളിൽനിന്നും വിശുദ്ധി പ്രാപിക്കുന്നതിനു് അസാധാരണ കാര്യങ്ങൾ സാധിക്കേണ്ടതില്ലെന്നും, പ്രധാനമായി കടമകളുടെ നിർവ്വഹണത്തിലാണു് അതു് സ്ഥിതിചെയ്യുന്നതെന്നും സിദ്ധിക്കുന്നു. തൻമൂലം അതു് എന്റെ കഴിവിന്റെ പരിധിയിൽ പെട്ടതാണു്.

---

* ഇതിനകം പല ഭാഷകളിൽ പ്രസിദ്ധീകരിക്കപ്പെട്ടും മലയാളത്തിലേയ്ക്കു് വിവർത്തനം ചെയ്തുകൊണ്ടിരിക്കുന്നതുമായ ഫാ: ഗബ്രിയേൽ ഒ. സി. ഡി യുടെ ഭുവന പ്രസിദ്ധമായ Intimita Divina എന്ന ധ്യാനപ്പുസ്തകത്തിൽനിന്നു്.

എന്നാൽ എൻെറ കർത്തവ്യനിർവ്വഹണം കണിശവും നിരന്തരവുമായിരിക്കണം. കണിശമായിരിക്കണം, അതായതു് യാതൊരു ഉദാസീനതയും പാടില്ല. സകലത്തിലും ദൈവത്തെ പ്രീതിപ്പെടുത്തുവാൻ ഉൽസാഹിക്കുകയും അവിടുത്തെ വിശുദ്ധവും വിശുദ്ധീകരിക്കുന്നതുമായ ഹിതത്തോടു് അനുയോജ്യമായി വർത്തിക്കുകയും വേണം. തൻമൂലം എൻെറ സകല കടമകളിലും ദൈവഹിതം ദർശിക്കുന്നതിനു് ഞാൻ തഴങ്ങണം. അപ്പോൾ സകലതും ദൈവസ്നേഹത്തിൽ ലയിക്കുന്നതിനും ദൈവത്തോടു് യോജിക്കുന്നതിനും എനിക്കു് സഹായകമാകും. നിരന്തരമായിരിക്കണം, അതായതു് എനിക്കു് തീക്ഷ്ണത തോന്നുമ്പോൾ മാത്രമല്ല, സങ്കടമോ ക്ഷീണമോ ആദ്ധ്യാത്മിക ശുഷ്കതയോ അനുഭവപ്പെടുമ്പോഴും എൻെറ കടകമൾ ഞാൻ വിശ്വസ്തതയോടെ നിർവ്വഹിക്കണം. നിരന്തരമായി എൻെറ കർത്തവ്യം നിർവ്വഹിക്കുന്നതിനു് എനിക്കു് വളരെ ഔദാര്യം ആവശ്യമാണു്. നമ്മുടെ ദിനംപ്രതിയുള്ള ജീവിതചര്യയെ നിറയ്ക്കുന്ന സാധാരണ കൃത്യങ്ങളുടെ സങ്കരതയെ അനിതരസാധാരണമായ സൂക്ഷ്മതയോടെ, കുറച്ചുകൂടെ വ്യക്തമായിപറഞ്ഞാൽ, പലപ്പോഴും ഉണ്ടാകാവുന്ന ഉദാസീനതയും അനവധാനതയും പ്രയത്നവിമുഖതയും മാററിയിട്ടു്, ശ്രദ്ധയോടും ഭക്തിയോടും അശ്രാന്തിക്കുടുത്ത ഊർജ്ജസ്വലതയോടും കൂടെ നിർവ്വഹിക്കുന്നതിനു് എത്രയോ ലോകോത്തരമായ പുണ്യപൂർണ്ണതയാണു് ആവശ്യമായിരിക്കുന്നതു്.

ഈ അനുസ്യൂതവും ഔദാര്യപൂർവ്വവുമായ വിശ്വസ്തത എനിക്കു് എപ്പോഴും എളുപ്പമായിരിക്കുകയില്ല. എന്നാൽ എൻെറ വീഴ്ചകൾമൂലം നിരുന്മേഷകനാകാതെ, എൻെറ എളിയ പ്രയത്നത്തെ അവസാനം ദിവ്യനാഥൻ ഫലപ്രദമാക്കുമെന്നുള്ള വിശ്വാസത്തോടെ ഓരോദിവസവും ഞാൻ നവമായി ആരംഭിക്കും.

### സംഭാഷണം

നാഥാ, എൻെറ കഷ്ടതകൾ എത്രതന്നെ അധികമാണെങ്കിലും അവയെ വകവയ്ക്കാതെ, വിശുദ്ധിയിലേക്കു് പുരോഗമിക്കുന്നതിനു് തീവ്രമായ ഒരാഗ്രഹം എന്നിൽ ശക്തിപ്പെട്ടു് വരുന്നതായി ഞാൻ കാണുന്നു. എനിക്കു് ഒരു വിശുദ്ധനാകണം. എന്നാൽ അതു് എൻെറ വ്യക്തിപരമായ സംതൃപ്തിക്കോ, മററുള്ളവരുടെ മതിപ്പും ബഹുമാനവും ലഭിക്കുന്നതിനോ വേണ്ടിയല്ല, പ്രത്യുത, "ഞാൻ വിശുദ്ധനാകുന്നതുകൊണ്ടു് നിങ്ങളും വിശുദ്ധരാകുവിൻ" (Lev. 19, 2) എന്നു് അരുളിച്ചെയ്ത അങ്ങേയ്ക്കു് വേണ്ടിമാത്രമാണു്. അതുകൊണ്ടു് ഞാൻ വിശുദ്ധനാകാൻ ആഗ്രഹിക്കുന്നതു് അങ്ങയുടെ തിരുമനസ്സിനോടു് യോജിക്കുന്നതിനു് വേണ്ടിമാത്രമാണു്; അങ്ങയുടെ ആഗ്രഹം സാധിക്കുന്നതിനും, അങ്ങയെ പ്രസാദിപ്പിക്കുന്നതിനും, അങ്ങയെ മഹത്വപ്പെടുത്തുന്നതിനും അങ്ങയുടെ അനന്തസ്നേഹത്തോടു് സഹകരിക്കുന്നതിനും എന്നിൽനിന്നു് അങ്ങു് പ്രതീക്ഷിക്കുന്നതും എനിക്കു് അങ്ങയുടെ സഹായത്താൽ കഴിവുണ്ടാകുന്നതുമായ സ്നേഹം മുഴുവനും അങ്ങേയ്ക്കു് നല്കുന്നതിനും വേണ്ടിമാത്രം. വിശുദ്ധി ബാഹ്യമായ വലിയകാര്യങ്ങൾ ആവശ്യപ്പെടുന്നില്ലെന്നും, അങ്ങയുടെ വിശുദ്ധമായ ഹിതം പൂർണ്ണമായി നിർവ്വഹിക്കുന്നതിനു് ആവശ്യമായ സുശക്തവും ഉദാരവുമായ സ്നേഹം മാത്രമാണു് അതിനു വേണ്ടിയിരിക്കുന്നതെന്നും കൂടുതൽ കൂടുതൽ ഗ്രഹിക്കുന്നതിനുള്ള കഴിവു് അങ്ങു് എനിക്കു് നല്കണമെ.

എൻെറ ദൈവമേ, എൻെറ നാഥനും സ്രഷ്ടാവുമായ അങ്ങു് അങ്ങയുടെ തിരുമുമ്പിൽ കേവലം ഒരു കൃമിമാത്രമായ എനിക്കു് അങ്ങയുടെ തിരുമനസ്സു് വെളിപ്പെടുത്തിത്തരുന്നതിനു് കനിയുന്നു എന്നു് വിചാരിക്കുമ്പോൾ, ഞാൻ സംഭ്രമചിത്തനായിപ്പോകുന്നു. ഇത്ര മഹാനും സർവ്വശക്തനുമായ ഒരു രാജാവു് തൻെറ അടിമകളിൽ ഏററവും എളിയവനോടു് സ്വന്തം വൽസല സുതനോടെന്നപോലെ സ്നേഹപൂർവ്വം സംസാരിക്കുന്നു. അങ്ങയുടെ കല്പനകളും, എൻെറ ജീവിതസ്ഥിതിയുടെ കടമകളും, മററു സകല സാഹചര്യങ്ങളും മുഖേന അങ്ങു് എന്നോടു് സംസാരിക്കുകയും അങ്ങയുടെ തിരുമനസ്സു് പ്രത്യക്ഷമാക്കുകയും ചെയ്യുന്നു. എന്നെ വലയം ചെയ്യുന്ന സമസ്തവും, സകല സംഭവങ്ങളും സകല വേദനകളും സകല സന്തോഷങ്ങളും. എല്ലാം അങ്ങയുടെ തിരുമനസ്സിൻെറ പ്രകടനമാണു്. അവ ഓരോ നിമിഷവും ഞാൻ എന്തു ചെയ്യണമെന്നു് അങ്ങു് ആഗ്രഹിക്കുന്നു എന്നു് കാണിച്ചുതരുന്നു.

ഓരോ ചുററുപാടിലും അങ്ങയുടെ ദിവ്യഹിതത്തിൻെറ ദൌത്യവാഹകനെ ദർശിക്കത്തക്ക വിശ്വാസ

# സ്വർഗ്ഗാരോപണം

## പുരാതനങ്ങളായ ചില പാരമ്പര്യങ്ങൾ

(Rt. Rev. Mgr. പി. കാക്കശ്ശേരി)

വേദപുസ്തകം, സഭാപാരമ്പര്യം—ഇവ രണ്ടുമാണല്ലോ ക്രൈസ്തവവെളിപാടിന്റെ „ഈശ്വരവെയ്പുകൾ." 1950 നവംബർ 1-ാംതീയതി 12-ാം പീയൂസ് മാർപ്പാപ്പാ എത്രയും ഭാഗ്യവതിയായ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസ സത്യമായി അവസാന നിർണ്ണയം ചെയ്തു. ചരിത്രം സൃഷ്ടിച്ച ആ അദ്ധ്യവസാന പ്രഖ്യാപനത്തിന്റെ പിന്നിൽ അണിനിരത്താവുന്ന വി. ലിഖിതങ്ങളെ ആധാരമാക്കിയുള്ള സാക്ഷ്യങ്ങൾ അത്യധികം സൂചനാസമർത്ഥങ്ങളാണെങ്കിലും കേവലം പരോക്ഷങ്ങൾ മാത്രമാണ്; പാരമ്പര്യത്തെ ആശ്രയിച്ചു നിലകൊള്ളുന്ന തെളിവുകളാണ് പ്രത്യക്ഷങ്ങളും അനിഷേധ്യങ്ങളും. ഇക്കാരണത്താലാണല്ലോ പ്രോട്ടസ്റ്റാൻറ് വിഭാഗങ്ങളിലെ പ്രമാണികൾ അത്തരുണത്തിൽ അതിനെതിരായി കലമ്പിയിരമ്പിയതും കയർത്തട്ടഹസിച്ചതും! വിശുദ്ധഗ്രന്ഥം ഒന്നുമാത്രമാണ് ആവിഷ്കൃതസിദ്ധാന്തങ്ങളുടെ മൂലാധാരം—ഇതാണ് പാഷണ്ഡസഭകളുടെ അടിസ്ഥാനപരമായ വിശ്വാസപ്രമാണം. ക്രിസ്തുമാതാവു ഉടലോടുകൂടി സ്വർഗ്ഗപ്രവേശനം ചെയ്തുവെന്നു ഈശ്വരനിവേശിതമായ ഗ്രന്ഥപരമ്പരയിൽ എവിടെയെങ്കിലും ലേഖനം ചെയ്യപ്പെട്ടിട്ടുണ്ടോ? ആകയാൽ അവരുടെ അഭിപ്രായത്തിൽ പ്രസ്തുത സഭാനടപടി

---

ത്തിന്റെ ചൈതന്യം ലഭിക്കുന്നതിനു് ഞാൻ എത്രമാത്രം ആഗ്രഹിക്കുന്നു.

വിഷമതരമായ ഘട്ടങ്ങളിലും, വേദനാജനകമായ സാഹചര്യങ്ങളിലും യഥാർത്ഥത്തിൽ അങ്ങുതന്നെയാണു് എന്നെ സമീപിച്ചു് പരസ്നേഹത്തിന്റേയോ, ക്ഷമയുടേയോ, സൌമ്യതയുടെയോ, വിനയത്തിന്റേയോ, പരിത്യാഗത്തിന്റേയോ ഒരു കൃത്യം എന്നിൽനിന്നു് ആവശ്യപ്പെടുന്നതു്. എന്റെ ദൈവമേ, ഇങ്ങനെ വീക്ഷിക്കുമ്പോൾ എന്റെ ജീവിതത്തിനു് എത്രയോ വലിയ മാററമാണു് വരുന്നതു്. സൃഷ്ടവസ്തുക്കൾ, ചുററുപാടുകൾ, കാരണങ്ങൾ, മാനുഷിക പ്രേരണകൾ ഇവയെല്ലാം അപ്രത്യക്ഷമാകുന്നു. അങ്ങുന്നും സദാനേരവും എന്നെ വലയം ചെയ്തുകൊണ്ടു് കൂടുതൽ ഔദാര്യത്തിലേയ്ക്കു് ക്ഷണിക്കുന്ന അങ്ങയുടെ തിരുമനസ്സും മാത്രമേ എന്റെ ദൃഷ്ടിയിൽ പെടുന്നുള്ളു. ഈ വിധത്തിൽ വീക്ഷിക്കുമ്പോൾ, സ്വഭാവത്തിനു് ഏററവും വിഷമകരവും വേദനാജനകവുമായ കടമകളും ദൈനംദിന ജീവിതത്തിന്റെ കാഠിന്യമേറിയ സാധാരണത്വവും, സകലതും, പ്രിയംകരവും മധുരതരവും ആയിത്തീരുന്നു. സകലതും സുഗമവും മനോജ്ഞവും ആയി രൂപാന്തരപ്പെടുന്നു. ഓരോ നിമിഷത്തിലും ഓരോ സാഹചര്യത്തിലും അങ്ങയുടെ ഏററവും മാധുര്യം നിറഞ്ഞതും സ്നേഹയോഗ്യവുമായ തിരുമനസ്സിന്റെ നേരെ സമ്മതം പ്രദർശിപ്പിക്കുന്നതൊഴിച്ചു് ഞാൻ യാതൊന്നും ചെയ്യേണ്ടതില്ല.

നാഥാ, അങ്ങയുടെ തിരുമനസ്സിനോടുള്ള അനുസ്യൂതമായ ഐക്യത്തിന്റെ ഈ പാതയിൽ വിനയപൂർവ്വമായ സ്ഥിരതയോടുകൂടെ നില നില്ക്കുന്നതിനു് ആവശ്യമായ വിശ്വസ്തത എനിക്കു് നല്കണമെ. അങ്ങയുടെ സഹായത്തോടുകൂടെ ഈ പരിശീലനം എന്റെ ആന്തരികജീവിതത്തിന്റെ കേന്ദ്രമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്റെ ദൈവമേ, ഞാൻ ഇനിയും തെററുകളിൽ നിപതിക്കുമോ? എന്തുകൊണ്ടെന്നാൽ ഞാൻ ബലഹീനത തന്നെയാണു്. എന്നാൽ എനിക്കു് വീഴ്ച എത്ര എളുപ്പമായിരിക്കുമോ, അതിനേക്കാൾ ഉൽസാഹപൂർവ്വം അങ്ങു് എന്നെ എഴുന്നേല്പിക്കും. എന്റെ കഷ്ടസ്ഥിതിയെപ്പററി അഗാധമായി എളിമപ്പെട്ടുകൊണ്ടും എന്റെ ആത്മാവിനെ വിശുദ്ധീകരിക്കുന്നതിനുള്ള അങ്ങയുടെ തിരുമനസ്സിൽ പൂർണ്ണവിശ്വാസം അർപ്പിച്ചുകൊണ്ടും എഴുന്നേററു് ഓരോ ദിവസവും നവമായി ആരംഭിക്കുന്നതിലായിരിക്കും എന്റെ സ്ഥിരതയും നിശ്ചയദാർഢ്യവും അടങ്ങിയിരിക്കുന്നതു്.

അങ്ങേ അററം അവിവേകവും അന്യായവുമായിപ്പോയി! സത്യസഭയ്ക്കും ഇതര ക്രൈസ്തവസഭകൾക്കും ഇടയ്ക്കു നിലനിന്നുപോരുന്ന വിടവിന്റെ വീതിയും ആഴവും കൂട്ടുവാനേ ആയതു ഉപകരിക്കൂ എന്നുപോലും അക്കൂട്ടർ ശകാരവർഷം ചെയ്തു.

കാൽവരിയിലെ ദുരന്തനാടകം കഴിഞ്ഞതിനു ശേഷം ഒരിടത്തുമാത്രമേ വി. ഗ്രന്ഥം പ. കന്യകയെ പരാമർശിച്ചൊരു പ്രസ്താവന ചെയ്തിട്ടുള്ളതായി കാണുകയുള്ളു. "ഇവരെല്ലാവരും സ്ത്രീകളോടും ഈശോയുടെ അമ്മയായ മേരിയോടും അവിടുത്തെ സഹോദരരോടും ഒന്നിച്ചു ഏക മാനസത്തോടെ പ്രാർത്ഥനാനിരതരായി വർത്തിച്ചു വരികയായിരുന്നു." (അപ്പ. ന 1. 14). വേദപുസ്തകത്തെ സംബന്ധിച്ചിടത്തോളം ദൈവ ജനനിയുടെ ജീവിതകഥാകഥനം ഇവിടംകൊണ്ടവസാനിച്ചു. പിന്നീടങ്ങോട്ടുള്ള സംഭവപരമ്പരകളുടെ വിശ്വസ്തസാക്ഷ്യങ്ങൾ പാലസ്തീനാനാട്ടിൽ പലേടങ്ങളിലും പ്രാചീനകാലം മുതല്ക്കേ പ്രചരിച്ചിരുന്ന പാരമ്പര്യങ്ങൾ മാത്രമാണ്. പാരമ്പര്യങ്ങളെ കണ്ണുംപൂട്ടി നിഷേധിക്കുകയും നിരാകരിക്കയും ചെയ്യുന്ന ചില പണ്ഡിതന്മാരുണ്ട്! പക്ഷെ, അത്തരം "ചരിത്രപടുക്കൾ" ഒന്നോർമ്മവെയ്ക്കുന്നതു അവർക്കും മററുള്ളവർക്കും ഉപകാരപ്രദമായിരിക്കും. പാരമ്പര്യങ്ങളിൽ നിന്നു ഐതിഹ്യങ്ങൾ മുളയെടുത്തുയരുകയും പരക്കുകയും ചെയ്യേക്കാം. ശരിതന്നെ; പക്ഷെ ആ ന്യായത്താൽ മാത്രം പാരമ്പര്യങ്ങളത്രയും വെറും ഐതിഹ്യങ്ങളും പഴമ്പുരാണങ്ങളുമാണെന്നു ശഠിച്ച് പുറന്തള്ളുന്നതു യുക്തിരഹിതമായിരിക്കും. വസ്തുനിഷ്ഠമായ പാരമ്പര്യങ്ങളേയും, കാലാന്തരത്തിൽ അവയിൽനിന്നു പൊട്ടിമുളകളായുണ്ടായ ഐതിഹ്യപരമ്പരകളേയും നിഷ്പക്ഷബുദ്ധ്യാ വേർതിരിച്ചെടുക്കുവാനാണു ചരിത്ര ഗവേഷകർ ഉൽസുകരായിരിക്കേണ്ടതു്.

ആദ്യകാലം മുതല്ക്കേ ഈദൃശമൊരു പാരമ്പര്യം ജറുസ്സലേമിൽ നിലനിന്നുപോരുന്നുണ്ട്. ക്രിസ്തുനാഥന്റെ സ്വർഗ്ഗാരോഹണത്തിനുമശേഷം പ. കന്യക തന്റെ ദിവ്യകുമാരനുമായി ബന്ധപ്പെട്ട വിശുദ്ധരംഗങ്ങളിലേക്കു തീർത്ഥയാത്രയായി പോവുക പതിവായിരുന്നു. യേശുവിനെ അടക്കം ചെയ്ത കല്ലറയിൽ നിന്നാരംഭിച്ച് ഊട്ടുശാലയിൽ ചെന്നവസാനിക്കും ആ തീർത്ഥാടനം. 1335–ൽ ഫ്രാൻസിസ്കൻ സന്യാസികൾ ജറുസ്സേം നഗരത്തിൽ ഒരാശ്രമം സ്ഥാപിച്ചു. മേല്പറഞ്ഞ പാരമ്പര്യമനുസരിച്ചാണു അവരും ദിവ്യ രക്ഷകന്റെ പീഡാസഹന സ്മരണയാൽ പരിപൂതമായ സങ്കേതങ്ങളിലേയ്ക്കു തീർത്ഥാടനം നടത്തുന്ന സമ്പ്രദായം സമാരംഭിച്ചതു്. "കുരിശിന്റെ വഴി" എന്ന പേരിൽ പിൽക്കാലത്തു കത്തോലിക്കാ വിശ്വാസികൾക്കു പ്രിയംകരമായി ഭവിച്ച രക്ഷാകരഭക്തമുറയുടെ ഉൽഭവം ഇങ്ങനെയാണു്. കുഴിമാടത്തിൽ നിന്നു തുടങ്ങി പിറകോട്ടു ഓരോ സ്ഥാനവും സന്ദർശിച്ച് പ്രാർത്ഥിക്കുകയായിരുന്നു ആദ്യകാലത്തെ പതിവ്. സംഭവമുറയനുസരിച്ചുള്ള "വിയാസാക്ര"യുടെ ഇന്നത്തെ സംവിധാനസമ്പ്രദായം, പോർട്ടു മോറീസിലെ വി. ലെയോനാർദിന്റെ പ്രബലമായ പ്രേരണയും അക്ഷീണമായ പരിശ്രമവും മൂലമാണു പ്രയോഗത്തിൽ വന്നതു്.

ഒരുനാൾ മേരി തീർത്ഥയാത്രകഴിഞ്ഞു സൈത്തു മലയിൽ നിന്നിറങ്ങി വരികയായിരുന്നു; ഇടയ്ക്കൊരിടത്തുണ്ടു അതിദൂതനായ ഗബ്രിയേൽ മാലാക് സുസ്മേരവദനനായി കാത്തുനില്ക്കുന്നു; കരങ്ങളിലൊരു ഈന്തൽ കുരുത്തോലയും പിടിച്ചിട്ടുണ്ട്. അടുത്തെത്തിയപ്പോൾ മാലാക് അത്യാദരപൂർവ്വം ആ കുരുത്തോല പ. കന്യകയ്ക്കു സമർപ്പിച്ചു. വിജയപ്രതാപത്തോടെയുള്ള അങ്ങെ സ്വർഗ്ഗാരോപണത്തിന്റെ വ്യക്തവും മനോജ്ഞവുമായൊരു മുൻ സൂചനയായിരുന്നു അതു്. കുരുത്തോല വിജയചിഹ്നമായി പരിഗണിക്കുന്ന പതിവു ചരിത്രാരംഭകാലംമുതല്ക്കുള്ളതാണല്ലോ. ഇന്നും ആ സ്ഥലം "എത്തമീർ"—ഈന്തപ്പന—എന്ന പേരിലാണു അറിയപ്പെടുന്നതു്. 1882–ാംമാണ്ടു വരെയും ആ ദിക്കിൽ ഒരു ദൈവാലയത്തിന്റെ നഷ്ടശിഷ്ടങ്ങൾ ദൃശ്യമായിരുന്നു.

ഒടുവിലത്തെ അത്താഴം നടത്തപ്പെട്ടതു സെഹിയോൻ ഊട്ടുശാലയിലാണല്ലോ. അതിന്റെ പിന്നിൽ ഒരു കൊച്ചു വീടുണ്ടായിരുന്നു. അതിലാണു പ. കന്യക വി. യോഹന്നാന്റെ സംരക്ഷണയിൽ കഴിഞ്ഞുകൂടിയിരുന്നതു്. അവിടെ "ഡോർമിഷൻ"—നിദ്രപ്രാപ്തി എന്ന പേരിൽ അറിയപ്പെടുന്ന സ്ഥലത്തുവച്ചാണ് കന്യകാമേരി ഐഹികവാസം വെടിഞ്ഞതു്. ഏതു പ്രായത്തിലാണു അതുണ്ടായതെന്നു തിട്ടപ്പെടുത്തുക വയ്യ. പാരമ്പര്യമനുസരിച്ചു ക്രി. വ. 56–ൽ 72–ാമത്തെ വയസ്സിലായിരിക്കണം എ. ഭാ. കന്യക കാലധർമ്മം പ്രാപിച്ചതെന്നാണു പൊതുവിലുള്ള ധാരണ.

കന്യകാമറിയത്തിൻെറ പരലോകപ്രാപ്തിയെ പരാമർശിച്ചുള്ള വിവരണം "അനധികൃത സുവിശേഷങ്ങളിൽ" കാണുന്നതു ഇപ്രകാരമാണ്. ശ്ലീഹാന്മാർ സുവിശേഷം പ്രസംഗിച്ചുകൊണ്ടു നാനാരാജ്യങ്ങളിലും ചുററിസഞ്ചരിക്കുകയായിരുന്നു. പെട്ടെന്നൊരിക്കൽ അവക്കു മുന്നറിയിപ്പുണ്ടായി. ക്രിസ്തുവിൻെറ അനുഗൃഹീതജനനി അന്തരിക്കാറായെന്നും എല്ലാവരും ജറുസ്സേമിൽ ഉടൻ തിരിച്ചെത്തണമെന്നും, അപ്പോസ്തലന്മാർ വന്നെത്തി മൂന്നാംദിവസം ഒരു ഞായറാഴ്ചയായിരുന്നു. അന്നു ദിവ്യനാഥ കാലഗതിയടഞ്ഞു. ഈശോനാഥൻ വൽസലമാതാവിൻെറ പരിപാവനാത്മാവിനെ സ്നേഹബഹുമാനാദരങ്ങളോടെ സ്വീകരിക്കയും, വി. മിഖായേൽ ദൂതമുഖ്യൻെറ പരിപാലനയിൽ ഏല്പിക്കയും ചെയ്തു. ഗദ്സമേൽ തോട്ടത്തിൽതന്നെ സ്വന്തം അമ്മയുടേയും മൃതശരീരം ഭൂദാനം ചെയ്യപ്പെടണമെന്നു അവിടന്നു ആജ്ഞാപിച്ചു. അതനുസരിച്ചു ശ്ലീഹന്മാരും മററും ഗുരുമാതാവിൻെറ ശവമഞ്ചം കബറടക്കത്തിനായി കൊണ്ടുപോകുമ്പോൾ യഹൂദപ്രമാണികളിൽ ചിലർ അവരെ കടന്നാക്രമിച്ചു. സംപൂജ്യമായ ആ മൃതാവശിഷ്ടങ്ങൾ തട്ടിക്കൊണ്ടുപോകണമെന്നായിരുന്നു അവരുടെ ദുരുദ്ദേശ്യം. അൽഭുതമെന്നേ പറയേണ്ടു, അക്രമികളെല്ലാവരും തൻക്ഷണം കാഴ്ചയററവരായിത്തീർന്നു! പ്രസ്തുത സംഭവം നടന്നതെന്നു പറയപ്പെടുന്ന സ്ഥലം ഇപ്പോഴും സിയോൻ മലയിൽ സന്ദർശകക്കു കാണാവുന്നതാണ്. മൂന്നാംനാൾ വാനാരൂപികൾ വന്നു മറിയത്തിൻെറ പരിശുദ്ധമായ ശരീരം പറുദീസായിലേയ്ക്കു സാദരം വഹിച്ചുകൊണ്ടുപോയി, അവിടെ എത്തിച്ചേർന്ന ഉടൻ അതു സ്വന്തം ധന്യാത്മാവുമായി പുനരൈക്യം പ്രാപിക്കയും ചെയ്തു.

മൂന്നാം ദിവസമായിരിക്കണം സ്വർഗ്ഗാരോപണം നടന്നതെന്നു ഊഹിപ്പാനുള്ള കാരണം ഇതാണ്. സെൻതോമസ് സ്ഥലത്തെത്തിച്ചേർന്നതു പ. കന്യക നാടുനീങ്ങി മൂന്നു ദിവസം കഴിഞ്ഞിട്ടാണ്. ഗുരുമാതാവിൻെറ മൃതശരീരം തന്നെയെങ്കിലും ഒരു നോക്കു കണ്ടേ കഴിയൂ എന്നു ശ്ലീഹാ ശാഠ്യം പിടിച്ചു. അതനുസരിച്ചാണു ശ്ലീഹാന്മാർ ഗദ്സമെൻ തോട്ടത്തിലെത്തി കബറിടം തുറന്നു നോക്കിയതു്. അവർ കണ്ട കാഴ്ച അവരെ അവർണ്ണനീയമാംവിധം അൽഭുതസ്തബ്ധരാക്കിത്തീർത്തു. ശവകുടീരം കേവലം ശൂന്യമായി കിടക്കുന്നു. അതിനുള്ളിൽനിന്നു സ്വർഗ്ഗീയ മായൊരു പരിമളധോരണി ചുററും പരന്നുകൊണ്ടിരുന്നു.

എഫേസൂസിൽ വെച്ചായിരിക്കണം മറിയാംബിക ദിവംഗതയായതും സംസ്കരിക്കപ്പെട്ടതും എന്നു അഭിപ്രായപ്പെടുന്നവരുമുണ്ട്. കത്രീന എമ്മെരിക്കു് എന്ന പുണ്യശ്ലോകയായ ജർമ്മൻ സന്യാസിനിയുടെ രഹസ്യദർശനങ്ങൾ ആധാരണയ്ക്കു പ്രാബല്യം നൽകുവാനിടവന്നു. തദനുസാരം സ്മിർണായിലുള്ള ലാസറിസ്റ്റ് സഭാംഗങ്ങളായ സന്യാസവൈദികന്മാരുടെ ആഭിമുഖ്യത്തിൽ ഭൂഗർഭപരിശോധന നടത്തിനോക്കുകയുണ്ടായി. പ. കന്യക പാർത്തിരുന്നതെന്നു കരുതപ്പെടാവുന്ന ഒരു ചെറുവീടിൻെറ അവശിഷ്ടങ്ങൾ കണ്ടുകിട്ടിയതല്ലാതെ, ശവ കുടീരമൊന്നും ദൃശ്യമായില്ല.

ജറുസ്സേമിലെ പാരമ്പര്യമനുസരിച്ചു മേരി മരണമടഞ്ഞ സ്ഥാനത്തു യോഹന്നാൻ പാത്രിയക്കീസ് ഒരു മഹാ ദൈവാലയം സ്ഥാപിച്ചു. അദ്ദേഹം 417 ലാണു അന്തരിച്ചതു്, പരിശുദ്ധ സിയോൻ എന്നായിരുന്നു ആ പള്ളിയ്ക്കു നല്കപ്പെട്ട പേരു്. ഒടുവിലത്തെ അത്താഴം, പരിശുദ്ധാരൂപിയുടെ സ്വീകരണം, ഭാഗ്യപ്പെട്ടകന്യകാമറിയത്തിൻെറ പരലോകപ്രാപ്തി—ഇത്യാദി സംഭവങ്ങളുടെ സനാതന സ്മാരകമായിട്ടാണു പ്രസ്തുത ദൈവാലയം ഉദ്ദേശിക്കപ്പെട്ടിരുന്നതു്.

ക്രൂശുയോദ്ധാക്കൾ ജറുസ്സേമിലെത്തിയ അവസരത്തിൽ ആ പള്ളിയുടെ സ്ഥാനത്തു ഏതാനും ചില നഷ്ടാവശിഷ്ടങ്ങൾ മാത്രമെ കാണപ്പെടുവാനുണ്ടായിരുന്നുള്ളു; അവരാകട്ടെ, പ്രസ്തുത ദൈവാലയം പണ്ടത്തേക്കാളധികം മനോമോഹനമായ രീതിയിൽ പുനഃസ്ഥാപിച്ചു; സിയോൻ മലയിലെ പ. മറിയത്തിൻെറ പള്ളി എന്നു അതിനു പേരിടുകയും ചെയ്തു. ദൈവമാതാവു സിദ്ധിയടഞ്ഞതു അവിടെ വെച്ചാണെന്നുള്ള ഓർമ്മ നില നിലനിത്തുവാൻ വേണ്ടിയാണു അവർ അങ്ങനെ ചെയ്തതെന്നു പറയപ്പെടുന്നു.

കാലാന്തരത്തിൽ ആ ദൈവാലയം നാമാവശേഷമായിത്തീർന്നു. 1890—ാംമാണ്ടിൽ ജർമ്മനിയിലെ രണ്ടാം വില്യം ചക്രവത്തി ജറുസ്സേം സന്ദർശിക്കുവാനിടവന്നു. അബ്ദുൾ ഹമീദ് സുൽത്താൻ പ്രശസ്താതിഥിയോടുള്ള ബഹുമാനാദരങ്ങളുടെ സൂചകമായി പ്രസ്തുത സ്ഥലം അദ്ദേഹത്തിനു സംഭാവനയായി നല്കി. ചക്രവത്തിയാകട്ടെ ആ സംപൂജ്യസങ്കേതം കൊളോണിലെ മെത്രാപ്പോലീത്തായുടെ ഭരണാധികാ

# ഭഗീത

## (വികാരോജ്ജ്വലമായ ഒരു സംഭവകഥ)

മിസ്സ് ജാനററ് ഐസക്, എം. എസ്സ് സി.

തുടൎച്ച

### അദ്ധ്യായം 4

വൃത്തികെട്ട ഒരു കൊച്ചുജയിലറയിൽ ഭഗീതയും കൂട്ടുകാരിയും ജീവിതം തുടങ്ങിയിട്ട് ദിവസങ്ങൾ കുറെയായി. അവരുടെ ജീവിതരീതിക്ക് യാതൊരു വ്യതിയാനവും വന്നിട്ടില്ല. ഇന്ന് സ്വാതന്ത്ര്യം സ്വപ്നത്തിൽ മാത്രം അനുഭവിക്കാവുന്ന ഒന്നായി തീൎന്നിരിക്കയാണ്. വളരെ ദിവസങ്ങൾക്കുശേഷം ഒരു സുപ്രഭാതത്തിൽ അവരുടെ ജയിലറ തുറക്കപ്പെട്ടു. ഭീകരനായ ഒരു അറബി അടിമക്കച്ചവടത്തിനായി അവിടെ വന്നെത്തിയിട്ടുണ്ട്. ചുരുങ്ങിയ സമയംകൊണ്ടു് കുഞ്ഞുങ്ങളുടെ ആരോഗ്യസ്ഥിതി അയാൾ മനസ്സിലാക്കി. തൃപ്തിപ്പെട്ട അയാൾ നല്ല വിലകൊടുത്തു് അവരെ കച്ചവടംചെയ്തു് അയാളുടെ അടിമകളുടെ കൂട്ടത്തിൽ ചേൎത്തു. കുറെദൂരം യാത്രചെയ്തതിനുശേഷം അടിമക്കച്ചവടത്തിനായി മാത്രം നിയോഗിക്കപ്പെട്ടിരിക്കുന്ന ചന്തസ്ഥലത്തു വന്നെത്തി. അവിടെ ചെന്നുകഴിഞ്ഞപ്പോൾ ഭഗീതയുടെ പഴയ യജമാനന്റെ കീഴിൽ ഇവരുടെ കൂടെ ഉണ്ടായിരുന്ന പല അടിമകളെയും കാണുവാൻ കഴിഞ്ഞു അവരിൽനിന്നും പല സംഗതികൾ അവൾ മനസ്സിലാക്കി. ഇവർ അവിടെനിന്നും ഒളിച്ചോടിപ്പോയ വിവരം അറിഞ്ഞ അറബി കോപാവേശത്താൽ ബാക്കി ഉണ്ടായിരുന്നവരെ രക്തം ചിന്തുന്നതുവരെ അടിച്ചു. ഇനിയും ഭഗീതയേയും കൂട്ടുകാരിയേയും കണ്ടാൽ അവരെ രണ്ടായി മുറിച്ചു കളയുമെന്നാണ് അയാൾ പറഞ്ഞിരിക്കുന്നതു്. ഈ വൎത്തമാനം കേട്ട ഭഗീതയ്ക്കു് പുതിയ ചങ്ങല കൂട്ടതൽ ആശ്വാസകരമായി തോന്നി.

---

രത്തിനു വിട്ടുകൊടുക്കുകയും ചെയ്തു. 1910—ൽ മാത്രമാണു പുതിയ ബസിലിക്കാദൈവാലയത്തിന്റെ പണിപൂൎത്തിയായതു്. ചേതോഹരമായ അന്തൎഭൌമജപാലയത്തിന്റെ മദ്ധ്യത്തിൽ "നിദ്രപ്രാപ്തി"യുടെ ബലിപീഠം സ്ഥാപിതമായിരിക്കുന്നു. അതിനുമുമ്പിൽ കന്യകാമറിയത്തിന്റെ ഒരു സ്വരൂപം സുഖസുഷുപ്തിയിലാണ്ട ഭാവത്തിൽ കിടക്കുന്നതായി കാണാം.

സെഡ്രോൻ എന്ന അരുവിക്കപ്പുറം സൈത്തുമലയുടെ അടിവാരത്തിലാണു "സ്വൎഗ്ഗാരോപണ ദൈവാലയം." പ. കന്യകയുടെ പൂജ്യാവശിഷ്ടങ്ങൾ മൂന്നുദിവസം വിശ്രമംകൊണ്ട ശവകുടീരത്തിന്മേലാണു ;ഈ ദൈവാലയം ഉയൎന്നു നിൽക്കുന്നതു്. 431—നും 450—നും ഇടയ്ക്കാണ് പ്രഥമ ദൈവാലയം പണിതീൎക്കപ്പെട്ടതു്. 614—ൽ പേൎസ്യൻകാരുടെ ആക്രമണവേളയിൽ അതു നിലം പരിശാക്കപ്പെട്ടു. മൊദെസ്തുസ് എന്നൊരു പാത്രിയക്കീസ് അതു പുതുക്കി പണിയിപ്പിച്ചുവെങ്കിലും, ശത്രുകരങ്ങളാൽ വീണ്ടും നശിപ്പിക്കപ്പെട്ടുകയാണുണ്ടായതു്. പിന്നീടു ക്രൂശുയോദ്ധാക്കളാണു പരിശുദ്ധമായ ആ സ്മാരകദൈവാലയം യഥോചിതം പുനരുദ്ധരിച്ചതു്.

14—ാം നൂററാണ്ടിന്റെ ഉത്തരാൎദ്ധം മുതൽ ഏകദേശം നാലു ശതാബ്ദകാലത്തോളം ഫ്രാൻസിസ്കൻ സന്യാസികളുടെ സമ്പൂൎണ്ണാധികാരത്തിലായിരുന്നു അതു നിലനിന്നുപോന്നതു്. എന്നിരുന്നാലും ഗ്രീക്കുകാർ, അർമീനിയക്കാർ, സുറിയാനിക്കാർ, കോപ്തുക്കൾ എന്നിങ്ങനെയുള്ള ഭിന്നമതസഭക്കാൎക്കും "അടിപ്പള്ളിയിൽ" തിരിച്ചു തിരിച്ചു ആരാധനാകൎമ്മങ്ങൾ നിൎവ്വഹിപ്പാനുള്ള ബലിപീഠങ്ങൾ അനുവദിക്കപ്പെട്ടിരുന്നു. 1757-ലാകട്ടെ ഗ്രീക്കുകാർ ഭരണാധികാരികളായ തുൎക്കികളുടെ പിന്തുണയോടെ ഫ്രാൻസിസ്കൻ സന്യാസികളെ ആട്ടിയോടിക്കയും ദൈവാലയം കൈവശപ്പെടുത്തുകയും ചെയ്തു. ഇന്നു "സ്വൎഗ്ഗാരോപണദൈവാലയം" ഗ്രീക്കുകാരുടേയും അർമീനിയാക്കാരുടേയും സംയുക്താഭിമുഖ്യത്തിലാണു ഭരിക്കപ്പെട്ടുപോരുന്നതു്.

ചന്തപിരിഞ്ഞു. അടിമകളുടെ വലിയ ഒരു ജന ക്കൂട്ടം വീണ്ടും യാത്രതുടന്നു. ചോരത്തിളപ്പുള്ള യുവാക്കന്മാരും, നടക്കുവാൻ പോലും നിവൃത്തിയില്ലാത്ത വൃദ്ധന്മാരും സ്ത്രീകളും കുഞ്ഞുങ്ങളും എല്ലാ ഇനത്തിൽപ്പെട്ടവരും ഉണ്ടു് ഇക്കൂട്ടത്തിൽ. ഓരോരുത്തർ അനുഭവിക്കുന്ന വിഷമതകളുടെ ഒരു പ്രതിഫലനം അവരുടെ കണ്ണുകളിൽ കാണാം. അംഗവിഹീനരും ദുർബലരും ആയവരോടുപോലും അറബികൾക്കു് യാതൊരു കരുണയും ഇല്ല. അങ്ങിനെ ഉള്ളവരുടെ ജീവിതം ഏതുവിധേനയെങ്കിലും അവസാനിക്കണമെന്നാണു് അവരുടെ വിചാരം. അതിന്റെ പ്രത്യക്ഷലക്ഷണങ്ങൾ കാണുവാൻ കഴിയും.

മൂന്നുനാലുമാസം മാത്രം പ്രായമുള്ള ഒരു കുഞ്ഞിനോടുകൂടിയ യുവതിയായ ഒരു തള്ളയും ഈ കൂട്ടത്തിലുണ്ടു്. പട്ടിണികൊണ്ടും ദുഃഖംകൊണ്ടും വലഞ്ഞ അവൾക്കു് തന്റെ കുഞ്ഞിനു കൊടുക്കുവാൻ പാൽ ഇല്ല. കുഞ്ഞു വാ കൂട്ടാതെ കരയുകയാണു്. ഒരു മാതൃഹൃദയം സ്വന്തം കുഞ്ഞിന്റെ വിശപ്പു് അടക്കുവാൻ നിവൃത്തിയില്ലാതെ വിഷമിക്കുന്നു. ഭഗീത ഇതെല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ടു്. അവളുടെ അമ്മയുടേയും സഹോദരങ്ങളുടേയും ഓർമ്മ ഇപ്പോൾ ഉണ്ടായി. ആക്കും യാതൊന്നും പറയുവാൻ ആവാത്ത ഒരു നിസ്സഹായാവസ്ഥ.

അവർ കുന്നുകളും പാറകളും കയറി ഇറങ്ങുകയാണു്. ഭഗീതയും കൂട്ടുകാരിയും അന്യോന്യം സഹായിച്ചുകൊണ്ടാണു് കയറുന്നതു്. മാതാവിന്റെ കയ്യിൽ ഇരിക്കുന്ന കുഞ്ഞു് കരച്ചിൽ നിർത്തുന്നില്ല. ഒരു ആടിനെ വഴിക്കു കാണുകയാണെങ്കിൽ അതിന്റെ പാലു് കുറച്ചു കറന്നുകൊടുത്തു് കുഞ്ഞിന്റെ കരച്ചിൽ നിർത്താമെന്നു് അവൾ ആശിച്ചു. ആ വിജനപ്രദേശത്തു് അതിനും വഴിയില്ല. കുഞ്ഞിന്റെ കരച്ചിൽ അവക്കു് അസഹ്യമായിത്തോന്നി. "നിർത്തുകയില്ലേ ഇതിന്റെ പാട്ടു്" കച്ചവടക്കാരിൽ ഒരാൾ അലറി. "എന്റെ കയ്യിൽ തരു ആ കുഞ്ഞിനെ. ഞാൻ കരച്ചിൽ തീർത്തുതരാം." ഇതു പറഞ്ഞുതീരുന്നതിമുമ്പു് അയാൾ ബലംപ്രയോഗിച്ചു് അവളുടെ കൈയ്യിൽനിന്നും കുഞ്ഞിനെ വലിച്ചെടുത്തു. "അതു് എന്റെ കുഞ്ഞാണു്. അതിനെ ഒന്നും ചെയ്യരുതു്. എന്റെ കുഞ്ഞിനെ എനിക്കു തിരിച്ചുതരണം." അവൾ നിലവിളിക്കുവാൻ തുടങ്ങി. എന്നാൽ അവളുടെ ദയനീയ കരച്ചിൽ ആ പൈശാചികഹൃദയത്തിൽ യാതൊരു മാററവും വരുത്തിയില്ല. അയാൾ കുഞ്ഞിന്റെ ഒരു കാലിൽ പിടിച്ചു് ആകാശത്തിൽ ഒന്നു കറക്കിയതിനുശേഷം അതിന്റെ തല അടുത്തുകിടന്ന ഒരു പാറയിൽ ആഞ്ഞു് ഒരു അടി "ഇനിയും വേണമെങ്കിൽ നിന്റെ കുഞ്ഞിനെ നീ എടുത്തോ. അതു് ഒരിക്കലും കരയുകയില്ല." മാനുഷികമല്ലാത്ത ഒരുചിരിയോടുകൂടി അയാൾപറഞ്ഞുകൊണ്ടു് മററ അടിമകളുടെ കൂട്ടത്തിൽ പോകുവാൻ വലിച്ചിഴച്ചു. അവൾ നിലത്തുനിന്നും പൊങ്ങിയില്ല. അവളുടെ ഓമനക്കുഞ്ഞിന്റെ മൃതദേഹം രക്തത്തിൽ കുളിച്ചുകിടക്കുന്ന ആ കാഴ്ച—അവളുടെ മാതൃഹൃദയം പിളന്നു. അയാൾ അടുത്തതായി ചാട്ടകൊണ്ടു് കഠിനമായി അവളെ പ്രഹരിക്കുവാൻ തുടങ്ങി. "എന്നെ കൊന്നുകൊള്ളുക. എന്റെ കുഞ്ഞിന്റെ കൂടെ എനിക്കും മരിക്കണം. ഈ സ്ഥലത്തുനിന്നും എന്നെ മാററുവാൻ നിങ്ങൾക്കു സാധിക്കയില്ല. എന്നെയും കൊന്നേയ്ക്കണം." അവൾക്കു് പറയുവാനുണ്ടായിരുന്നതു് അതായിരുന്നു. ഭഗീതയും കൂട്ടുകാരിയും ഈ കാഴ്ച കണ്ടു വാവിട്ടുനിലവിളിക്കുവാൻ തുടങ്ങി. മററുള്ള അടിമകൾ ഇതൊന്നും അറിയാതെ മുൻപേ ഗമിക്കയാണു്.

ദയ ലവലേശം തൊട്ടുതേച്ചിട്ടില്ലാത്ത അറബികൾക്കു് അവളുടെ കരച്ചിൽ യാതൊരു ഭാവഭേദവും വരുത്തിയില്ല. അവിടെത്തന്നെയിട്ടു് അവളെ അവർ ചാട്ടകൊണ്ടു് അടിക്കുവാൻ തുടങ്ങി. അവൾ കരഞ്ഞു കരഞ്ഞു മോഹാലസ്യപ്പെട്ടു. അധികം താമസിയാതെ അവൾ അവിടെത്തന്നെ കിടന്നു് അന്ത്യശ്വാസം വലിക്കുകയും ചെയ്തു. ചാട്ട അടികൊണ്ടു് വികൃതമാക്കപ്പെട്ട അവളുടെ മൃതശരീരവും രക്തത്തിൽപുരണ്ട കുഞ്ഞിന്റെ ശരീരാവശിഷ്ടങ്ങളും അവിടെത്തന്നെ ഉപേക്ഷിച്ചുകൊണ്ടു് അടിമകളുടെ ആ സംഘം യാത്രതുടന്നു. ക്ഷീണാധിക്യത്താൽ നടക്കുവാൻ പ്രയാസം തോന്നുമ്പോൾ ഭഗീതയ്ക്കു് ഭയമായിരുന്നു. കാരണം അവശയായ ആ സ്ത്രീയെ ചാട്ടകൊണ്ടു് അടിച്ചുകൊന്നതിനു് അവൾ ദൃക്സാക്ഷിയാണു്. അവൾക്കും അതുപോലുള്ള ഒരു അനുഭവം വരുമോ എന്നാണു് ഭയം. പരിചയമുള്ള ഒരു മുഖം കാണാതെ വിജനസ്ഥലത്തു് ഏകാകിനിയായി മരിക്കുന്ന കാര്യം അവൾക്കു് ചിന്തിക്കുവാൻ വയ്യാ. അവളുടെ ജീവിതം കയ്പേറിയതായിരുന്നെങ്കിലും മരിക്കുവാൻ ഭയമായിരുന്നു അവൾക്കു്.

അറബികൾ അടിമകളെയും കൊണ്ടു് പല നഗരങ്ങൾ സന്ദർശിക്കുന്നുണ്ടു്. എവിടെയെങ്കിലുംവെച്ച് അടിമകളുടെ കൂട്ടത്തിൽ ഭഗീതയുടെ ജ്യേഷ്ഠസഹോദരിയെ കണ്ടുമുട്ടുവാൻ സാധിക്കുമെന്നു് അവൾക്കു് ഒരു ആശയുണ്ടു്. ആ കുടിക്കാഴ്ച ഓക്കുമ്പോൾതന്നെ അവൾക്കു് സന്തോഷമാണു്. സഹോദരിയെ അറബികൾ പിടിച്ചുകൊണ്ടുപോയതു് ഭഗീത നന്നായി ഓക്കുന്നുണ്ടു്. എവിടെവെച്ചാണെങ്കിലും കണ്ടുമുട്ടിയതിനുശേഷം രണ്ടുപേരും കൂടി ഒളിച്ചോടിപ്പോകണമെന്നായിരുന്നു അവളുടെ ആലോചന. കൂട്ടുകാരിയോടും ഈവിവരം അവൾ പറഞ്ഞു കേൾപ്പിച്ചു. അറബികളുടെ അടിമകളോടുള്ള ചില ക്രൂരപ്രവൃത്തികൾ അവളെ ഈ ചിന്തയിൽ നിന്നും ഉണത്തി യാഥാർത്ഥ്യത്തിലേക്കു തിരിപ്പിച്ചു.

അവരുടെ കൂട്ടത്തിൽ വളരെ പ്രായംചെന്ന ഒരു അടിമ ഉണ്ടായിരുന്നു. അയാൾക്കു് സ്വല്പംപോലും നടക്കുവാൻ പാടില്ലെന്നു പറഞ്ഞുകൊണ്ടു് വഴിക്കു ഇരുന്നു. എന്നാൽ അറബികളിൽ ഒരാൾ വയസ്സന്റെ ചങ്ങലയിൽ പിടിച്ചുവലിച്ചു എഴുന്നേല്പിക്കുവാൻ ശ്രമിച്ചു. വേഗം അവരോടൊപ്പം നടന്നുചെല്ലുവാൻ അയാളോടു് ആജ്ഞാപിച്ചുവെങ്കിലും അയാൾക്കു് ഒരടിപോലും മുന്നോട്ടുവെയ്ക്കുവാൻ സാധിച്ചില്ല. മുൻപേപോയവർ നടന്നു. അറബി വയസ്സന്റെ കൂടെ നിന്നു. മുൻപേ പോയവക്കു് ചാട്ട അടിയുടെ ശബ്ദവും വയസ്സന്റെ ദയനീയ കരച്ചിലും കേൾക്കാമായിരുന്നു. സ്വല്പം കഴിഞ്ഞു കരച്ചിലിന്റെ ശബ്ദവും നിലച്ചു. അറബി തനിയേ വരുന്നതും കണ്ടു.

രണ്ടുദിവസത്തെ നടപ്പിനുശേഷം അവർ കോർട്ടുഫാൻ എന്ന പട്ടണത്തിൽ എത്തി. ഈ അടിമകളുടെയെല്ലാം ഉടമസ്ഥനായ കച്ചവടക്കാരന്റെ വീട്ടിൽ അവരെ കൊണ്ടുവന്നു് അവക്കായി പ്രത്യേകം തയ്യാർ ചെയ്തിരുന്ന മുള്ളുവേലികളാൽ ചുററപ്പെട്ട ഒരു മുറിയിൽ പ്രവേശിപ്പിച്ചു. പിറെറ ദിവസം അവരെ അടുത്ത മാക്കററിൽ വില്പനയ്ക്കായി കൊണ്ടുപോകേണ്ടതാണു്. പ്രകൃതി അവളുടെ കൃത്യം ശരിക്കു നിർവഹിച്ചു. ഭഗീതയും കൂട്ടുകാരും ഒട്ടും താമസിയാതെ ഗാഢനിദ്രയെ പ്രാപിച്ചു. ഉറങ്ങിക്കൊള്ളൂ—ഭഗീത, ഉറങ്ങിക്കൊള്ളൂ. നിന്റെ ചങ്ങലകൾ എത്ര ബലമേറിയതാണെന്നും മനുഷ്യരുടെ ഹൃദയം എത്ര കാഠിന്യമേറിയതാണെന്നും നിനക്കു മനസ്സിലാക്കുവാൻ സാധിക്കും.

കോർട്ടുഫാനിൽ എത്തിയതിന്റെ പിറേറദിവസം കച്ചവടക്കാക്കു് അവരുടെ അടിമകളെ കുറെ ഒരുക്കേണ്ടതായിട്ടുണ്ടായിരുന്നു. കാരണം അന്നാണു് അടിമകളെ പരിശോധിക്കാനായി അവരുടെ യജമാനൻ വരുന്നതു്. അവരെ എല്ലാവരേയും ഒരു വലിയ ഹാളിൽ കൊണ്ടുവന്നു്, ഈരണ്ടുപേരെവീതം ചങ്ങലയിട്ടു ബന്ധിച്ചു് നിരനിരയായി നിർത്തി. അടിമകളെ പരിശോധിക്കാനായി യജമാനൻ വന്നു. അദ്ദേഹത്തിന്റെ കൂടെ അടിമകളെ സൂക്ഷിക്കുന്ന പ്രധാനിയും ഉണ്ടു്. നിരയായി നിത്തിയിരുന്ന അടിമകളെ അയാൾ സസൂക്ഷ്മനിരീക്ഷണം ചെയ്യുകയാണു്. അടിമകളെ മൂന്നായി തരംതിരിക്കണമെന്നു് അയാൾ ആജ്ഞകൊടുത്തു. അതായതു് ആരോഗ്യവാന്മാരും ദൃഢഗാത്രന്മാരും ഒന്നു്, ക്ഷീണിതരും മുറിവേററവരും വേറൊന്നു്, അംഗവിഹീനരും യാതൊന്നിനും കഴിവില്ലാത്തവരും ആയവർ മൂന്നാമതു്. ആദ്യത്തെ കൂട്ടക്കു് നല്ല ഭക്ഷണം കൊടുക്കുവാനും രണ്ടാമത്തെ കൂട്ടരെ വളരെ കാര്യമായി ശുശ്രൂഷിക്കുവാനും മൂന്നാമത്തെ കൂട്ടക്കു് ഭക്ഷണംപോലും കൊടുക്കാതെ ഒരു മുറിയിൽ ഇട്ടു അടയ്ക്കുവാനും അയാൾ ആജ്ഞാപിച്ചു. അവരെ മരണത്തിനു വിട്ടുകൊടുത്തിരിക്കയാണു്. ഈ ലോകത്തിലെ കഷ്ടപ്പാടുകളെക്കാൾ മരണംതന്നെ അവക്കു് സ്വാഗതാർഹമായിട്ടുള്ളതു്. യാതനകളും കഷ്ടപ്പാടുകളും സഹിക്കുന്ന അവർക്കു്, ഓരോ കണ്ണുനീർത്തുള്ളികളും ഓരോ മുത്തുമണികളായി രൂപാന്തരപ്പെടുത്തുവാനും തന്റെ കാരുണ്യകൈകൾകൊണ്ടു് എത്ര ചീഞ്ഞുനാറിയ വ്രണവും പൊറുപ്പിക്കുവാനും കഴിവുള്ള നമ്മുടെ സ്നേഹനാഥനെപ്പററി അറിവുണ്ടായിരുന്നെങ്കിൽ അവർ എത്ര സന്തോഷത്തോടെ ഈ കഷ്ടപ്പാടുകൾ സഹിക്കുമായിരുന്നു.

അടിമകളുടെ യജമാനൻ ഭഗീതയുടെയും കൂട്ടുകാരിയുടെയും സമീപെ വന്നപ്പോൾ പെട്ടെന്നു അവിടെ നിന്നു. അവരെ കുറെനേരം സൂക്ഷിച്ചുനോക്കി. അവരുടെ സൌന്ദര്യമുള്ള കണ്ണുകളും മററും അയാളെ വല്ലാതെ ആകർഷിച്ചു. “ഇവരെ രണ്ടുപേരെയും എന്റെ മകൾക്കു് സമ്മാനമായി നൽകണം. ഇവരെ ഉടൻതന്നെ മുകളിലേയ്ക്കു് കൊണ്ടുവരണം.” അയാൾ പ്രധാനിയോടു് പറഞ്ഞു. ഭഗീതക്കു് സന്തോഷമായി. അവർ രണ്ടുപേരും വേർപെടുവാൻ ഇടവരികയില്ലന്നു അവക്കു മനസ്സിലായി. അവർ പരസ്പരം ഒന്നു നോക്കി. അയാൾ ഉടൻതന്നെ മുകളിലേയ്ക്കു് പോയി. ഭഗീതയേയും കൂട്ടുകാരിയേയും അയാളുടെ പിറകെ കൊണ്ടുപോയി. അവൾക്കു പുതിയ മിസ്റ്റ്റസിനെ കാണുവാൻ തിടുക്കമായി. അവരുടെ കഷ്ടപ്പാടുകൾ ഇവിടംകൊണ്ടെങ്കിലും അവസാനിച്ചുവോഎന്നു് അവൾ ആശിച്ചു.

(തുടരും)

# തിരുരക്തത്തിൻെറ ലഹരി

(റവ. സി. ജെ. എസ്. എ. ബി. എസ്.)

"മിശിഹായുടെ തിരുരക്തമെ, എന്നെ ലഹരിപിടിപ്പിക്കേണമെ." വി. ഇഗ്നേഷ്യസ്സിൻെറ ഈ പ്രാർത്ഥന നാം പലപ്പോഴും ഉരുവിട്ടിട്ടുണ്ട്. സ്നേഹത്താൽ ഭോഷന്മാരായി, ഭ്രാന്തന്മാരായിത്തീർന്ന വിശുദ്ധന്മാരുടെ ഇമ്മാതിരി പല പ്രാർത്ഥനകളും നാം കേട്ടിട്ടുണ്ട്. അത്രത്തോളം വേണ്ടാ, അല്ലെങ്കിൽ ഈ നൂററാണ്ടിനു പററിയതല്ല, എന്നു പറഞ്ഞു നാം അവയെ തള്ളും. എന്നാൽ രക്തദാഹവും ലഹരിസാധനങ്ങളോടുള്ള പ്രിയവും ഏററവുമധികം വർദ്ധിച്ചിരിക്കുന്ന ഇന്നത്തെ ലോകത്തെ ഇരുത്തിച്ചിന്തിപ്പിക്കേണ്ട ഒരു വാക്യമാണിത്. പക്ഷേ, ജീവിതത്തിലെ നൂറു കുഴഞ്ഞ പ്രശ്നങ്ങളുമായി ഏററുമുട്ടുന്ന ഇന്നത്തെ ആളുകൾക്കതിനു സമയമില്ലപോലും. മിശിഹായുടെ രക്തത്താൽ മദിപ്പിക്കപ്പെട്ടവരായി രക്തദാഹികളുടെ ഖഡ്ഗത്തിനിരയായിട്ടുള്ള തിരുസ്സഭാസന്താനങ്ങൾ ശതക്കണക്കിനുണ്ട്. ബാലന്മാക്കും, യുവതിടമ്പകൾക്കും അബലകൾക്കും വൃദ്ധന്മാർക്കും ഇത്ര വലിയ ധൈര്യം എവിടെ നിന്നുകിട്ടി? തെർത്തുല്യൻ പറഞ്ഞിരിക്കുന്നതുപോലെ രക്തസാക്ഷികളുടെ രക്തം തിരുസഭയുടെ വിത്തായിത്തീർന്നു. ഇന്നും മിശിഹായുടെ രക്തത്താൽ ലഹരിപിടിപ്പിക്കപ്പെട്ട ധീരാത്മാക്കൾ അവരുടെ രക്തംകൊണ്ടു തിരുസ്സഭാതരുവിനെ തഴച്ചു വളർത്തുന്നു.

രക്തത്തിൻെറ വില ആധുനികലോകം അടിയ്യൂടി മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ ഡാക്ടേഴ്സ് കുറിയ്ക്കുന്ന മരുന്നുകളിലധികവും രക്തശുദ്ധിക്കോ, രക്തവർദ്ധനവിനോ ഉള്ളവയാണ്. അതുകൊണ്ടും പോരാഞ്ഞിട്ട് രക്തബാങ്കുകൾ ആരംഭിച്ചിരിക്കുന്നു. ഇവയെല്ലാം നമ്മുടെ ശാരീരികജീവനെ രക്ഷിക്കുന്നതിനു മാത്രമാണുപകരിക്കുക.

എന്നാൽ മിശിഹായുടെ തിരുരക്തത്തിനുമാത്രമെ ആത്മാവിനു ജീവൻ പ്രദാനം ചെയ്യാൻ കഴിയൂ. ദിവ്യരക്ഷകൻെറ വാക്കുകൾ തന്നെ ഈ വസ്തുത വ്യക്തമാക്കുന്നുണ്ട്. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങൾ മനുഷ്യപുത്രൻെറ ശരീരം ഭക്ഷിക്കുകയും അവൻെറ രക്തം പാനം ചെയ്യുകയും ചെയ്യാതിരുന്നാൽ നിങ്ങൾക്കു നിങ്ങളിൽതന്നെ ജീവനില്ല. എൻെറ ശരീരം ഭക്ഷിക്കുകയും എൻെറ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു് നിത്യജീവൻ ഉണ്ട്. അവസാനനാളിൽ അവനെ ഞാൻ ഉയിർപ്പിക്കുകയും ചെയ്യും." (St. John vi/54, 55.) മിശിഹായുടെ ഈ വാക്കുകളുടെ അർത്ഥവ്യാപ്തി ഗ്രഹിച്ച ത്രേന്തോസു സൂനഹദോസ്സിലെ പിതാക്കന്മാർ പ്രതിദിനം യോഗ്യതയോടെ ദിവ്യമേശയ്ക്കണയാൻ വിശ്വാസികളെ ആഹ്വാനം ചെയ്യുന്നു.

മിശിഹായുടെ തിരുരക്തം നമ്മുടെ കടങ്ങളെ വീട്ടുന്നു. ദൈവത്തിനെതിരായി മനുഷ്യവർഗ്ഗം പിഴച്ചു. അന്നുമുതൽ ദൈവനീതിക്കു നാം കടക്കാരായി ആ കടം വീട്ടുവാൻ മനുഷ്യനായി അവതരിച്ച ദൈവസുതൻെറ ഏതൊരു പ്രവൃത്തിയും മതിയായിരുന്നു. എന്നാൽ പാപപരിഹാരാർത്ഥം മിശിഹാ അർപ്പിച്ചതു് സ്വജീവരക്തമാണ്. അങ്ങനെ മനുഷ്യവർഗ്ഗത്തിൻെറ കടം വീട്ടി. നാം മിശിഹായുടെ തിരുരക്തത്തിൻെറ വിലയാൽ വീണ്ടെടുക്കപ്പെട്ടവരായി. തിരു അത്താഴവേളയിൽ മിശിഹാ ഇക്കാര്യം പ്രകടമായി പ്രസ്താവിച്ചിട്ടുണ്ട്. "ഈശോ അപ്പം എടുത്ത്, ആശീർവ്വദിച്ചു മുറിച്ചു് ശിഷ്യർക്കു കൊടുത്തുകൊണ്ട് അരുളിച്ചെയ്തു. നിങ്ങൾ വാങ്ങി ഭക്ഷിക്കുവിൻ. ഇതു് എൻെറ ശരീരമാകുന്നു. പിന്നെ അവൻ പാനപാത്രം എടുത്തു സ്തോത്രംചെയ്തു്, അവർക്കു കൊടുത്തുകൊണ്ട് അരുളിച്ചെയ്തു. വാങ്ങി നിങ്ങളെല്ലാവരും ഇതിൽനിന്നു കുടിക്കുവിൻ. ഇതു പാപങ്ങളുടെ മോചനത്തിനായി വളരെപ്പേർക്കുവേണ്ടി ചിന്തപ്പെടുന്ന പുതിയ നിയമത്തിലെ എൻെറ രക്തമാകുന്നു." (St. Mathew xxvi 26, 27, 28.) മിശിഹായുടെ ശത്രുക്കളും തിരുരക്തത്തിൻെറ വില മനസ്സിലാക്കിയിരുന്നു എന്നല്ലേ വിചാരിക്കേണ്ടതു്. പീലാത്തോസ് വെള്ളം എടുത്തു കൈകൾ കഴുകിക്കൊണ്ടു "ഈ നീതിമാൻെറ രക്തത്തിൽ ഞാൻ കററമററവനാകുന്നു. നിങ്ങൾ നോക്കിക്കൊള്ളുവിൻ." എന്നു പറഞ്ഞു. ജനം മുഴുവൻ ഉത്ത

രമായി: "അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെമേലും ആയിരിക്കട്ടെ" എന്നു പറഞ്ഞു.

പാപപരിഹാരാർത്ഥം ചിന്തിയ ദിവ്യരക്തത്തെക്കുറിച്ച് ദിവ്യബലിയിലെ പ്രാർത്ഥനയിൽ തിരുസ്സഭ നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. തിരുരക്തം ഉയർത്തുമ്പോൾ വിശ്വാസികൾ പറയുന്നുണ്ട്. "ഞങ്ങളുടെ രക്ഷയ്ക്കായി ചിന്തപ്പെട്ട മാണിക്കമായ തിരുരക്തമെ വാഴ്ക" എന്ന്. സുറിയാനിക്കുർബാനയിൽ 'ആബാ ദക്കൂശ്ത്താ' എന്നു തുടങ്ങുന്ന അത്യുൽകൃഷ്ടമായ പ്രാർത്ഥനയിൽ: "അങ്ങേ തിരുസ്സന്നിധിയിൽ ഞാൻ ചെയ്തുപോയ പാപങ്ങളെ അങ്ങു് ഓർമ്മിക്കരുതേ. ഇതാ ഗാഗുൽത്താമലയിൽ എന്റെ രക്ഷയ്ക്കുവേണ്ടി ചൊരിയപ്പെട്ട ഇയ്യാളിന്റെ തിരുരക്തം എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നു"—എന്നും വി. കുർബാനയുടെ സ്വീകരണം കഴിഞ്ഞു് "അങ്ങേ വിലയേറിയരക്തത്താൽ ഞങ്ങളുടെ കടങ്ങൾ അങ്ങു ക്ഷമിക്കണമെ" എന്നും ചൊല്ലി പ്രാർത്ഥിക്കുന്നു. സമാപനാശീർവാദത്തിൽ "തന്റെ തിരുശരീരത്താൽ നമ്മുടെ കടങ്ങൾ പൊറുക്കുകയും തന്റെ തിരുരക്തത്താൽ നമ്മുടെ പാപങ്ങളെ മായ്ക്കുകയും ചെയ്തയാൾക്ക് തന്റെ സഭയിൽ സ്തുതി" എന്നും ചൊല്ലുന്നുണ്ട്. സജീവമായി നാം ദിവ്യബലിയിൽ പങ്കെടുക്കുന്നെങ്കിൽ മിശിഹായുടെ തിരുരക്തം നമ്മെ മദിപ്പിക്കും, നമ്മുടെ ജീവിതം ബലിയുടെ തുടർച്ചയായിരിക്കും.

മിശിഹായുടെ അമൂല്യരക്തം അവിടത്തേയ്ക്കു മനുഷ്യമക്കളോടുള്ള സ്നേഹം നമ്മെ വിളിച്ചറിയിക്കുന്നു. ദിവ്യനാഥൻ തന്നെ പറഞ്ഞിട്ടുണ്ട്. ഒരുത്തൻ തന്റെ ജീവനെ കൊടുക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്നു്. ശൈശവത്തിൽതന്നെ അവിടുന്നു നമുക്കുവേണ്ടി രക്തം ചിന്തി. നമ്മുടെ പാപത്തിന്റെ സ്മരണ ദിവ്യനാഥനെ നിദ്രയുടെ നിശ്ശബ്ദതയിൽ രക്തം വിയർപ്പിച്ചു. മാത്രമോ, തന്റെ ജീവരക്തത്തിന്റെ അവസാനതുള്ളിവരെ നമുക്കുവേണ്ടി ചിന്തി. അങ്ങനെ കാൽവരിക്കുന്നിൽ കുരിശാകുന്ന യാഗപീഠത്തിൽ തന്റെ ബലി പൂർത്തിയാക്കി. ലോകചരിത്രത്തിൽ ഇന്നോളം കേട്ടിട്ടില്ലാത്ത ഒരു ശോക നാടകത്തിനു ദിവ്യനാഥനെ പ്രേരിപ്പിച്ചതെന്താണ്? മിശിഹായുടെ പീഡാനുഭവങ്ങളെപ്പറ്റി ചിന്തിക്കാത്ത ദിവസങ്ങൾ നമ്മുടെ ജീവിതത്തിൽ കടന്നുപോകുവാൻ നാം അനുവദിക്കുന്നുണ്ടോ?

മിശിഹായുടെ തിരുരക്തം അങ്ങയെ സ്നേഹിക്കുവാൻ നമുക്കു പ്രേരണ നൽകുന്നു—നമ്മെ ശക്തരാക്കുന്നു. അവിടുത്തെ തിരുമുറിവുകൾ നമുക്കഭയസ്ഥാനമാണ്; ക്ലേശങ്ങൾ ആഞ്ഞടിക്കുമ്പോൾ—പരീക്ഷകളാൽ തളരുമ്പോൾ—അദ്ധ്വാനത്താൽ ക്ഷീണിക്കുമ്പോൾ—പരാജയങ്ങളും പരിഭവങ്ങളും നമ്മെ വലയം ചെയ്യുമ്പോൾ നമുക്കും ചൊല്ലാം മിശിഹായുടെ തിരുരക്തമെ എന്നെ ലഹരി പിടിപ്പിക്കണമെയെന്ന്. ലഹരിപിടിച്ചയാൾ സ്വാഭാവികമണ്ഡലത്തിലല്ലല്ലോ വ്യാപരിക്കുന്നതു്. ഇതുപോലെ മിശിഹായുടെ ദിവ്യരക്തത്താൽ ലഹരിപിടിക്കുന്ന ആത്മാവു സ്വാഭാവികമായവയെ അതിസ്വാഭാവികമായി വീക്ഷിക്കുന്നു. അപ്പോൾ ക്ലേശങ്ങളും പരാജയങ്ങളും എല്ലാം മറന്നു്, സ്നേഹതീക്ഷ്ണതയാൽ പ്രേരിതരായി വിശ്വാസത്തിന്റെ വെളിച്ചത്തിൽ ചരിക്കാൻ നമുക്കും സാധിക്കും.

ദിവ്യരക്ഷകന്റെ തിരുരക്തത്തിന്റെ സ്മരണ വിശുദ്ധാത്മാക്കളിൽ ആത്മരക്ഷയെക്കുറിച്ചുള്ള ദാഹം വർദ്ധിപ്പിച്ചിരുന്നു. ലിസ്യൂവിലെ വി. കൊച്ചുത്രേസ്യാ അവളുടെ അനുഭവം നമ്മെ പറഞ്ഞുകേൾപ്പിക്കുന്നുണ്ടല്ലോ. നമ്മുടെ കൊച്ചുപുണ്യവതിയുടെ വാക്കുകൾ തന്നെ ഇവിടെ ചേർക്കുന്നു: "ഒരു ഞായറാഴ്ചദിവസം കുർബാന കഴിഞ്ഞു് എന്റെ ജപപ്പുസ്തകം അടച്ചപ്പോൾ കുരിശിൽ തൂങ്ങിയ ഈശോയുടെ ഒരു പടം അതിൽനിന്നു് ഇളകി മാറി പുറത്തേയ്ക്കു കാണപ്പെട്ടു. നമ്മുടെ കർത്താവിന്റെ തിരുരക്തം മാത്രമേ വെളിക്കു കാണാമായിരുന്നുള്ളു. രക്തം ഒഴുകുന്ന ഭാഷയിൽ ഈ തിരുക്കരത്തിലുള്ള മുറിവിനെ കണ്ടമാത്രയിൽ എന്റെ ദേഹമാസകലം വിവരിക്കാൻ പാടില്ലാത്തവിധം കുളിർക്കൊണ്ടു. തിരുരക്തം കണ്ടപ്പോൾ എന്റെ ഹൃദയം പിളർന്നുപോയി. കുരിശിന്റെ അടിയിൽ വീണിരുന്ന തിരുരക്തം കോരി എടുക്കാൻ ആരും ഇല്ലല്ലോ എന്നു വിചാരിച്ച് അതി കഠിനമായി ഞാൻ ദുഃഖിച്ചു. മേലിൽ എന്റെ ദിവ്യരക്ഷകന്റെ തിരുസ്ലീവായുടെ ചുവട്ടിൽ ആത്മീയമായി എപ്പോഴും നിന്നു്, കീഴെ വീഴുന്ന ജീവപ്രദമായ തിരുരക്തത്തെ കോരിയെടുത്തു് ആത്മാവുകളുടെമേൽ തളിക്കണം എന്നു ഞാൻ ഉറച്ചു. അന്നുമുതൽ ദിവ്യരക്ഷകൻ മരിക്കുന്നതിനു മുമ്പു 'ദാഹിക്കുന്നു' എന്നു് ഉച്ചരിച്ച ദിവ്യവാക്യം സദാ എന്റെ കർണ്ണപുടങ്ങളിൽ മുഴങ്ങിക്കൊണ്ടിരുന്നു. എന്റെ ഹൃദയം കത്തിയെരിയുന്നതുപോലെ തോന്നി. എന്റെ

# കംപിയേഞ്ഞിലെ കന്യകാമണികൾ

(റവ. ഫാ. ഫിലിപ്പ്, ഒ. സി. ഡി.)

ഫ്രാൻസിൽ കംപിയേഞ്ഞ് എന്ന സ്ഥലത്തെ കർമ്മലീത്താമഠം. ഉല്ലാസസമയമാണ്. കന്യാസ്ത്രീകൾ തോട്ടത്തിൽ ഓരോ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു. സൗഹാർദ്ദപരവും സഹോദരസ്നേഹം തുളുമ്പുന്നതുമായ അവരുടെ സംഭാഷണം ശ്രവിച്ചിട്ടെന്നപോലെ അവിടവിടെയായി നിൽക്കുന്ന റോസാച്ചെടികളും ഡാളിയാകളും സീനിയാകളും പുഞ്ചിരിതൂകുന്നു.

അപ്പോൾ അതാ കേൾക്കുന്നു ഘോരമായ ഒരട്ടഹാസം. "പുരോഹിതർ നശിക്കട്ടെ! കന്യാസ്ത്രീകളെ കൊന്നൊടുക്കണം! റിപ്പബ്ലിക്ക് ജയിക്കട്ടെ!" എന്നിങ്ങനെ ചില വാക്യങ്ങൾ ആ ഘോരാരവത്തിന്റെ മീതെ പതഞ്ഞുപൊങ്ങുന്നുണ്ട്. അതോടൊപ്പം പടിവാതൽ ആരോ തല്ലിപ്പൊളിക്കുന്ന ശബ്ദവും.

പാവപ്പെട്ട കന്യാസ്ത്രീകൾ അന്ധാളിച്ചു. നിരപരാധികളായ ആ മാൻപേടകൾ ഭയന്നു വിറച്ച് അന്യോന്യം നോക്കി. അവർ അതു പ്രതീക്ഷിച്ചിരുന്നതാണ്. രാജവാഴ്ചയ്ക്കെതിരായി ആരംഭിച്ച ആ വിപ്ലവം മതവിശ്വാസത്തേയും എതിർത്തു നശിപ്പിക്കുന്നതിനു പരിശ്രമിക്കുമെന്ന് അവർക്കറിയാമായിരുന്നു. എങ്കിലും അത്ര പെട്ടെന്നു മരണം അവരുടെവാതില്ക്കൽ മുട്ടുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നില്ല. സത്യവിശ്വാസത്തെപ്രതി ജീവൻ ബലിസമർപ്പിക്കുന്നതിന് അവർ സന്നദ്ധരാണ്. എങ്കിലും സംഭവങ്ങൾ ആസന്നമാകുന്നതു കണ്ടപ്പോൾ അവർ അമ്പരന്നുപോയി.

സഹോദരിമാരെ ഉടനെ മുറികളിലേയ്ക്ക് അയച്ചിട്ട് മദർ സുപ്പീരിയർതന്നെ വാതൽ തുറക്കുന്നതിനു ചെന്നെങ്കിലും, അതിനുമുമ്പേ, യമകിങ്കരന്മാരുടെ ഒരു കൂട്ടം ആ വാതൽ തകർത്ത് അകത്തു പ്രവേശിച്ചുകഴിഞ്ഞിരുന്നു. "കള്ളക്കന്യാസ്ത്രീകൾ എവിടെ?" അവരുടെ നേതാവ് അട്ടഹസിച്ചു. മറുപടി നൽകാൻ തുടങ്ങിയ

---

ഏക ആഗ്രഹം എന്റെ പ്രിയന്റെ ദാഹത്തെ ശമിപ്പിക്കണം എന്നായിരുന്നു. എനിക്കും ആത്മരക്ഷയെക്കുറിച്ചു തീരാത്ത ദാഹം ഉണ്ടായി. പാപികളെ ഏതുവിധേനയും നരകാഗ്നിയിൽനിന്നു മോചിപ്പിക്കണം എന്നു ഞാൻ ആഗ്രഹിച്ചു." മററു പല വിശുദ്ധാത്മാക്കളുടെ ചരിത്രത്തിലും ഇതുപോലെ പല അനുഭവങ്ങളും ഉണ്ട്. വിശുദ്ധബലിയിൽ സംബന്ധിക്കുന്നതിനും മിശിഹായുടെ തിരുശരീരരക്തങ്ങൾ അനുഭവിക്കുന്നതിനും ആദിമ ക്രൈസ്തവരേക്കാൾ ധാരാളമായ സൗകര്യം ലഭിച്ചിരിക്കുന്ന നാം എന്തുകൊണ്ടു നാമമാത്ര ക്രൈസ്തവരായി ജീവിക്കുന്നു? ദേവാലയത്തിൽവച്ചോ പ്രാർത്ഥനാസമയത്തോ മാത്രം കത്തോലിക്കരായിരുന്നാൽ പോരാ. നമ്മുടെ എല്ലാ വ്യാപാരങ്ങളിലും കത്തോലിക്കാ ചൈതന്യം പ്രകാശിക്കട്ടെ. അങ്ങനെ മിശിഹായുടെ രക്ഷണീയവേലയിലുള്ള നമ്മുടെ പങ്കുവഹിക്കുന്നതിനുള്ള ശക്തി അമൂല്യമായ ദിവ്യരക്തം നമുക്കു പ്രദാനംചെയ്യട്ടെ.

ജൂലൈമാസം തിരുരക്തഭക്തിക്കായി തിരുസ്സഭ പ്രത്യേകം നിശ്ചയിച്ചിരിക്കുന്ന മാസമാണല്ലോ. ലോകത്തിൽ അർപ്പിക്കപ്പെടുന്ന ദിവ്യബലികളിലെ അമൂല്യമായ ഓരോ രക്തത്തുള്ളിയും ശേഖരിച്ച്, വി. കൊച്ചുത്രേസ്യായെപ്പോലെ നമുക്കും ആത്മാക്കളുടെ രക്ഷയ്ക്കായി നിയോഗിക്കാം. ദുഃഖമായ രഹസ്യങ്ങൾ ധ്യാനിക്കുമ്പോൾ ദിവ്യരക്ഷകന്റെ അമൂല്യരക്തത്തിന്റെ സ്മരണ നമ്മെ വേദനിപ്പിക്കേണ്ടതല്ലേ? കുരിശിന്റെവഴി കഴിക്കുമ്പോൾ ദിവ്യരക്ഷകന്റെ പാവനരക്തം വാർന്നൊഴുകിയ തിരുസ്ഥലങ്ങളിലേയ്ക്ക് അരൂപിയാലെ നാമിറങ്ങുന്നുണ്ടോ? നിലം ചുംബിക്കുമ്പോൾ ദിവ്യരക്ഷകന്റെ രക്തത്താൽ പരിശുദ്ധമായ സ്ഥലങ്ങൾ ചുംബിക്കുന്നതായി നമുക്കു വിഭാവനംചെയ്യാമല്ലോ. "നിത്യപിതാവെ...." എന്ന പ്രാർത്ഥന ചൊല്ലുമ്പോൾ അമൂല്യമായ തിരുരക്തത്തിന്റെ വിലയെപ്പററി നാമോർക്കുന്നുണ്ടോ? ക്രൂശിതരൂപം കാണുമ്പോൾ—ചുംബിക്കുമ്പോൾ—നമ്മുടെ ഹൃദയം തകരേണ്ടതല്ലയോ? സ്നേഹത്താൽ പ്രേരിതരായി രക്തത്തിനു രക്തവും സ്നേഹത്തിനു സ്നേഹവും കൊടുക്കാൻ നമ്മുടെ ആത്മാക്കൾ വെമ്പൽകൊള്ളേണ്ടതല്ലേ? മിശിഹായുടെ തിരുരക്തമെ എന്നെ ലഹരിപിടിപ്പിക്കേണമെ.

മദർ സുപ്പീരിയറിനെ തള്ളിമാററിക്കൊണ്ട് അവർ മുന്നോട്ടു പാഞ്ഞു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ ആ മഠം മുഴുവൻ ആ ദുഷ്ടന്മാർ കൊള്ളയിട്ടു. സകലതും നശിപ്പിച്ചു. കന്യാസ്ത്രീകളെ എല്ലാവരേയും അടിച്ചു പുറത്തിറക്കി.

പാവങ്ങൾ! ഉടനെ വധിക്കപ്പെടുമെന്നും അങ്ങനെ രക്തസാക്ഷികളായി മരിക്കാമെന്നും അവർ പ്രതീക്ഷിച്ചിരുന്നു. ആ പ്രതീക്ഷ അസ്ഥാനത്തായി. ആലയിൽനിന്ന് അടിച്ചു പുറത്താക്കപ്പെട്ട ആട്ടിൻകുട്ടികളെപ്പോലെ ചെന്നായ്ക്കളുടെ ഇടയിൽ കൂട്ടം വിട്ട് അലഞ്ഞുതിരിയണമെന്നു കണ്ടപ്പോൾ അവർ വാവിട്ടു കരഞ്ഞുപോയി.

കളങ്കമില്ലാത്ത ആ കണ്ണുനീർ ദൈവതിരുസന്നിധിയിൽ എത്തി. ഏതാനും ദിവസങ്ങൾക്കുള്ളിൽ ഒരു ഗവമ്മെണ്ടുത്തരവുണ്ടായി, അവരെ തെരഞ്ഞുപിടിച്ചു വീണ്ടും ജയിലിലടയ്ക്കുവാൻ. അതറിഞ്ഞപ്പോൾ അവരുടെ സന്തോഷം സീമാതീതമായിരുന്നു. പ്രിയംകരമായ അവരുടെ കന്യകാമഠത്തിലല്ലെങ്കിലും വീണ്ടും ഒന്നിച്ചുകൂടാൻ സാധിച്ചപ്പോൾ കണ്ണുനീർവാർത്തുകൊണ്ട് അവർ ദൈവത്തിനു സ്തുതിപറഞ്ഞു. മഠത്തിലെ ജീവിതചര്യകൾ ആ ജയിൽമുറിയിൽ അനുഷ്ഠിക്കുന്നതിന് അവർ പരിശ്രമിച്ചു. അന്നുവരെ ദൈവദൂഷണങ്ങളും പരദൂഷണങ്ങളും മാത്രം ശ്രവിച്ചു മരവിച്ച ജയിൽഭിത്തികൾ ആ കന്യകകളുടെ കർണ്ണാനന്ദകരമായ ഗാനാലാപംകേട്ടു കോൾമയിർക്കൊണ്ടു.

പക്ഷെ അധികനാൾ അങ്ങനെ കഴിയുന്നതിന് ആ സാധുക്കൾക്കു സാധിച്ചില്ല. അവരുടെ ദിവ്യമണവാളൻ സ്വർഗ്ഗീയമണിയറയിലേയ്ക്കു് അവരെ ക്ഷണിക്കുന്ന സമയം സമാഗതമായി. പെട്ടെന്ന് ഒരു ദിവസം പോലീസ് മേധാവികൾ വന്ന് അവരെ വിധിയാളന്റെ മുമ്പിലേയ്ക്ക് ആനയിച്ചു. അവരുടെ ഭാഗം വാദിക്കുന്നതിനോ, നിരപരാധിത്വം തെളിയിക്കുന്നതിനോ യാതൊരു സൗകര്യവും നൽകപ്പെട്ടില്ല. നിഷ്കളങ്കരായ ആ മാടപ്രാക്കൾ കത്തോലിക്കാ വിശ്വാസം അഭംഗമായി പാലിക്കുകയും അതനുസരിച്ചു ജീവിക്കുകയും ചെയ്തു എന്ന ഏക കാരണത്തെപ്രതി ക്രൂരമരണത്തിനു വിധിക്കപ്പെട്ടു.

തങ്ങളുടെ ദിവ്യനാഥനെപ്രതി മരിക്കാമെന്നുള്ള പ്രതീക്ഷ ആ കന്യകാമണികളെ പുളകംകൊള്ളിച്ചു. ഉടനെ മരിച്ചു സ്വർഗ്ഗീയമണവാളന്റെ അടുക്കൽ ചെന്നെത്തുന്നതിന് അവരുടെ ഹൃദയം മുന്നോട്ടു കുതിച്ചു. ആസന്നമായ മരണം അവരെ ആനന്ദത്തിൽ ആറാടിച്ചു.

ഒരു പഴയ വണ്ടിയിൽ ക്രൂരന്മാരായ പടയാളികൾ ആ സ്ത്രീരത്നങ്ങളെ തള്ളിക്കയററി. സുസ്മേരവദനരായി, സ്തോത്രഗീതങ്ങൾ ആലപിച്ചുകൊണ്ടുള്ള അവരുടെ യാത്ര കഠിനഹൃദയരായ ആ പടയാളികളുടെ കണ്ണുകളെപ്പോലും നനയ്ക്കുന്നതിനു പര്യാപ്തമായി.

വധസ്ഥലത്തെത്തിയപ്പോൾ അവർ വണ്ടിയിൽ നിന്നിറങ്ങി. എല്ലാവരുംകൂടെ, മദർ തെറേസാ ഓഫ് സെൻറ് അഗസ്റ്റിൻ എന്ന മഠാധിപയുടെ ചുററം മുട്ടുകുത്തി "പരിശുദ്ധാത്മാവേ എഴുന്നെള്ളിവരിക" എന്ന കീർത്തനം ആലപിച്ചശേഷം അവർ ജ്ഞാനസ്നാനത്തിന്റെയും സന്യാസജീവിതത്തിന്റെയും പ്രതിജ്ഞകൾ നവീകരിച്ചു.

അനന്തരം ധൈര്യവതിയായ ശ്രേഷ്ഠത്തിയമ്മ അവർ ഓരോരുത്തരേയും ആശ്ലേഷിച്ച് അനുഗ്രഹിച്ച്, അവരുടെ ശിരസ്സു ഛേദിക്കുവാനുള്ള യന്ത്രത്തിന്റെ അടുക്കലേയ്ക്കു പറഞ്ഞയച്ചു. പുഞ്ചിരിതൂകിക്കൊണ്ട് ആ യന്ത്രത്തിന്റെ അടുക്കലേയ്ക്കുള്ള പടികൾ ചവിട്ടിക്കയറുന്ന ആ കന്യകകളെ ദർശിക്കുന്നവർക്ക്, മണവാളന്റെ സാന്നിദ്ധ്യത്തിലേയ്ക്കു ക്ഷണിക്കപ്പെടുന്ന പുതുമണവാട്ടികളാണ് അവർ എന്നു തോന്നിപ്പോകും.

ആദ്യമായി മരണം കൈവരിച്ചതു കോൺസ്റ്റാൻസിയ എന്ന പേരുള്ള ഒരു നവ സന്യാസിനി ആയിരുന്നു. ധീരയായ മദർ തെരേസാ തന്റെ മക്കൾ ഓരോരുത്തരുടേയും ശിരച്ഛേദനം ദർശിച്ചശേഷം, ഒടുവിൽ തന്റെ സ്വന്തശിരസ്സും ആ ഭയങ്കരയന്ത്രത്തിനു വിധേയമാക്കി. അങ്ങനെ ആ പതിനാറ ധീരവനിതകൾ ആയിരത്തി എഴുനൂററിത്തൊണ്ണൂററിനാലാമാണ്ട് ജൂലൈ മാസം പതിനേഴാം തീയതി വീരചരമം പ്രാപിച്ചു സ്വർഗ്ഗപ്രാപ്തരായി.

പത്താം പീയൂസ് മാർപ്പാപ്പാ അവരെ വാഴ്ത്തപ്പെട്ടവരെന്നു നാമകരണം ചെയ്തു. അവരുടെ മരണദിനമായ ജൂലൈ 17-ാം തിയതിതന്നെ ആ വീരകന്യകകളുടെ തിരുനാൾ ആഘോഷിക്കപ്പെടുന്നു.

# പ്രേരക പ്രസാദവരത്തിൻെറ പ്രവർത്തനം

(റവ. ഫാ. അക്കേയിൻജൽ ഒ. സി. ഡി.)

ദിവ്യനാഥൻ തറച്ചു പറഞ്ഞിട്ടുണ്ടു്: "എന്നെക്കൂടാതെ നിങ്ങൾക്കു് ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല" എന്നു്. സ്വാഭാവികജീവിതത്തിൽ സർവ്വേശ്വരൻെറ സഹകരണം സകല പ്രവൃത്തികൾക്കും ആവശ്യമാണു്. സ്വാഭാവാതീതജീവിതത്തിലോ, അവിടുത്തെ വരപ്രസാദത്തിൻെറ പ്രത്യേക സഹായം മാനസാന്തരത്തിനുമുമ്പും പിമ്പും, സ്ഥിരവരപ്രസാദം പ്രാപിച്ചതിനുശേഷം പാപത്താൽ അതു നഷ്ടപ്പെടാതിരിക്കുവാനും പുണ്യപ്രവൃത്തികളാൽ അതു പരിപോഷിപ്പിക്കുവാനുമെല്ലാം അനുപേക്ഷണീയമാണു്. ദൈവത്തിൻെറ ഈ കൃപാവരം സൽപ്രവൃത്തികൾക്കു നമ്മെ പ്രേരിപ്പിക്കുകയും അവയുടെ അനുഷ്ഠാനത്തിനു സഹായിക്കുകയും ചെയ്യുന്നു.

മാനസാന്തരത്തിനു മുമ്പു്—വരപ്രസാദമില്ലാത്ത അവസ്ഥയിൽ—പാപത്തിൻെറ ദുഷ്ടതയും ഭീകരതയും ഹീനത്വവും ഭയങ്കര ഫലങ്ങളും മനസ്സിലാക്കി പാപത്തെ വെറുക്കുന്നതിനുള്ള പ്രേരണ നല്കുന്നതുപോലും പ്രേരകപ്രസാദവരമാണു്. കർത്താവിൻെറ ഈ ദാനമില്ലാതെ സ്വഭാവാതീതജീവിതത്തിലേക്കുള്ള കാൽവയ്പു് പരിച്ഛേദം സാദ്ധ്യമല്ല.

സ്ഥിരവരപ്രസാദാവസ്ഥയിൽ സ്ഥിതിചെയ്യുമ്പോഴും, ഏതെങ്കിലും ഒരു സൽപ്രവൃത്തി ചെയ്യുന്നതിനു്, അഥവാ സ്ഥിരവരപ്രസാദത്തെ പ്രവർത്തിപ്പിക്കുന്നതിനു് പ്രേരകപ്രസാദവരം കൂടിയേ കഴിയൂ. ആരോഗ്യം പോലുള്ള ഒരു സത്തയായ പ്രസാദവരത്തിനു് പ്രവൃത്തിപഥത്തിലേക്കു നീങ്ങാൻ പ്രത്യേകമായ ഒരുത്തേജനം ലഭിക്കണം. അതു പ്രേരകപ്രസാദവരംവഴി ദൈവം നൽകുന്നു. ആത്മാവു് പ്രവർത്തിക്കുന്നതു് ബുദ്ധി (Intellect) ഇച്ഛാശക്തി (Will) ഇവ കൊണ്ടെന്നതുപോലെ ആത്മാവിനോടു, ആരോഗ്യം ശരീരത്തോടെന്നപോലെ, ചേർന്നിരിക്കുന്ന പ്രസാദവരവും പ്രവർത്തിക്കുന്നതു് ബുദ്ധി, ഇച്ഛാശക്തി ഇവ വഴിയാണു്. പ്രേരകപ്രസാദവരം ഈ ശക്തികൾ സ്വഭാവാതീതമായി പ്രവർത്തിക്കുവാനുള്ള ഉത്തേജനവും പ്രാപ്തിയും നൽകുന്നു. അതിനാൽ പ്രേരകപ്രസാദവരത്തെ താഴെക്കാണുംവിധം നിർവ്വചനം ചെയ്യാവുന്നതാണു്.

"സ്വഭാവാതീതപ്രവൃത്തികൾ ചെയ്യുന്നതിനു് നമ്മൾ പ്രാപ്തരാകത്തക്കവണ്ണം ബുദ്ധിയെ പ്രകാശിപ്പിക്കുകയും മനസ്സിനെ ശക്തിപ്പെടുത്തുകയും ചെയ്യുന്ന ആന്തരികവും താല്ക്കാലികവും സ്വഭാവാതീതവുമായ സഹായമാകുന്നു പ്രേരകപ്രസാദവരം. ആത്മികശക്തികളായ ബുദ്ധിയേയും ഇച്ഛാശക്തിയേയും ഉയർത്തുക മാത്രമല്ല, പ്രകൃത്യതീതകൃത്യങ്ങൾ ചെയ്യുന്നതിനു് പ്രചോദിപ്പിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു. ആത്മാവിനു നല്കുന്ന പ്രസ്തുത പ്രേരണകൂടാതെ, പഞ്ചേന്ദ്രിയങ്ങൾവഴി ആത്മശക്തികളിൽ പരോക്ഷമായ പ്രേരണചെലുത്തുന്ന ബാഹ്യസഹായവുംകൂടെ ദൈവം നമുക്കു് നല്കുന്നുണ്ടു്. അതുകൊണ്ടു് ,പ്രേരക പ്രസാദവരത്തെ ബാഹ്യമെന്നും ആന്തരികമെന്നും വിഭജിക്കാവുന്നതാണു്.

### ആന്തരശക്തി ബാഹ്യേന്ദ്രിയങ്ങളിൽ പ്രവർത്തിക്കുന്നു

വി. അംബ്രോസിൻെറ പ്രസംഗവും, വേദപുസ്തകപാരായണവും പാപഗ്രസ്ഥനായിരുന്ന അഗസ്റ്റിനെ പുണ്യത്തിലേക്കു ആനയിച്ചു് വിശുദ്ധനാക്കിത്തീർത്തു. ലോകായതികനായിരുന്ന ഫ്രാൻസീസ് സേവ്യറെ പ്രേഷിത പ്രവീണനാക്കുവാൻ പ്രേരിപ്പിച്ചതു് വി. ഇഗ്നേഷ്യസ് ഉദ്ധരിച്ച വാചകശകലമായിരുന്നു. സൗന്ദര്യവതിയായിരുന്ന ഇസബെല്ലാരാജ്ഞിയുടെ മൃതദേഹവീക്ഷണമാണു് ബൊർജിയാപ്രഭുവിനെ പുണ്യപഥത്തിലേയ്ക്കു് ആനയിച്ചതു്.

സ്വഭാവാതീതം സ്വഭാവത്തിനനുസരിച്ചുതന്നെ പ്രവർത്തിക്കുന്നു. പ്രകൃതിയെ നശിപ്പിക്കാതെ ബാഹ്യേന്ദ്രിയങ്ങൾ ആന്തരേന്ദ്രിയങ്ങളുടെപ്രവർത്തനങ്ങളെ സഹായിക്കുന്നതുപോലെ പ്രേരകപ്രസാദവരവുംപഞ്ചേന്ദ്രിയങ്ങളിൽക്കൂടി പ്രേരണചെലുത്തുന്നു ആത്മാവിൽ.

ബാഹ്യേന്ദ്രിയങ്ങൾവഴി ആത്മാവിനെ പ്രചോദിപ്പിക്കുന്ന ദൈവിക ശക്തിയാണ് ബാഹ്യമായ പ്രവർത്തക പ്രസാദവരം.

ആത്മീയാനുഗ്രഹമായ പ്രസാദവരം സർവ്വോപരി ആന്തരശക്തികളിലാണ് പ്രവർത്തിക്കുന്നതു്, ബുദ്ധിയെ പ്രകാശിപ്പിച്ചുകൊണ്ടും ഇഛാശക്തിയെ ബലപ്പെടുത്തിക്കൊണ്ടും. നടപടി പുസ്തകത്തിൽ (16, 14)ലീദാ എന്ന സ്ത്രീയുടെ ഹൃദയം വി. പൗലോസിൻെറ പ്രസംഗം ശ്രവിക്കുന്നതിനായി പരിശുദ്ധാത്മാവു തുറന്നു എന്നു എഴുതപ്പെട്ടിരിക്കുന്നുവല്ലോ. ചിന്തകൾക്കും സൽപ്രവൃത്തികൾക്കും ആവശ്യമുള്ള ഉത്തേജനവും പ്രോൽസാഹനവും നൽകുന്നതും വിശ്വാസസത്യങ്ങളും പുണ്യപൂർണ്ണതാമാർഗ്ഗങ്ങളും അറിയുന്നതിനുള്ള പ്രകാശം പ്രദാനം ചെയ്യുന്നതും ഈ അനുഗ്രഹം തന്നെയാണ്. സ്ഥിരവരപ്രസാദത്തെ നിലനിറുത്തിക്കൊണ്ടുപോകുവാനും, പ്രേരകപ്രസാദവരം അനുപേക്ഷണീയമാണ്.

സ്ഥിരവരപ്രസാദത്തെ പ്രവർത്തിപ്പിക്കുന്നതിനും പ്രേരകപ്രസാദവരം നല്കപ്പെടണം. പ്രേരകപ്രസാദവരം പ്രേരണയും ആകർഷണവും വഴിയായും പ്രവൃത്തിയിൽ സഹകരിച്ചുകൊണ്ടും ഇതു സാധിക്കുന്നു. പുണ്യപ്രവൃത്തികൾക്കു പ്രേരണയും ആകർഷണവും, കുഞ്ഞിനു മിഠായികാണിച്ചു് നമ്മുടെ പക്കലേയ്ക്കു് നടന്നു വരുവാൻ ക്ഷണിക്കുന്നതിനോടു തുലനം ചെയ്യാം. പ്രവൃത്തിയിൽ സഹായിക്കുന്നതു് കുഞ്ഞിൻെറ കൈയ്ക്കു പിടിച്ചു് നടത്തിക്കുന്നതിനോടും.

## പ്രേരകപ്രസാദവരത്തിൻെറ സാർവ്വത്രികാവശ്യകത

മേൽ പ്രസ്താവിച്ചതിൽ നിന്നു് സ്വാഭാവിക ജീവിതത്തിൽ ദൈവസഹകരണത്തിൻെറ സ്ഥാനമാണ് സ്വാഭാവാതീത ജീവിതത്തിൽ പ്രേരകപ്രസാദവരത്തിനുള്ളതെന്നു അനുമാനിക്കാവുന്നതാണ്. നമ്മിൽ അധിവസിക്കുന്ന ദൈവത്തിൻെറ നിരന്തരമായ സഹായമാണതു്. ആദ്ധ്യാത്മികജീവൻ ആർജ്ജിക്കുന്നതിനുമുമ്പും, അതിൻെറ സിദ്ധിക്കുശേഷം അതു നില നിറുത്തുന്നതിനും, പ്രലോഭനത്തിനു് വിധേയരാകാതെ അതു സംരക്ഷിക്കുന്നതിനും, പ്രലോഭനങ്ങൾ ജയിച്ചു് യോഗ്യത സമ്പാദിക്കുന്നതിനും, ജീവിത കടമകൾ നിർവ്വഹിക്കുന്നതിനും, പുണ്യപ്രവൃത്തികൾ ചെയ്യുന്നതിനും, തദ്വാരാ പൂർണ്ണത പ്രാപിക്കുന്നതിനും എന്നു വേണ്ട സ്വാഭാവാതീതമായ സർവ്വകാര്യങ്ങൾക്കും പ്രേരകപ്രസാദവരത്തിൻെറ സഹായം ഉണ്ടായിരിക്കണം. സ്വാഭാവിക ജീവിതത്തിൽ വായു ശ്വസിക്കേണ്ടതു് എത്ര ആവശ്യമോ അതിൽക്കൂടുതൽ ആവശ്യമാണ് സ്വാഭാവാതീതജീവിതത്തിൽ പ്രേരക പ്രസാദവരം. തൻെറ സൽപ്രവൃത്തികളെക്കുറിച്ചു് വി. പൗലോസ് പറയുന്നു: "ഞാനല്ല, പിന്നയോ എന്നോടുകൂടിയുള്ള ദൈവവരപ്രസാദമാകുന്നു." (I Cor: 15/10.)

മാനസാന്തരത്തിനു മുമ്പു് ദൈവത്തിൽ വിശ്വസിക്കുകയും പാപമോചനം അവിടുന്നു നല്കുമെന്നു് ശരണപ്പെടുകയും, ചെയ്തുപോയ പാപത്തെക്കുറിച്ചു് ദുഃഖിക്കുകയും വേണം. ഇവയൊന്നും പ്രേരകപ്രസാദവരം നൽകപ്പെടാതെ സാദ്ധ്യമല്ല. അതിനാൽ പാപാവസ്ഥയിൽ നിന്നു് വരപ്രസാദാവസ്ഥയിലേക്ക് എത്തുവാൻ ദൈവം മേല്പറഞ്ഞ അനുഗ്രഹം ആദ്യം നൽകണം. പാപത്തെ വെറുക്കുവാനുള്ള പ്രചോദനവും വിട്ടകലുവാനുള്ള ആഗ്രഹവും നൽകുന്നതും ഈ അനുഗ്രഹം തന്നെ. ഒരു പാപദോഷത്തിലും പതിക്കാതെ ആമരണം ജീവിക്കാൻ കഴിയണമെങ്കിൽ ദൈവത്തിൻെറ പ്രത്യേകസഹായം വേണമെന്നു് ട്രെൻറിലെ സാർവ്വത്രിക സൂനഹദോസ് പ്രസ്താവിച്ചിട്ടുണ്ടു്.

ഇതിൽനിന്നെല്ലാം പ്രേരകപ്രസാദവരത്തിൻെറ ആവശ്യകതയും പ്രാധാന്യവും നാം മനസ്സിലാക്കണം. നീതീകരണത്തിനുശേഷവും ഈ ദൈവസഹായം നിരന്തരം നമുക്കാവശ്യമാണ്. അതുകൊണ്ടാണല്ലോ ദിവ്യരക്ഷകൻ നമ്മോടാഹ്വാനംചെയ്യുന്നതു്: "നിങ്ങൾ പ്രലോഭനത്തിൽ ഉൾപ്പെടാതിരിക്കുവാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ" എന്നു്. (മത്താ. 26/41).

## വിശ്വാസമാകുന്ന ദൂരദർശിനിയിലൂടെ വീക്ഷിക്കുക

നഗ്നമായ നയനങ്ങൾക്കു് അഗോചരമായവ ദൂരദർശിനിയിലൂടെ വീക്ഷിക്കാവുന്നതുപോലെ, വിശ്വാസമാകുന്ന ദൂരദർശിനിയിൽ കൂടെ വീക്ഷിക്കുമ്പോൾ വരപ്രസാദജീവിതം എത്ര മഹത്തും അത്ഭുതകരവുമാണെന്നു കാണാം. പ്രേരകപ്രസാദവരംവഴി ദൈവം നമ്മിലിരുന്നുകൊണ്ടു നൽകുന്ന അനുഗ്രഹങ്ങളുടെ അളവു നിർണ്ണയിക്കുവാൻ ഇഹത്തിലാർക്കും സാദ്ധ്യമല്ല. ദൈവത്തിൻെറ ആലയമായ നമ്മിൽ അവിടുന്നു സന്നിഹിതനായിരുന്നുകൊണ്ടു് അതിൻെറ പണി

# പരി. കന്യകാമറിയത്തിൻെറ മരണകാലവും സ്ഥലവും

റവ. ഫാ. ജോസഫ് മണ്ണനാൽ, ബി. എ., ബി. ററി.

പുരാതനേന്ത്യൻ സംസ്കാരത്തിൻെറ കേന്ദ്രങ്ങളായിരുന്ന ഹരപ്പാ, മോഹൻ ജതറോ മുതലായ സിന്ധുനദീതട സംസ്കാരകേന്ദ്രങ്ങളെപ്പററിയുള്ള പഠനവും, ഗവേഷണവും വായനക്കാരുടെ ജിജ്ഞാസയെ തട്ടിയുണർത്തി താല്പര്യം ജനിപ്പിക്കാറുണ്ട്. ഇപ്രകാരംതന്നെ ആദ്ധ്യാത്മിക കാര്യങ്ങളിൽ ഉൽസുകരായിരിക്കുന്നവർക്ക പുണ്യപുരുഷന്മാരുടെ ജീവചരിത്രത്തെപ്പററിയുള്ള പഠനവും ഗവേഷണവും രസപ്രദമാണ്.

ദൈവജനനിയായ പരി. കന്യകാമറിയത്തിൻെറ വിദേശവിപ്രവാസം, മരണകാലം, സ്ഥലം മുതലായവയെപ്പററി നൂതനങ്ങളായ പല അറിവുകളും ആധുനിക ഗവേഷണം, ചരിത്രാന്വേഷണം മുതലായവയുടെ ഫലമായി നമുക്ക സിദ്ധിച്ചിട്ടുണ്ട്.

ഈശോയുടെ മരണാനന്തരം മറിയം ഓറശ്ലേമ്മിൽ വി. യോഹന്നാൻെറ ഭവനത്തിലാണ വസിച്ചതെന്ന വിശ്വസിക്കപ്പെടുന്നു. യോസഫാത്തു് എന്ന താഴ്വരയിൽ അവർ വസിച്ചിരുന്നു എന്നാണ ചിലരുടെ അഭിപ്രായം. പട്ടണത്തിൻെറ തെക്കുപടിഞ്ഞാറു ഭാഗത്തു് സിയോൺ കുന്നിൽ യേശുവിൻെറ അന്തിമ ഭോജനശാലയ്ക്കു വളരെ അടുത്തു് ആ ഭവനം സ്ഥിതി ചെയ്തിരുന്നു എന്നു മററു ചിലർ അഭിപ്രായപ്പെടുന്നു.

യേശുവിൻെറ സ്വർഗ്ഗാരോഹണശേഷം ഉദ്ദേശം പന്ത്രണ്ടു വർഷത്തോളം ശ്ലീഹന്മാർ ഓറശ്ലേമ്മിലും പരിസരങ്ങളിലും വേദപ്രചാരസംരംഭങ്ങളിൽ ഏർപ്പെട്ടിരുന്നു. ഓറശ്ലേമ്മിൽ ഉഗ്രമായ മതമർദ്ദനമാരംഭിച്ചതു് A. D. 45–ാമാണ്ടിൽ ഹേറോദേസ് അഗ്രിപ്പായുടെ കാലത്താണ്. ആകയാൽ A. D. 45–നുശേഷം മാത്രമാണ ശ്ലീഹന്മാർ യൂദയാവിട്ടു വിദൂരദേശങ്ങളിലേയ്ക്കു പോയതു്. ഈ വേദഞെരുക്കകാലത്തു മറിയത്തിനു് ഓറശ്ലേമ്മിൽ വസിക്കുക സാദ്ധ്യമല്ലായിരുന്നു. ആകയാൽ

---

നമ്മുടെ സഹകരണത്തോടുകൂടി പൂർത്തിയാക്കുകയാണ്. അതൊരു മഹാ കത്തീഡ്രൽ ആകണമോ അതോ വെറും ചെറിയ ചാപ്പലായിരുന്നാൽ മതിയോയെന്നു നിശ്ചയിക്കുന്നതു് ഏറിയകൂറും നമ്മുടെ സഹകരണമാണ്. ബ്രഹ്മാണ്ഡസൗധത്തിനു് ആവശ്യമായ സാമഗ്രികളെല്ലാം നൽകുവാൻ സർവ്വശക്തനായ നമ്മുടെ ആത്മാവിൻെറ അതിഥി സദാ തയാറാണ്. പക്ഷേ, അവയെ നാം വിലമതിക്കാതിരിക്കുകയും അവ നൽകുവാൻ അർത്ഥിക്കാതെ പോകുകയും പണിയിൽ വേണ്ടത്ര സഹകരിക്കാതിരിക്കയും ചെയ്താൽ സർവ്വശക്തനായ ദൈവം നമ്മുടെമേൽ ഒന്നും അടിച്ചേല്പിക്കുകയില്ല.

പ്രേരകപ്രസാദവരം ഒരു ചങ്ങലയിലെ കണ്ണികൾ പോലെയാണ്. സഹകരണമില്ലാതെ ഒരു അനുഗ്രഹം നഷ്ടപ്പെടുത്തിയാൽ അതിനോടു അനുബന്ധിച്ചിരുന്നവയെല്ലാം കളഞ്ഞു കുളിക്കും. ഒരു സൽപ്രവൃത്തിക്കായുള്ള പ്രേരണ ഉണ്ടാകുമ്പോൾ നാം അതിനെ ഉപേക്ഷിച്ചാൽ തുടർന്നു ലഭിക്കുമായിരുന്ന മററനേകാനുഗ്രഹങ്ങൾ ഇല്ലാതാകും. ഇപ്രകാരമുള്ള ഉപേക്ഷ കൂടെക്കൂടെ ഉണ്ടാകുമ്പോൾ പുതിയ അനുഗ്രഹം ദൈവം നൽകാതേയും വരും. എത്ര കൂടുതൽ സഹകരിക്കുന്നുവോ അത്രകൂടുതൽ ലഭിക്കുകയും ചെയ്യും.

അതിനാൽ പ്രേരകപ്രസാദവരം മുഖേനയുള്ള ദൈവസഹായത്തെ വിലമതിക്കുവാനും ദൈവദാനത്തോടു് സഹകരിച്ചു് കൂടുതൽ പ്രാപിക്കുവാനും നാം പരിശ്രമിക്കണം. തൻെറ ദാനങ്ങൾ സമൃദ്ധിയായി നമ്മുടെമേൽ വർഷിക്കുവാനും ദൈവത്തോടു് നിരന്തരം പ്രാർത്ഥിക്കണം. "ഇച്ഛിക്കുവാനും ഇച്ഛിക്കുന്നതു് പ്രവർത്തിക്കുവാനും നിങ്ങളിൽ താല്പര്യം ജനിപ്പിക്കുന്നതു് പിതാവാകുന്നുവല്ലോ.?" (ഫിലി. 2/3.)

മൂന്നാം സഭാംഗങ്ങൾ വിശേഷിച്ചു്, സർവ്വവരപ്രസാദദായികയായ കർമ്മല അമ്മയോടു്, സ്വന്തം കടമകൾ ശരിവരെ ഗ്രഹിച്ചു് തദനുസരണം ജീവിക്കുന്നതിനു് ആവശ്യമായ വരങ്ങൾ അനുസ്യൂതം പൊഴിക്കുവാൻ കൂടെക്കൂടെ പ്രാർത്ഥിക്കേണ്ടതാണ്.

അവർ, ദത്തുപുത്രനായിരുന്ന യോഹന്നാന്റെകൂടെ എഫേസൂസിൽപോയി താമസിച്ചു. ഈ അനുമാനത്തെ തെളിയിക്കുന്ന അതി പ്രബലമായ ഒരു പാരമ്പര്യ ഐതിഹ്യവും ഇന്നു സഭയിൽ നിലവിലിരിക്കുന്നുണ്ട്. ആധുനിക ചരിത്രഗവേഷകന്മാർ എഫേസൂസിൽ നടത്തിയ അന്തർഭൗമഗവേഷണഫലമായി പരി. കന്യാസ്ത്രീ മറിയം താമസിച്ചിരുന്ന ഒരു ഭവനം കണ്ടുപിടിച്ചിരിക്കുന്നു എന്നു വർത്തമാനപ്പത്രങ്ങളിൽ കണ്ട വാർത്ത ഈ അനുമാനത്തെ പ്രബലപ്പെടുത്തുന്നു. പരി കന്യാസ്ത്രീ മറിയം ദൈവത്തിന്റെ അമ്മയാണെന്ന് ഒരു സൂനഹദോസുകൂടി വിശ്വാസ പ്രഖ്യാപനം ചെയ്യുവാനുള്ള ഭാഗ്യവും മറിയത്തിന്റെ പട്ടണമെന്ന വിശ്രുതമായ എഫേസൂസിനാണു സംലബ്ധമായതു്.

മൗതിക ദൈവനഗരം (Mystical City of God) എന്ന വിശ്രുത ഗ്രന്ഥത്തിൽ, അഗ്രദായിലെ വന്ദ്യയായ മറിയത്തിനു ലഭ്യമായതായി പറയപ്പെടുന്ന വെളിപാടനുസരിച്ച്, വി യോഹന്നാന്റെ അപേക്ഷപ്രകാരം മറിയം എഫേസൂസിൽപോയി താമസിക്കയും വേദവിരോധിയായ ഹേറോദേസിന്റെ മരണശേഷം ഓറശ്ലേമിലെ ആലോചനായോഗത്തിൽ സംബന്ധിക്കുന്നതിനായി ഇരുവരും ഓറശ്ലേമിൽ എത്തുകയും ചെയ്തു രഹസ്യവെളിപാടുകളെ ആശ്രയിച്ചാലെന്നപോലെ, ചരിത്രരേഖകളും ഇതുതന്നെയാണ് തെളിയിക്കുന്നതു്.

"വി. യോഹന്നാൻ A. D 51-ൽ ഓറശ്ലേത്തു സമ്മേളിച്ച അപ്പസ്തോലയോഗത്തിൽ സംബന്ധിച്ചു. എങ്കിലും 52-നും 55-നും മദ്ധ്യേ ആ നഗരത്തിൽനിന്നും വീണ്ടും ഓടിപ്പോകേണ്ടിവന്നു" എന്നു പന്ത്രണ്ടപ്പസ്തോലന്മാർ എന്ന വിശ്രുത ഗ്രന്ഥത്തിൽ പറയുന്നു. തന്നിമിത്തം പരി. കന്യാസ്ത്രീ മറിയം യോഹന്നാനോടുകൂടി ആറു വർഷക്കാലം എഫേസൂസിൽ താമസിച്ചു എന്നനുമിക്കേണ്ടിയിരിക്കുന്നു. അതിനുശേഷം യോഹന്നാൻ ഉദ്ദേശം 51-മുതൽ 55-വരെയുള്ള സുദീർഘമായ ഒരു കാലം ഓറശ്ലേത്തു വസിച്ചതിനാൽ തന്നോടുകൂടി പരി. കന്യകയേയും ഓറശ്ലേത്തേയ്ക്കു കൊണ്ടുപോയി എന്നുള്ളതു് അസന്നിഗ്ദ്ധമാണ്. യോഹന്നാൻ വീണ്ടും ഓറശ്ലേത്തു വരുന്നതായി നാം ചരിത്രത്തിൽ കാണുന്നില്ല. പരി. കന്യക ഓറശ്ലേത്തുവച്ചു മരണം പ്രാപിച്ചു എന്നു സ്ഥാപിക്കുന്ന ചരിത്രരേഖകളുണ്ടുതാനും. യേശുവിന്റെ മരണശേഷം കന്യകാമറിയം യോഹന്നാനോടുകൂടി വസിച്ചിരുന്നുവെന്ന് എല്ലാ ഗ്രന്ഥകാരന്മാരും സമ്മതിക്കുന്നുമുണ്ട്. ആകയാൽ പരി. കന്യാസ്ത്രീ മറിയം A. D. 51-നും 55-നും മദ്ധ്യേ ഓറശ്ലേത്തുവച്ചുമരിച്ചു എന്നു് അനുമിക്കേണ്ടിയിരിക്കുന്നു.

വന്ദ്യയായ അഗ്രദായിലെ മറിയം തന്റെ വെളിപാടുകളിൽ താഴെ കാണുന്ന വിവരം നൾകുന്നു. പരി. കന്യകാമറിയം വി. യോഹന്നാനോടുകൂടി (എഫേസൂസിൽനിന്നു തിരികെ വന്നു്) ഓറശ്ലേമിൽ വസിച്ചിരുന്നു. അവർ തന്റെ എഴുപതാമത്തെ വയസ്സിൽ ആഗസ്റ്റ് 13-ാം തിയതി വെള്ളിയാഴ്ച മൂന്നുമണി സമയത്തു് കർത്താവിൽ നിദ്രപ്രാപിച്ചു. ഈ സംഭവം ക്രിസ്തുവിന്റെ മരണശേഷം 21 വർഷവും 4-മാസവും 19-ദിവസവും കഴിഞ്ഞു് അതായതു് A. D. 55-ൽ ആയിരുന്നു. പരി. കന്യക മരിച്ചപ്പോൾ അവൾക്ക് എഴുപതു വയസ്സിനു് 25-ദിവസം കുറവുണ്ട്. അവളുടെ മരണസ്ഥലം സെഹിയോൻ എന്നപരനാമമുള്ള ഭക്ഷണശാലയാണ്. അവളുടെ തിരുശ്ശരീരം ജോസഫാത്തിന്റെ താഴ്വരയിൽ സംസ്കരിക്കപ്പെട്ടു.

പരി. കന്യകയുടെ തിരുശ്ശരീര സംസ്കാരസ്ഥലമായി അഗ്രദായിലെ മറിയം ചൂണ്ടിക്കാണിക്കുന്ന ഓറശ്ലേവും അവിടെ ജോസഫാത്തിന്റെ താഴ്വരയും അതിനുള്ളിൽ ഗദ്സമ്മൻതോട്ടവുമാണ് പണ്ഡിതന്മാരായ ചരിത്രകാരന്മാരും ക്രിസ്തീയപാരമ്പര്യവും നമുക്കു കാണിച്ചുതരുന്നതു്.

നമ്മുടെ ദിവ്യ അമ്മ കുറവലങ്ങാടുമുതലായ പുരാതനദേവാലയസ്ഥാനങ്ങളിൽ ഒരു വയസ്സിയുടെ (മുത്തിയമ്മ) വേഷത്തിൽ പ്രത്യക്ഷപ്പെട്ടു എന്നും മററുമുള്ള പാരമ്പര്യ വാർത്തകൾ ചരിത്രരേഖകളോട് ഒത്തിണങ്ങി പോകുന്നുണ്ട്. പരി. കന്യക അൻപതാം തിരുനാളിൽ സെഹിയോനിൽ സമ്മേളിച്ച ശിഷ്യരുടെ ആദ്ധ്യക്ഷം വഹിച്ചതും, എഫേസൂസിൽ വിപ്രവാസം അനുഭവിച്ചതും, ഇരുപതിൽപ്പരം വത്സരങ്ങൾ ക്രിസ്തുവിന്റെ രക്തസാക്ഷി വ്യൂഹങ്ങളെ സുധീരം നയിക്കുകയും യഥാവസരം ആവശ്യമായ ആദ്ധ്യാത്മിക സഹായങ്ങൾ അവർക്കെത്തിച്ചുകൊടുത്തുകൊണ്ട് അവരെ വിജയത്തിലേയ്ക്കു് ആനയിക്കയും ചെയ്തു എന്ന വസ്തുത അവൾക്കു മനുഷ്യപരിത്രാണനത്തിലുള്ള ഭീമമായ പങ്കു വിശദമാക്കുന്നുണ്ട്. ദൈവജനനിയോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയുടെ കാരണങ്ങളും യുക്തികളും ഈ ചരിത്രസംഭവങ്ങൾ ഉപരി വിശദീകരിക്കുന്നു.

# മാർ ത്രേസിയാ പുണ്യവതിയുടെ ചരിത്രം

(പൗലീനോസ് പാതിരി, 1741—1806)

തുടർച്ച *

കർമ്മങ്ങൾ ചെയ്വാൻ ജനം പുണ്യമാം സൂത്രമവൾ
'കർമ്മലീത്താ'സഭയും സ്ഥാപിച്ചു നിർമ്മിച്ചുടൻ.
ത്രിംശതിയാശ്രമങ്ങൾ സർവേശത്തുണയാലെ
ത്രേസിയാ താനുണ്ടാക്കി പാർപ്പിച്ചു ഭക്തന്മാരെ.
വിജ്ഞാനജ്ഞാനാദികൊണ്ടജ്ഞാനമകന്നിടാൻ
വേദപാരഗന്മാരും ശാസ്ത്രോക്തമുഖ്യന്മാരും.
ശാസ്ത്രസിദ്ധാന്തവ്യാഖ്യാനാർത്ഥങ്ങൾ സൂത്രങ്ങളെ
ആശ്രമശാലകളിൽ ചൊല്ലുന്നു ബഹുവിധം.
മർത്ത്യരക്ഷാർത്ഥഗമനം ഭവിച്ചതും യഥാ,
മാർഗ്ഗഗുണാർത്ഥവിശേഷണമെന്തതു തത്ര.

വാക്യശുദ്ധാർത്ഥത്തോടും ശബ്ദസംസ്കാരത്തോടും
ഭാഗ്യപൂരിതജനം കഥിക്കുംനിരന്തരം.
ദൈവസ്തോത്രാർത്ഥം ചിത്രം സൽഭാവവ്യക്തിയോടും
പദസംക്രമസ്വരമാത്രാദിശിക്ഷയോടും
ദൈവഭക്തരായോർക്കും പൂതമാനസന്മാർക്കും
ദിവസം കഴിച്ചീടാൻ അത്യന്തം മഹോൽസവം.
സംഗീതപദങ്ങളെ ഇടവിടാതെ ചൊന്നു
സർവേശതിരുമുമ്പിൽ മധുരഗാനം തേടും.
മോക്ഷധർമ്മോക്തവഴി ധ്യാനിപ്പാൻ യാമംതോറും
മോദേനസർവരുമാധ്യാനശാലയിൽ കൂടും.
മുക്തിവിജ്ഞാനം തത്ര അധികം ധരിപ്പാനായ്
ശ്രദ്ധഹൃദർത്ഥത്തോടു സർവേശം യാചിക്കുന്നു.

സ്വശിഷ്യവർഗ്ഗമെല്ലാംകൂടിയ സമക്ഷത്തിൽ
സുസ്വരാധ്വാനത്തോടു ത്രേസിയായുരചെയ്തു:—
"ദൈവഭക്തരാം ജനം സത്വരമെഴുന്നേൽപിൻ,
വേദത്തെ നടത്തുവാനേവനും വരികെടോ!
നിസ്തുലഗുണപൂർണ്ണപ്രഭുവിൻ ബഹുമാനം
നാസ്തികർ നശിപ്പിച്ചു, വേദത്യാഗവും ചെയ്തു.
മാനുഷർ വൃഷ്ടിപോലെ വീഴുന്നു ദുഃഖാലയേ
മാനുഷരക്ഷചെയ്ക നമ്മുടെ അവകാശം.
എൻ സ്ലീഹശിഷ്യന്മാരും ഭക്തരാം ജനങ്ങളും
എന്നുടെ ഗുണദോഷാലിന്ദ്രിയജയം ചെയ്‌വിൻ.
ആത്മഭവനം ചെയ്താൽ ദുർഭാവം നീങ്ങിപ്പോകും
അശുദ്ധമനോരഥമുപവാസത്താൽ തീരും.
ധർമ്മത്തെ പ്രയോഗിച്ചാൽ നാഥന്റെ ശിഷ്യരാകും
ധർമ്മത്താൽ യുദ്ധം ചെയ്താൽ നശിക്കും വേദരിപു.
കന്യാംബയെ നിനച്ചാൽ ബുദ്ധിക്കു ദീപ്തികാണും
നിങ്ങടെ യുദ്ധത്തിനും പരമജയംവരും.
ദിനചര്യയായ് നിത്യം ധർമ്മദാനവും ചെയ്താൽ
സൽകീർത്തിവർദ്ധിച്ചിടും മോക്ഷവുംനേടും നൂനം."

ഈവണ്ണം ശിഷ്യരോടു ത്രേസിയായുരചെയ്തു
ദിവ്യഗുരു സ്മൃതിയും നടത്തി സദാകാലം.
ധീമതിയാകമൂലം സകലമർത്ത്യന്മാർക്കും
ധീദീപ്തി വരുത്തുവാനെഴുതി പുസ്തകങ്ങൾ.
സുജ്ഞാനീകരകൃതി നിങ്ങളും വായിച്ചീടിൻ
അജ്ഞാനം ദൂരെ നീങ്ങി സൽക്കർമ്മം ചെയ്യും നൂനം.
ഗരുത്തുകൊണ്ടു പത്രി തെളിഞ്ഞ വ്യോമത്തുങ്കൽ
പെരുത്ത തെളിവോടു സുഖിച്ചു പറക്കുന്നു;
ആവണ്ണം കന്യയുടെ ലിഖിതം വായിക്കുമ്പോൾ
ആത്മാവു സുഖിച്ചീടും, മുക്തിയും വാഞ്ഛിച്ചീടും.
ഭൂലോകനാസ്തിത്വത്താൽ മോക്ഷത്തിന്നാശവരും
സ്വർലോകേവസിപ്പാനും ലാലസം വർദ്ധിച്ചീടും.
ശാസ്ത്രാർത്ഥം പലർചൊല്ലും, പ്രയോഗിക്കില്ലതാനും
ശാസ്ത്രം പ്രയോഗിക്കാഞ്ഞാൽ ശാസ്ത്രത്താലെന്തുഫലം?
കിം ഫലം ദൈവശാസ്ത്രം? ദൈവത്തെ വന്ദി
ക്കാഞ്ഞാൽ
കിം ഫലം വിദ്യമൂലം? അനന്തനാശം വന്നാൽ.

സുശുദ്ധ വിദ്യപോലെ നടന്നു പുണ്യനാരി
സർവവും പ്രയോഗിച്ചു ധ്യാനിച്ചു ദിനംതോറും
സുചിത്തേ പ്രേമജ്വാലയധികമുദിച്ചപ്പോൾ
സുന്ദരഗാത്രീതദാ, യിവണ്ണമുരചെയ്തു:—
"എന്നുടെ നാഥനയ്യോ! മരിച്ചു കുരിശുമേൽ
എൻദോഷാൽ ക്ലേശമേറ്റു ചിന്തിതു രുധിരവും.
നാഥനെ കുരിശിന്മേൽ എൻ നേത്രം നോക്കുംവിധൌ
ആത്മാവു ദുഃഖം പൂണ്ടു, ഹൃദയം പകയ്ക്കുന്നു.

*1960 ജനുവരി ലക്കം 14-ാം പേജിൽ നിന്നു്.

എങ്കിലുമീശോ നാഥനത്രയും സഹിച്ചല്ലോ
അഹം ച സഹിക്കേണ്ടേ, നാഥനെ സ്നേഹിക്കേണ്ടേ?
ത്വാം പ്രതി, മമ നാഥാ സഹിപ്പാൻ മനഃസ്ഥിതി
താവകദൈവകൃപാൽ ബലവും നൽകീടണേ.
മരിപ്പാൻ വഴിയില്ലീ? സഹിപ്പാൻ കഴിവില്ലീ?
മന്നവാ നിന്നെപ്രതി ജീവനെയെടുക്കില്ലീ?
ചാഞ്ചല്യം ലവമില്ല, ഒന്നുകിൽ മരിക്കണം
അല്ലെന്നുവരികിലോ ത്വാം പ്രതി സഹിക്കണം!"

ഇത്ഥമങ്ങുരചെയ്തു ത്രേസിയാ ശുഭഗാത്രി
ഇഷ്ടംപോലീശോതാനും കല്പിച്ചുപീഡാകരം
അരിയജപത്തിന്നു, തപസ്സി,ന്നിഷ്ടഹീനം
അനിഷ്ടം ധ്യാനത്തിലും, ധർമ്മത്തിന്നചേതനം.
സൽതുഷ്ടിധരിച്ചിടും ധർമ്മിഷ്ഠന്മാരിൽ ചിലർ
സൽസുഖമവർക്കില്ല, സർവതാപമേയുള്ളൂ.
ചതികൾ ബഹുവിധം വരുത്തും പിശാചുക്കൾ
സന്നിവേശം പലതും കാട്ടിടും ധ്യാനത്തിങ്കൽ.
അധുനാഭയത്താലെയിളകും ധീന്ദ്രിയത്തെ
അപിതേ ദൃഷ്ടമായാൽ സനിക്കും നേത്രങ്ങളെ.
സമ്പ്രതിപുണ്യയായ നാരിയെ താഡിച്ചീടും
സംഭ്രമം മുഹുർമ്മുഹുരാത്മാവിൽ പൂകും വേഗം
അതിനാൽ സുന്ദരിതൻ വക്ത്രരൂപവും മാറി
അത്യന്തമാമയവും ബലഹാനിയും വന്നു.
ചരണയുഗ്മം തദാ മുടങ്ങി വാതംകൊണ്ടു
ശരീരം വിഷമിച്ചു വിവിധരോഗങ്ങളാൽ.
കുറഞ്ഞു ജഠരാഗ്നി, ഭക്ഷണാജീർണ്ണമായി
കശലഭോജ്യത്താലും മൂർത്തിക്കുഫലമില്ല.
ആനന്ദം ദൂരെവാങ്ങി നിദ്രയ്ക്കും ഭംഗം വന്നു
ആത്മദുഃഖാബ്ധിയിലും നിർമ്മലനാരിവീണു.
കനകമഗ്നികൊണ്ടുശോഭിക്കും, നരന്മാരെ
ആവണ്ണം ദൈവം ഗാത്രം ശോധിക്കും ദീനങ്ങളാൽ.
രോഗങ്ങൾ പാപിഷ്ഠമാം സാധനം നശിപ്പിക്കും
ദോഷവിനാശനവും ശുദ്ധവും വരുത്തീടും.
ഇങ്ങനെ ബഹുകൃച്ഛ്റാൽ വിഗ്രഹം ശോധിച്ചപ്പോൾ
ദിവ്യഗുണാർത്ഥപൂർണ്ണം നാരിക്കുമുണ്ടായ്‌വന്നു.
രോഗത്തിൽ മാർ യൗസേപ്പു സ്ത്രീ മുന്നിൽ പ്രത്യക്ഷനായ്
ദ്രോഹത്തെ ഹരിച്ചിട്ടു ശോകമൊഴിച്ചുദ്രുതം.
പിന്നെയങ്ങീശോ നാഥൻ തന്നെയാവിർഭവിച്ചു
കാരുണ്യഭാവത്തോടുമീവണ്ണമരുൾ ചെയ്തു:—

"ത്രേസിയാ, മനോഹരീ, മമ നായികക്കല്ലേ,
ത്രേസിയാ, മമ പ്രിയ നീയെന്നുബോധിപ്പാനായ്
കാഞ്ചനമാല്യമിതാ, വാങ്ങിക്കൊൾ മമ ബാലേ,
കന്യകേ, സൂക്ഷിക്ക നീയെന്നുടെ പ്രിയദാനം.
ആകാശമോക്ഷം മുന്നേ നിർമ്മിച്ചിരുന്നില്ലെങ്കിൽ
ആയതു നിനക്കായിട്ടിന്നു ഞാൻ സൃഷ്ടിച്ചേനെ.
അഖിലസ്ത്രീഷുനിന്നെ, സുന്ദരാനനേ, ബാലേ!
അഖിലലോകത്തെക്കാളധികം സ്നേഹിക്കുന്നേൻ.
എൻസ്നേഹചിഹ്നമിതാ, നിർമ്മലപത്മരാഗം,
ഏററുകൊൾ ശുഭപ്രിയേ, എന്നെ സ്നേഹിച്ചുകൊൾക."

ഇത്യാദിയരുൾചെയ്തു മറഞ്ഞാനീശോനാഥൻ
ഈഷൽഭേദമെന്നിയെയടുത്തു മാലാഖമാർ.
സുമനസ്സുകളോടു നാരിതാൻ ജപംചെയ്തു
സുഗുണവൃത്തിയൊക്കെക്കഴിച്ചുനിരന്തരം.
മർത്ത്യരഹസ്യം കണ്ടു പുണ്യനേത്രത്താലവർ
മാനുഷഗുണദോഷം തിരിച്ചുവിവേകത്താൽ
ധീദീപ്തികൊണ്ടറിഞ്ഞു ദൂരമാമവസ്ഥകൾ
ധീമതി മുമ്പേചൊല്ലി സകലഭവിഷ്യത്തും.

(തുടരും)

---

"ഇതാണു് സ്നേഹത്തിന്റെ യാഥാർത്ഥചിഹ്നം: സ്ഥിരതയോടും മനക്കരുത്തോടും കൂടി ദൈവത്തെ സേവിക്കുക, പ്രത്യേകിച്ചു്, ആത്മാവിനു ശുഷ്കതയല്ലാതെ ആദ്ധ്യാത്മികമായ യാതൊരഭിരുചിയും ആശ്വാസവും തോന്നാതിരിക്കുകയും ശരീരം നിരന്തരമായ വേദനകൾ കൊണ്ടും ദീനങ്ങൾകൊണ്ടും ഞെരുങ്ങുകയും ചെയ്യുമ്പോൾ."

—വി. കമില്ലസ്സ് ദെ ലെല്ലീസ്.

"ദൈവത്തിനുവേണ്ടിമാത്രം ജോലിചെയ്യുന്നവനേ സാധിക്കുകയുള്ളു ഒരേ സമയത്തു് ഒരു നല്ല പ്രവൃത്തി ചെയ്യുന്നതിനും അതിന്റെ ഫലം ദൈവത്തെമാത്രം ഭരമേല്പിക്കാനും."

—തോമസ് മെർട്ടൻ.

"ദൈവത്തിലേയ്ക്കു തിരിയത്തക്ക വിധത്തിൽ വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും വ്യാപരിക്കുമ്പോഴൊക്കെ മനുഷ്യൻ പ്രാർത്ഥിക്കുകയാകുന്നു."

—വി. തോമസ് അക്വൈനാസ്.

"സ്നേഹമില്ലാത്ത തീക്ഷ്ണത നിഷ്കളങ്കമായ സ്നേഹത്തിൽനിന്നല്ല വരുന്നതു്."

—വി. ഫ്രാൻസിസ് ദെ സെയിൽസ്.



1960 മേയ് 6–ാം തിയതിമുതൽ 10–ാം തിയതിവരെ തിരുവനന്തപുരത്തുവച്ചു കൂടിയ കർമ്മലീത്താ ഒന്നാം സഭയുടെ മലബാർ പ്രോവിൻസിലെ തിരഞ്ഞെടുപ്പുയോഗാംഗങ്ങൾ.

# കർമ്മെലോത്തരീയം

## ഉത്ഭവവും ആനുകൂല്യങ്ങളും

1251 ജൂലൈ 16–ാംതീയതി കർമ്മെലമാതാവു് വി. സൈമൺ സ്റ്റോക്കിനു പ്രത്യക്ഷയായി തിരുത്തരീയം നല്കിക്കൊണ്ടു പറഞ്ഞു. "ഈ വസ്ത്രം ധരിച്ചുകൊണ്ടു മരിക്കുന്ന ഒരുവനും നിത്യനരകാഗ്നിയിൽ പതിക്കുകയില്ല" എന്നു്. കഴിവനുസരിച്ചു് ഒരു നല്ല ജീവിതം നയിക്കുന്നതിനു ശ്രമിക്കുന്നവർക്കു് ഉത്തരീയം നിത്യരക്ഷയുടെ അച്ചാരമാണു്. ഇതാണു് ഉത്തരീയത്തിൻെറ പ്രഥമാനുകൂല്യം.

സകല കത്തോലിക്കർക്കും ഒരു പൊതു കവചമായി പതിനഞ്ചാം ബെനഡിക്ടോസ് മാർപ്പാപ്പാ നിർദ്ദേശിച്ചിരിക്കുന്നതു് കർമ്മെലോത്തരീയമാണു്. മാതാവിനോടുള്ള ഭക്തികൃത്യങ്ങളിൽ ഉത്തരീയത്തിനു പ്രഥമസ്ഥാനം നല്കണമെന്നു പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ ഊന്നിപ്പറഞ്ഞിട്ടുണ്ടു്. "ചില ഭക്താനുഷ്ഠാനങ്ങൾ, മററുള്ളവയെ അപേക്ഷിച്ചു് സ്വർഗ്ഗീയപ്രബോധനത്താൽ മനസ്സിനെ പ്രകാശിപ്പിക്കുന്നതിനും ക്രൈസ്തവജീവിതം അഭ്യസിക്കുന്നതിനു് ആത്മാക്കളെ പ്രേരിപ്പിക്കുന്നതിനും പര്യാപ്തങ്ങളത്രേ. ഈദൃശ ഭക്താഭ്യസനങ്ങളുടെ ഗണത്തിൽ പ്രഥമസ്ഥാനമാണു് കർമ്മെലോത്തരീയഭക്തിക്കുള്ളതു്. അതിൻെറ സാധാരണത്വത്താൽ എവരുടെയും കഴിവിനിണങ്ങിയ ഈ ഭക്തിക്കു വിശ്വാസികളുടെ ഇടയിൽ വളരെ പ്രചാരമുണ്ടു്. നിരവധി വിശിഷ്ട ഫലങ്ങൾ അതിൽനിന്നു സിദ്ധിച്ചിട്ടുമുണ്ടു്. തിരുത്തരീയം മാതാവിൻെറ സംരക്ഷണത്തിൻെറ

# രക്തം

P. X.

ജൂലായ്മാസത്തെ പേമാരിയിൽ കുത്തിക്കലങ്ങിയ കേരളനദികൾ രക്തവർണ്ണമണിഞ്ഞുകാണുവാനെന്തു്?

പൂമുല്ലക്കുടംപോലെ പുതുജീവൻ തുടുത്തമുദ്ദ കാസായുടെ മദ്ബഹായിൽനിന്നു ബദ്‌ലഹമിലെ ബലിപീഠത്തിലേക്കു അടന്നുവീണ കുഞ്ഞായ ദൈവത്തിന്റെ "അവതാരം" വിലയായ രക്തത്തുള്ളികളുടെ പ്രതിഫലനമാവാം അതു്.

ഛേദനാചാരം!

അഹോ! ശിശുവായ ഈശോ ഉഗ്രമായ വേദനയുടെ ചുരുളുകളിൽ പുളയവേ, നീതിമാനായ യൗസേപ്പിന്റെ ഉളി പിടിച്ചു തഴമ്പിച്ച ആ കൈകൾ അതു നിർവഹിച്ചു. അജാതനായ പിതാവിന്റെ നിത്യമായ ബോധത്തിൽ സനാതനജനനമാർന്ന 'വചനം'മാകുന്ന ദൈവം തന്റെ കാലികജനനത്തിൽ സ്വമാംസം പിളർന്നു് മറിയത്തിൽ നിന്നു് താൻ ഉൾക്കൊണ്ട കന്യാരക്തം പ്രഥമത പ്രപഞ്ചരക്ഷയ്ക്കായി പൊഴിയുകയാണു്. ജനനേന്ദ്രിയത്തിന്റെ അഗ്രചർമ്മം മുറിക്കപ്പെട്ടപ്പോൾ ലോകചരിത്രത്തിൽ അനാവൃതമല്ലാത്ത ഒരു കവാടം തുറക്കപ്പെടുകയായിരുന്നു. ഉൽപാദനത്തിൽ നിന്നു് ഉൽപാദനത്തിലേക്കൊഴുകുന്ന ഉത്ഭവപാപത്തിന്റെ ഉറവക്കണ്ണിൽതന്നെ അവിടുന്നു സംശോധകമായ പരിത്രാണക രക്തം ഒഴുക്കി. അതു് ആദത്തിന്റെ ദൈവവിജ്ഞാനിരാസമാകുന്ന പാപബീജ

---

ചിഹ്നവും അച്ചാരവുമത്രേ. മറിയത്തിന്റെ വിമലഹൃദയത്തോടുള്ള പ്രതിഷ്ഠയുടെ അടയാളവുമായിരിക്കട്ടെ ഈ വസ്ത്രം."

തിരുസ്സഭ എക്കാലത്തും ഉത്തരീയഭക്തിയെ പ്രോത്സാഹിപ്പിക്കുന്നു. കത്തോലിക്കരിൽ ഭൂരിഭാഗവും ഉത്തരീയധാരികളാണു്. കത്തോലിക്കാസഭയിലെ ഏററം വലിയ ഭക്തസമൂഹം ഉത്തരീയസഖ്യതയാണു്. ജീവിതത്തിലും മരണസമയത്തും മരണാനന്തരവും നമ്മെ വളരെ സഹായിക്കുന്ന ഒന്നാണു് ഉത്തരീയഭക്തി.

ഉത്തരീയത്തിന്റെ രണ്ടാമത്തെ ആനുകൂല്യം ശുദ്ധീകരണസ്ഥലത്തു നിന്നുള്ള ശീഘ്രവിമോചനമാണു്. ഉത്തരീയധാരിയുടെ മരണത്തിനുശേഷമുള്ള ആദ്യത്തെ ശനിയാഴ്ച മാതാവു് അയാളെ ശുദ്ധീകരണസ്ഥലത്തുനിന്നു മോചിപ്പിക്കുമെന്ന വാഗ്ദാനം 22-ാം ജോൺ മാർപ്പാപ്പായുടെ 1322-ലെ "സാബററിൻ" എന്ന തിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. അദ്ദേഹത്തിന്റെ പിൻഗാമികളായ പതിനഞ്ചിലധികം മാർപ്പാപ്പാമാർ പ്രസ്തുത ആനുകൂല്യത്തെ അംഗീകരിച്ചിട്ടുണ്ടു്.

വ്യവസ്ഥകൾ

നരകത്തിൽനിന്നുള്ള സംരക്ഷണം എന്ന ഉത്തരീയത്തിന്റെ പ്രഥമാനുകൂല്യം പ്രാപിക്കുന്നതിനു ചില നിബന്ധനകൾ അനുഷ്ഠിക്കേണ്ടതുണ്ടു്.

1. ഉത്തരീയം എല്പിക്കുന്നതിനു് അധികാരമുള്ള വൈദികനിൽ നിന്നു് അതു് സ്വീകരിക്കുക.

2. സാധാരണയായി പേരു് ഉത്തരീയ രജിസ്റ്ററിൽ ചേർക്കണം.

3. ഉത്തരീയം സദാ കഴുത്തിൽ ധരിക്കണം.

ശുദ്ധീകരണസ്ഥലത്തു നിന്നുള്ള ശീഘ്രവിമോചനം എന്ന രണ്ടാമത്തെ ആനുകൂല്യം പ്രാപിക്കുന്നതിനു മേൽ പ്രസ്താവിച്ചതുകൂടാതെ രണ്ടു കാര്യങ്ങൾ കൂടെ അനുഷ്ഠിക്കണം.

1. ജീവിതാവസ്ഥയ്ക്കു് അനുയോജ്യമായ ശുദ്ധത പാലിക്കുക.

2. മാതാവിന്റെ ചെറിയ ഓഫീസ് ചൊല്ലുക.

പലർക്കും ഇതിനു സൗകര്യമില്ലാത്തതിനാൽ തിരുസ്സഭ നിശ്ചയിച്ചിരിക്കുന്ന ദിവസങ്ങളിൽ ഉപവസിക്കയും ബുധനാഴ്ചയും ശനിയാഴ്ചയും മാംസം വർജ്ജിക്കയും ചെയ്താൽ മതി. അതിനും പ്രയാസമുള്ളവർ അധികാരമുള്ള ഏതെങ്കിലും വൈദികന്റെ നിർദ്ദേശാനുസരണം മറെറന്തെങ്കിലും പ്രാർത്ഥനയോ ഭക്തികൃത്യമോ അനുഷ്ഠിച്ചാൽ മതി. സാധാരണയായി അനുദിന ജപമാലയോ 7 ആ. 7 ന. 7 ത്രി. യോ ആണു് നിർദ്ദേശിക്കുക.

ത്തോടു കായേന്റെ ഭ്രാതൃഹത്യയുടെ അബന്ധപുഞ്ജം സങ്കലിതമായി വളന്നു ഭ്രൂണംവീണ ഭൂമിയുടെ അതേ ഗർഭപാത്രത്തിൽ തന്നെ പ്രപതിച്ചു.

പ്രതിശ്രുതവും ചിരപ്രതീക്ഷിതവുമായ ഈ രക്ഷാകരരക്തബിന്ദുവിൽ ഞാൻ കാണുന്നു യൂദയായിലെ മാതൃത്വത്തിന്റെ പൊൻകിനാക്കൾ പൂവണിഞ്ഞ ആയിരമായിരം ചോരക്കുടങ്ങളുടെ കൂട്ടക്കൊലയിൽ തളം കെട്ടിയ നിഷ്കളങ്കരക്തങ്ങളുടെ മൂകമൂകമായ നിത്യശോകത്തിന്റെ രക്തപുഷ്പങ്ങളെ.

ഈ രക്തബിന്ദുവിൽ ഞാൻ കാണുന്നു പ്രകൃതിവിരുദ്ധമായ ജനനനിയന്ത്രണനിയമങ്ങളുടെ ഉരുക്കുഹസ്തങ്ങളാൽ ഞെരിച്ചമർത്തപ്പെട്ട അസ്തിത്വത്തിന്റെ പടിവാതിൽക്കൽത്തന്നെ അന്തരിച്ചുപോകുന്ന അജാതരുടെയും ഗർഭമാത്രജാതരുടേയും നിരോധനിർരോധഹത്യകളിലെ ഭാവസംഭാവ്യ രക്തരേണുക്കളെ.

ഈ രക്തബിന്ദുവിൽ ഞാൻ കാണുന്നു,

കഠിനഹൃദയനായ ഫറവോന്റെ ഈജിപ്തിലെ കടിഞ്ഞൂൽ പുത്രന്മാരുടെ ഗളനാളങ്ങൾക്കുപരി ഉയർത്തിപ്പിടിച്ച സംഹാരദൂതന്റെ കരാളഖഡ്ഗത്തിൽ ഇസ്രായേൽ സന്തതികൾക്കു പരിചയായി വർത്തിച്ച വാതിൽപടികളിൽ തളിക്കപ്പെട്ടിരുന്ന പെസഹാകുഞ്ഞാടിന്റെ ചൂടാന്ന കുടുംനിണത്തെ.

ഈ രക്തബിന്ദുവിൽ ഞാൻ കാണുന്നു,

ബലികളിലും ഹോമബലികളിലും തലമുറതലമുറയായി അറുത്തുചൊരിഞ്ഞിട്ടുള്ള കാളകളുടേയും കോലാടുകളുടേയും രക്തനദികളെ

ഈ രക്തബിന്ദുവിൽ ഞാൻ കാണുന്നു,

സ്വന്തം പീഡാനുഭവത്തിന്റെ ശാശ്വതസ്മാരകമായി അന്തിമഭോജനവേളയിൽ "ദിവ്യ ബലിയാടു" ഇതു് എന്റെ രക്തമാകുന്നുവെന്ന സർവശക്തമായ വചസ്സുകൾ വഴി ആത്മരുധിരമായി പരിവർത്തനം ചെയ്ത ദ്രാക്ഷാരസത്തെ.

ഈ രക്തബിന്ദുവിൽ ഞാൻ കാണുന്നു,

സൈബീരിയായിലെ തടങ്കൽ പാളയങ്ങളിൻ സഭയുടെ മിഷണറിമാർ മുറിവീണ വൻമരത്തുണ്ടുകളാകുന്ന ബലിപീഠത്തിൽ കരത്തറൊട്ടിയാകുന്ന ഓസ്തിയോടുകൂടി തകരകാസായിൽ, അട യുറവു പറയപ്പെട്ട തങ്ങളുടെ മർദ്ദിതമായ ജീവന്റെ പ്രതീകമെന്നോണം കൂദാശചെയ്യപ്പെടുന്ന മുന്തിരിച്ചാറിനെ.

ഈ രക്തബിന്ദുവിൽ ഞാൻ കാണുന്നു,

ചെമന്ന ചൈനയിലെ ഇരുണ്ട തുറങ്കുകളിൽ സത്യത്തിന്റെ പ്രേഷിത തലയണയായ കല്ലുകളിൽ കട്ടെടുത്ത അപ്പത്തോടടുത്തു ചൊങ്കൊടി വാടാവിളക്കായ മദ്ബഹായിൽ കൂട്ടുതടവുകാരായ അൾത്താരശുശ്രൂഷകരോടും യന്ത്രത്തോക്കിന്റെ റാ—ററ്—അ—റാ—ററ് സ്വരങ്ങളുടെ മണികിലുക്കങ്ങളോടുംകൂടി കൂദാശ ചെയ്യുയത്തുന്ന പുതു വീഞ്ഞിനെ.

ഈ രക്തബിന്ദുവിൽ ഞാൻ കാണുന്നു,

വളച്ച്യുടെ മരണയാതനയിൽ പിടച്ചിടറിയ സൈത്തു മരവേരുകളിൽ രക്ഷാകരകർമ്മത്തിന്റെ ജപമാലമണികൾ പോലെ അടന്നുവീഴുന്ന ഗദ്സമനിയിലെ ആ രക്ഷകന്റെ കടുനിണമാകുന്ന മുത്തുമണികളെ.

ഈ രക്തബിന്ദുവിൽ ഞാൻ കാണുന്നു,

പിലാത്തോസിന്റെ പ്രിത്തോറിയത്തിൽ കളിരാജാവായ ക്രിസ്തുവിന്റെ ചകലാസുവസ്ത്രത്തുഞ്ചിൽ നിന്നിററിററുവീഴുന്ന കശാഭിഘാതജന്യമായ ശോണിതമൂക്തകങ്ങളെ.

ഈ രക്തബിന്ദുവിൽ ഞാൻ കാണുന്നു,

കപാലഗിരിയുടെ നെറുകയിൽ ആദത്തിന്റെ തലയോട്ടിയെ തൊട്ടുനനച്ചുകൊണ്ടു വാന്നൊഴുകുന്ന വാർനിണച്ചാലുകളെ.

ഈ രക്തത്തിൽ ഞാൻ കാണുന്നു,

റോമാസാമ്രാജ്യത്തിലെ വെൺമണൽ തരികളെ ചെങ്കതിർ മണികളായി ആയിരമായിരം രക്തസാക്ഷികളുടെ സ്നേഹഗീതത്തിൽ കുതിന്ന രുധിരവാഹികളെ.

ഈ രക്തത്തിൽ ഞാൻ കാണുന്നു,

പ്രഥമസത്യസാക്ഷിയായ സ്റ്റീഫൻ മുതൽ അനീശ്വരതയുടെ കിരാതഭരണത്തിനു കമ്മ്യൂണിസ്റ്റ് കിങ്കരന്മാർ രക്താഹൂതിചെയ്ത ഗർഭവതിയായ ഫ്ളോറിവരെയും നീളുന്ന ക്രിസ്തുവിശ്വാസികളുടെ ഹൃദയനിണത്തെ.

ഈ രക്തബിന്ദുവിൽ ഞാൻ കാണുന്നു,

മറിയത്തെ മുൻകണ്ടും പിൻചെന്നും ന്തരന്തരമാതാക്കൾ ത്യാഗനിർഭരമായ പ്രേമസമാധിയിൽ ആത്മജക്കു പകന്നരുളുന്ന രക്തധാരയുടെ പട്ടൊളിയെ.

ഈ രക്തബിന്ദുവിൽ ഞാൻ കാണുന്നു.

രക്തവ്യവസായമായ യുദ്ധങ്ങളിലും ജീവവ്യവസായമായ ആസ്പത്രികളിലും മനുഷ്യസ്നേഹികൾ സഹഭാവബോധത്തോടേ സംഭാവനം ചെയ്യുന്ന രക്തബാങ്കുകളെ.

ഈ രക്തബിന്ദുവിൽ ഞാൻ കാണുന്നു.

പറദീസായുടെ പ്രാന്തപ്രദേശങ്ങളിലേ പളുങ്കുമണികളിൽ ചിതറി വീണ പ്രതികാരത്തിനായി പ്രതിരവമുയർത്തുന്ന ആബേലിൻെറ രക്തത്തുള്ളികളെ.

പാപം രക്തത്തിലാണ്. രക്തച്ചൊരിച്ചില്ല കൂടാതെ പാപമുക്തി സാധ്യവുമല്ല.

അഹോ! നോക്കുക, ഭൂപടത്തിനെതിരേ എഴുതപ്പെട്ടിരിക്കുന്നു, രക്തം എന്ന്.

രക്തം! കൊറിയൻ പാറകളുടെ മേൽ അരുത്ത് ഒഴുക്കപ്പെട്ടിരിക്കുന്ന രക്തം.

രക്തം! ചീനയുടെ ചതപ്പുനിലങ്ങളെ ശോണവർണ്ണമാക്കി കുതിച്ചൊഴുകുന്ന രക്തം.

രക്തം! ചീനവൻകരയിൽ നിന്നു സമീപദ്വീപുകളിലേക്കു ഷെല്ലുകൾ മഴയായി വർഷിച്ചു ചൊരിയിക്കുന്ന രക്തം.

രക്തം! നാസിമർദ്ദനം. പിന്നിട്ടു ബുഷൻ വാൾഡിൽ ഉണങ്ങി വരണ്ട രക്തം.

രക്തം! വീണ്ടും വീണ്ടും ചെമ്പട വെട്ടിയൊഴുക്കുന്ന ക്രൈസ്തവരക്തം.

രക്തം! ചരിത്രത്തിൻെറ താളുകളിലൂടെ ആദ്യന്തം കലഹങ്ങളിലും പ്രതികാരവിപ്ലവങ്ങളിലും വെള്ളംപോലെ പതച്ചൊഴുകുന്ന പെയ്ഗൻ രക്തം.

രക്തം! കമ്മ്യൂണിസ്റ്റധിനിവേശരാജ്യങ്ങളിൽ ഉരുക്കു കട്ടനും മുളൻ കർട്ടനും ആസ്ബെസ്റ്റോസ് കർട്ടനും ഉള്ളിൽ നിഷ്ക്കരുണം ചൊരിയപ്പെട്ട നിരപരാധരുടെ രക്തം.

രക്തം! അരിവാളും ചുററികയും കേളിയാടും ഹങ്കറിയും പോളണ്ടും ലിത്തുവാനിയായും നനഞ്ഞുപതയുന്ന ചുടുരക്തം.

രക്തം! വാല്ലിഫോർജിലും ബങ്കർഗില്ലിലും ഗെററിസ്സ്ബർഗ്ഗിലും ഫ്രാൻസിലും പെസഫിക് ദ്വീപസമൂഹങ്ങളിലും തകർത്തുചൊരിയുന്ന ക്രിസ്തുവിശ്വാസികളുടെ ചുടുരക്തം.

ഈ രക്തങ്ങളെല്ലാം ഒരേസ്വരത്തിൽ മുറവിളി മുഴക്കുന്നു, ആബേലിൻെറ രക്തത്തോടു കലന്ന്, ആധുനിക കായേനായ ഭൗതികതയ്ക്കെതിരായി.

നമ്മുടേതുപോലെ ഭൂമിമുഴുവൻ ഒന്നടങ്കം പ്രകമ്പിതമായിട്ടുള്ള മറെറാരു യുഗം ഉദയം കൊണ്ടിട്ടില്ല. മുമ്പു ഭൂഗോളത്തിൻെറ ഒരു ഭാഗം ഇളകുകയും മറുഭാഗം ഉറങ്ങുകയുമായിരുന്നു. പതിവ്: ജറുസലേം ഇളകി, കാൽഡിയൻസ് ഉറച്ചു. ദാരിയൂസ് അലക്സാണ്ഡറിനു അടിയറവു പറഞ്ഞു: ഗ്രീക്കുകാർ ശക്തി ആർജ്ജിച്ചു. കാർത്തേജ് തകന്നു. മുഹമ്മദീയർ ഉയന്നു. ജർമ്മനി മറിഞ്ഞു. അമേരിക്ക നിവന്നു. എന്നാൽ ഇന്നോ? റഷ്യയും അമേരിക്കയും പ്രാചിയും പ്രതീചിയും തെക്കും വടക്കും ഒപ്പം വിറക്കുകയാണ്.

അത്രയുമോ? നൂററാണ്ടുകളായി വീണുറച്ചുകിടന്ന നാഗരികതകൾ—ഇന്ത്യയും ചീനയും—ഇന്നിതാ അനങ്ങിക്കലുങ്ങിത്തുടങ്ങുന്നു.

മൂരിനിവന്ന് രാക്ഷസനെപ്പോലെ മുസ്ലിം ലോകം ഇരുന്നുവിറക്കുന്നു.

യൂറോപ്പ് അതിൻെറ കോളനികളിലേക്കു വലിയുന്നു.

ആഫ്രിക്കാ അതിൻെറ മുതലുകൊണ്ടു ഉമിനീർ ഇറക്കിവന്ന യൂറോപ്പിനെ ആട്ടിയോടിക്കുന്നു.

അഹോ! ഭൂമുഖം ഇന്നു രണ്ടായിരത്താണ്ടുകൾക്കപ്പുറംസംഭവിച്ചിട്ടില്ലാത്ത വിപ്ലവാത്മകമായ പരിവത്തനത്തിൻെറ നടുമുററത്തുനിന്നു ഞടുങ്ങുകയാണ്. നോക്കൂ, കാണുന്നില്ലേ ഭൂഗോളത്തിനു താഴെ അത്യാസന്നവും ഭീജനകവുമായ ഒരു വിസ്ഫോടനം പതിയിരിക്കുന്നതു്.

പ്രപഞ്ചം ഇന്നൊരു സജ്ജവേദനയിലാണ്. വിനാശകമായ ഭൗതികതയുടെ തൊണ്ടുപൊട്ടി പ്രേമമയിയായ ഒരു പുതുയുഗത്തിൻെറ ചുണ്ടുവിടരുവാനുള്ള സജ്ജവേദനയിൽ. അതിനു തീബോംബുകളുടെ ഊഷ്മാവും സമരയന്ത്രങ്ങളുടെ ചലനവും നിരപരാധരുടെ ജീവൻ വിലയായ തപസ്യയും ആവശ്യമായ് വരും.

പാപം രക്തത്തിലാണ്. രക്തച്ചൊരിച്ചിൽ കൂടാതെ പാപവിമുക്തി സാദ്ധ്യവുമല്ല. പക്ഷേ അതിനു നരൻ നരൻെറ രക്തമല്ല ചൊരിയേണ്ടതു്. കാൻവരിയിലേ ബലിയിൽ ഇടവിടാതെ തുടന്നു ചൊരിയുന്ന നരദൈവത്തിൻെറ രക്തത്തെ വിളിച്ചപേക്ഷിക്കയാണു വേണ്ടതു്.

ഈ രക്തബിന്ദുവിൽ ഞാൻ കാണുന്നു—ഛേദനാചാരത്തിലേ ഈ രക്തബിന്ദുവിൽ ഞാൻ കാണുന്നു—ക്രിസ്തുവിൻെറ ഉദ്ധാരകരക്തമാകുന്ന തീച്ചൂളയിൽ സ്ഫുടം ചെയ്യപ്പെട്ട് പ്രേമത്തിൻെറ പ്രഭയിൽ നിർമ്മലമായി ഉയിർത്തെഴുന്നേൽക്കുന്ന ഒരു പുതുയുഗത്തിൻെറ ദിവ്യോഷ്മളമായ തിളക്കത്തെ.

# സംഭവകഥകൾ

(ബ്രൃ. അലോഷ്യസ്, ഒ. ഐ. സി., ബി. എ., ബി. എൽ.)

## 1. മാർപ്പാപ്പായുടെ 'പ്രമാദിത്വം'

പരമസാത്വികനും സ്നേഹഹൃദയനുമായിരുന്ന കാർഡിനൽ ഗിബ്ബൺസിനോട് ഒരു അകത്തോലിക്കാ വനിത കത്തോലിക്കാമതതത്വങ്ങളെപ്പററി ഓരോ സംശയങ്ങൾ ഉന്നയിക്കയായിരുന്നു. അവയെല്ലാം അദ്ദേഹം സ്നേഹത്തോടും ക്ഷമയോടും തക്കതായ ഉത്തരം നല്കി. ഒടുവിൽ അനിവാര്യമായ ആ ചോദ്യമുണ്ടായി: "നിങ്ങൾ കത്തോലിക്കർ ആത്മാർത്ഥമായി വിശ്വസിക്കുന്നുണ്ടോ എന്തു ചെയ്താലും പറഞ്ഞാലും മാർപ്പാപ്പാക്കു തെററു പററുകയില്ലെന്ന്?" "മഹതീ! അതേപ്പററി എനിക്ക് ഇത്രയുമേ പറയാനുള്ളു", കർദ്ദിനാൾ ശാന്തമായി മറുപടി പറഞ്ഞു: "ലിയോ പതിമ്മൂന്നാമൻ മാർപ്പാപ്പാതിരുമേനി എന്നെ 'കാർഡിനൽ ഗിബ്ബൺസ്' എന്നാണ് എപ്പോഴും വിളിച്ചിരുന്നത്!"

## 2. എന്തുകൊണ്ടു സ്ത്രീകൾ ബിഷപ്പന്മാരാകുന്നില്ല?

ഫാത്തിമായിൽ മാതാവ് ലൂസിക്കു വെളിപ്പെടുത്തിയ ഏതോ രഹസ്യം ഉൾക്കൊള്ളുന്ന ഒരു കത്ത് അവിടത്തെ ബിഷപ്പിൻെറ കൈവശത്തിൽ ഏല്പിക്കപ്പെട്ടിട്ടുണ്ടല്ലോ. ലൂസിയുടെ മരണശേഷമോ, ആയിരത്തിതൊള്ളായിരത്തി അറുപതിലോ, ഇതിൽ ഏതാണ് ആദ്യം വരുന്നതെന്നുവച്ചാൽ അപ്പോൾ, ആ എഴുത്തു പൊട്ടിച്ച് ഉള്ളടക്കം ലോകത്തിനു വെളിപ്പെടുത്തണമെന്നാണു വ്യവസ്ഥ.*

ഫാത്തിമ്മാ സന്ദർശിച്ച സ്ത്രീപുരുഷന്മാരടങ്ങിയ ഒരു അമേരിക്കൻ പത്രപ്രതിനിധിസംഘം അവിടത്തെ ബിഷപ്പ് ആയിരുന്ന, വയോവൃദ്ധനും, പോർട്ടുഗലിലെ നിരീശ്വരഗവർമ്മെൻറിനാൽ നിരവധി പീഡനങ്ങൾ ഏല്പിക്കപ്പെട്ടു നടക്കാൻ കഴിവില്ലാതെ വീൽചെയറിനെ അഭയം പ്രാപിച്ചിരുന്നദേഹവുമായ ഡോം ജോസ് ആൽവെസിനെ സന്ദർശിക്കയുണ്ടായി. സംഭാഷണമദ്ധ്യേ, പ്രസ്തുത എഴുത്തു എപ്പോൾ വേണമെങ്കിലും പൊട്ടിച്ചു അതിലെ കാര്യങ്ങൾ ഗ്രഹിക്കുന്നതിനു ബിഷപ്പിനു സ്വാതന്ത്ര്യമുണ്ടെന്നും എന്നാൽ അദ്ദേഹം അങ്ങനെ ചെയ്യുന്നതിനു ആഗ്രഹിക്കുന്നില്ലെന്നും വെളിപ്പെടുത്തുകയുണ്ടായി. "സ്വർഗ്ഗത്തിൻെറ രഹസ്യത്തിൽ ഇടപെടുക എന്ന ഗൗരവമേറിയ ഉത്തരവാദിത്വം ഏറെറടുക്കാൻ താൻ ആഗ്രഹിക്കുന്നില്ല" എന്നായിരുന്നു അതിനു അദ്ദേഹം പറഞ്ഞകാരണം. ഇതിൽ ആശ്ചര്യപരതന്ത്രയായ ഒരു വനിതാപത്രപ്രതിനിധി പറഞ്ഞു. "പിതാവേ, ഞാനായിരുന്നെങ്കിൽ ആ എഴുത്തു എന്നേ പൊട്ടിക്കുമായിരുന്നു!" അവളുടെ നേരേ തിരിഞ്ഞു പുഞ്ചിരിച്ചുകൊണ്ടു അദ്ദേഹം പ്രതിവചിച്ചു. "അതാണല്ലോ മകളെ, സ്ത്രീകളെ ആരും ബിഷപ്പന്മാരായി വാഴിക്കാത്തതു്!"

* അങ്ങനെ ഒരു വ്യവസ്ഥയുള്ളതായി തീർച്ചയില്ല
—പത്രാധിപർ.

## 3. ഒരു സമയത്തു ഒരു തയ്യൽ

വിശേഷപ്പെട്ട ഒരു വസ്ത്രം തയ്ക്കുന്നതിൽ ദത്തശ്രദ്ധനായിരുന്ന ഒരു തയ്യൽക്കാരൻെറ ക്ഷമ കണ്ടു ഒരാൾ പറഞ്ഞു. "ദിവസേന മുടങ്ങാതെയുള്ള ഈ പണി നിങ്ങൾക്കു വളരെ മുഷിപ്പനായി തോന്നുന്നുണ്ടായിക്കും, അല്ലേ?" "ഹേയ് ഒരിക്കലുമില്ല," തയ്യൽക്കാരൻ പ്രതിവചിച്ചു. "കുപ്പായത്തിൻെറ തീർക്കേണ്ട ആകെപ്പണിയെപ്പററി ഞാൻ ചിന്തിക്കാറേയില്ല. ഒരു സമയത്തു ഒരു തയ്യൽ, അതാണെൻെറ പ്രമാണം". നമ്മുടെ ജീവിതവും ഇതുപോലെയായിരിക്കണം. മാർത്തായേപ്പോലെ പലതിനെച്ചൊല്ലി മനം കലങ്ങാതെ, ഒരു സമയത്തു ഒരു കാര്യം—ഒരു പ്രാർത്ഥന, ഒരു വിചാരം, ഒരു പ്രവൃത്തി; അതു മതി. ഏവം വിധം ചെറിയ കാര്യങ്ങൾ ചേർത്തു തുന്നി ക്രിസ്തുനാഥസവിധത്തിൽ തിരുമുൽക്കാഴ്ചവയ്ക്കേണ്ട വിശേഷ വസ്ത്രമാണു നമ്മുടെ ജീവിതം.

## 4. ഒരു കുർബാനാ സ്വീകരണത്തിൻെറ വില

കർദ്ദിനാൾ ന്യൂമാൻെറ സ്നേഹിതന്മാർ വളരെ പരിശ്രമിച്ചുനോക്കി കത്തോലിക്കാമതാവലംബനത്തിൽനിന്നും അദ്ദേഹത്തെ പിൻമാററാൻ. പക്ഷേ, അവരുടെ ശ്രമങ്ങളെല്ലാം വിഫല മായതേയുള്ളു. അവസാനക്കയ്യായി അവർ ഒരു വാദം ഉന്നയിച്ചു. "അങ്ങ

എന്താണു ചെയ്യാൻ പോകുന്നതെന്നു ശാന്തമായി ഒന്നാലോചിച്ചു നോക്കിയാലും. ഒരു കത്തോലിക്കനായാൽ അങ്ങേയ്ക്കു ഇപ്പോൾ ഓക്സ്ഫോർഡു സർവ്വകലാശാലയിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന നാലായിരം പവന്റെ വാർഷികവേതനം നഷ്ടമാവുകയില്ലേ?" ആ വാദത്തിനു കർദ്ദിനാളിന്റെ ദൃഷ്ടിയിൽ യാതൊരു വിലയും ഇല്ലായിരുന്നു. "ഒരു വിശുദ്ധകുർബ്ബാനസ്വീകരണത്തോടു തുലനംചെയ്യുമ്പോൾ നാലായിരം പവൻഎന്തുള്ളു?" എന്നായിരുന്നു ആ ജ്ഞാനവൃദ്ധന്റെ മറുപടി.

## 5. മറിയം വിട്ടുകളാതിരിക്കാൻ

ലിയോ പതിമ്മൂന്നാമൻ മാർപ്പാപ്പയെ മാർപ്പാപ്പായായി തെരഞ്ഞെടുത്തശേഷം അദ്ദേഹത്തെ മാർപ്പാപ്പായ്ക്കടുത്ത സ്ഥാനവസ്ത്രങ്ങൾ അണിയിക്കവേ കഴുത്തിൽ ധരിച്ചിരുന്ന മാതാവിന്റെ കർമ്മലോത്തരീയം എങ്ങനെയോ മാററപ്പെടുവാൻ ഇടയായി. മഹാനായ മാർപ്പാപ്പാ അപ്പോൾ ഉച്ചരിച്ച പ്രസിദ്ധവാക്കുകളാണിവ. "Leave me Mary, lest Mary leave me." "മറിയം എന്നെ വിട്ടുകളാതിരിക്കാൻ മറിയത്തെ എനിക്കായി വിട്ടേയ്ക്കുക." അദ്ദേഹത്തിന്റെ ദൃഷ്ടാന്തം നമുക്കൊരു പാഠമായിരുന്നെങ്കിൽ!

## 6. "ദൈ-വം" എന്നു കുട്ടിവായിക്കും

ഫ്രഞ്ചു വിപ്ലവകാലത്തു ബ്രിട്ടനിക്കാരനായ ഒരു സാധു കർഷകൻ അന്നത്തെ ജനകീയകോടതിയിൽ വിസ്തരിക്കപ്പെടുകയുണ്ടായി "ദൈവത്തിൽ വിശ്വസിക്കുന്നു," എന്നായിരുന്നു കുററം. എത്രതന്നെ അവഹേളിച്ചു അപഹസിച്ചിട്ടും ദൈവവിശ്വാസത്തിലുള്ള അയാളുടെ ഉറച്ച നിലപാടുകണ്ടു ക്രുദ്ധനായ ഒരു പടയാളി ആക്രോശിച്ചു. "എന്തെടോ, താൻ ഇനിയും ഈ അന്ധവിശ്വാസങ്ങളൊക്കെ വച്ചു പുലർത്തുന്നതു? നിങ്ങളുടെ വൈദികരെയെല്ലാം ഞങ്ങൾ കശാപ്പുചെയ്യാൻ പോകുകയാണ്." "അതൊക്കെ ദൈവം അനുവദിക്കുന്നതുപോലെ നടക്കും." "നിങ്ങളുടെ ക്രൂശിതരൂപങ്ങളും പ്രതിമകളും ഒക്കെ ഞങ്ങൾ തവിടുപൊടിയാക്കി പാദത്തിൻകീഴിലിട്ടു ചവിട്ടും." "അതിന്റെഫലം നിങ്ങൾ അനുഭവിച്ചുകൊള്ളുകയും ചെയ്യും." "നിങ്ങളുടെ പള്ളികളും മണിമാളികകളും ഒക്കെ ഞങ്ങൾ ചുട്ടുപൊടിച്ചു നിലം പരിശാക്കുമ്പോൾ ദൈവത്തെപ്പററിയുള്ള നിങ്ങളുടെ മൂഢവിശ്വാസങ്ങൾ എങ്ങനെ പുലർത്തിക്കൊണ്ടു പോകുമെന്നു കാണാമല്ലോ" "മുകളിലോട്ടു നോക്കുക; ആ നക്ഷത്രങ്ങളെ നിങ്ങൾക്കു ചുട്ടുപൊടിക്കാൻ കഴിയുമോ? ഈ വിശ്വമഹാഗ്രന്ഥം ഞങ്ങളുടെ കൺമുൻപിൽ തുറന്നു കിടക്കുന്ന കാലത്തോളം അതിൽ നോക്കി, "ദൈ-വം" എന്നു കുട്ടിവായിക്കാൻ ഞങ്ങളുടെ കുട്ടികളെ ഞങ്ങൾ പഠിപ്പിക്കും."

## ഫാ, മത്തേയോ ക്രൗളി

ഈശോയുടെ തിരുഹൃദയത്തിൻ കുടുംബപ്രതിഷ്ഠയുടേയും കുടുംബങ്ങളിലെ നിശാരാധനാസഖ്യത്തിന്റേയും സ്ഥാപകനായ ഫാ. മത്തേയോ ക്രൗളി കഴിഞ്ഞ മേയ്മായം 4-ാംതീയതി ചില്ലിയിൽ വൽപരായിസോ എന്ന സ്ഥലത്തുവച്ചു നിര്യാതനായ വിവരം അറിയിച്ചുകൊണ്ടു ആലുവാ സെമ്മിനാരിയിൽനിന്നു വെരി. റവ. ഫാ. അവുറേലിയൻ അയച്ചുതന്ന ഒരു വിജ്ഞാപനത്തിന്റെ മലയാളവിവർത്തനമാണ് താഴെ ചേർക്കുന്നതു.

1911-ാമാണ്ടുമുതൽ തിരുഹൃദയഭക്തിയുടെ അപ്പോസ്തലൻ എന്ന പേരിൽ ഭുവനപ്രസിദ്ധനായിത്തീന്ന ഫാ. മത്തേയോക്രൗളി 1939 നവംബർ മാസത്തിൽ ഇൻഡ്യാസന്ദർശിക്കുകയും 1940 ജനുവരിവരെ തെക്കേ ഇൻഡ്യയിലെ മിക്കവാറും എല്ലാ രൂപതകളിലുമുള്ള വൈദികരോടും സന്ന്യാസികളോടും പ്രസംഗിക്കുകയും ചെയ്തിട്ടുണ്ടു. നമ്മിൽ പലരും അദ്ദേഹത്തെ ഇപ്പോഴും അനുസ്മരിക്കുന്നുണ്ടു. അവരെ ഉദ്ദേശിച്ചാണ് ഈ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതു.

വേദനാജനകമായ ഒരു ദീനം അദ്ദേഹത്തെ ദീർഘനാൾ പിടിപ്പിച്ചുകൊണ്ടിരുന്നു. എങ്കിലും അതെല്ലാം ദൈവതിരുമനസ്സിനു പരിപൂർണ്ണമായി വഴങ്ങി അദ്ദേഹം സഹിച്ചു. ഒരു തിരാവ്രണം ബാധിച്ചതിന്റെ ഫലമായി കുറെ ആഴ്ചകൾക്കുമുമ്പു ഡോക്ടർമാർ അദ്ദേഹത്തിന്റെ ഇടത്തുകാൽ മുറിച്ചുകളഞ്ഞു. ദൈവതൃക്കരങ്ങളിൽനിന്നു ആ ശസ്ത്രക്രിയ സ്വീകരിച്ചുകൊണ്ടു അദ്ദേഹം പറഞ്ഞതിപ്രകാരമാണ്. "ഈശോയുടെ തിരുഹൃദയത്തിന്റെ മഹത്വത്തിനും എന്റെ സന്ന്യാസസഭയുടെ നന്മയ്ക്കുംവേണ്ടി ഞാനെല്ലാം കാഴ്ചവയ്ക്കുന്നു. വിധേയത്വത്തോടുകൂടിമാത്രമല്ല, സന്തോഷത്തോടുകൂടി ഞാൻ അതു സ്വീകരിക്കുന്നു." മരിക്കുമ്പോൾ 86 വയസ്സു പ്രായമുണ്ടായിരുന്നു അദ്ദേഹത്തിനു. 1948 നവംബർ മാസത്തിൽ കാനഡായിൽ മോണ്ടുറീലിൽവച്ചു തന്റെ പൗരോഹിത്യസുവർണ്ണജൂബിലി അദ്ദേഹം ആഘോഷിച്ചതാണ്.

ഫാ. മത്തേയോ മരണപത്രികയിൽ അഭ്യർത്ഥിച്ചിരിക്കുന്നതു, തന്റെ മരണാനന്തരം തനിക്കായി അർപ്പിക്കപ്പെടുന്ന പ്രാർത്ഥനകളെല്ലാം തന്റെ ഓർമ്മയ്ക്കായി സ്നേഹരാജനായ ഈശോയുടെ ഭരണത്തിനുവേണ്ടി കാഴ്ചവയ്ക്കണമെന്നാണ്.

ദൈവം അദ്ദേഹത്തിനു നിത്യാശ്വാസവും സമാധാനവും നൽകുമാറാകട്ടെ.

# KERALA'S TWO SERVANTS OF GOD

(V. C. GEORGE)

Catholics of Kerala, who are smarting under the recollection that they could not, as yet, own a son or daughter of the soil among the canonised saints of the Church, have the slim consolation that the canonical process relating to two of their compatriots, Fr. Kuriakose Elias Chavara, the founder of the Syrian Carmelite Congregation in Malabar, and Sister Alphonsa, the Clarist nun, is progressing satisfactorily, under the auspices of the respective Tribunals, in the Archdiocese of Changanacherry and the diocese of Palai. The record of the favours, spiritual and temporal, received by hundreds and hundreds of Catholics, members of other Christian denominations and followers of non-Christian religions, through the intercession of these two Servants of God, is growing in volume and credibility day by day; and the popular belief is that the happy conclusion of the Process resulting in the Canonization of these Keralite Servants of God is only a question of time. While the fame of a great number of favours and miraculous cures credited to the intercession of these Servants of God has spread beyond the borders of India, it is not generally known that Sister Alphonsa herself was a client and beneficiary of the Carmelite Monk, Fr. Kuriakose Elias Chavara.

It is a widely admitted fact that Sister Alphonsa was a chronic invalid for the greater part of her life. It might be said that after her teens, she was rarely free from the attack of one malady or other. Her spirit of endurance was far from the ordinary, and her resignation to the will of God and the habit of offering to the Almighty her pain and suffering in expiation for the sins of the world came to be reckoned among the most predominant of her virtues. Hemorrhage was the major malady that had troubled Sister Alphonsa, for years together. The disease began its attack only during Alphonsa's Postulantship in the convent. Her Superiors became alerted, and steps were taken to give her the best available Ayurvedic treatment. The two prominent Ayurvedic physicians of Kerala, Olassayil Moose and Vayaskara Potti, tried their hereditary professional skill on the patient, followed by the Catholic Ayurvedic physician, Mathai Kallookunnel, without effecting any improvement in her condition. Surgical aid was thought necessary, and Alphonsa was subsequently removed to Ernakulam. Dr. Mrs. Francis performed an operation on her, in consulation with the late Dr. Rao, Chief Medical Officer, Cochin State and the late Dr. C. L. Joseph. The operation was successful and the patient was advised to have complete rest for a few days, in the Ernakulam General Hospital. During this period, there was an attempt on the part of a miscreant doctor to pollute Alphonsa's Virginity, and she had to exert herself overmuch in the heroic act of getting her virginity safeguarded. But the surgical operation was unhappily defeated, and her life itself, was exposed to danger. The circumstances of the diabolic attempt on

the part of the doctor, and Alphonsa's selfdefence were kept concealed from others for a long time. After one month more spent in the Hospital, the young postulant was taken to Bharananganam, poorer in health than ever before.

Renewed Ayurvedic treatment by Olassayil Moose for two years brought about some improvement in Alphonsa's health, and in 1952 she was able to take up teaching work in the Vakakad school conducted by the clarist nuns. There was neither convent nor boarding house attached to the school; and the new teacher had to cross over hills and dales to reach Bharananganam, from Vakakad at the closing of the school year. This unprecedented exertion caused hemorrhage to set in with increased vigour, and other symptoms of physical break-down also appeared. Alphonsa had to spend sleepless nights consecutively for three months, and had to remain without food for days together. Yet, her thirst for becoming a novice of the Franciscan Tertiaries did not abate, in the least. The Novitiate was formally inaugurated at Changanacherry in 1934; but Alphonsa was not, at that time, admitted there as a Novice, for reasons of health.

Alphonsa's serious and continued illness made her a client of Fr. Kuriakose Elias Chavara, who had died in the odour of sanctity in 1871, and whose mediation began to be sought by persons of all ranks in distress ever since his demise. Alphonsa remembered that the fame of the Carmelite monk as a helper of the diseased and desolate had spread over Kerala and in countries outside. She firmly believed that his intercession before the Throne of Heaven would solve her problem and bring about the fulfilment of her highly cherished desire of becoming a nun. After months of waiting and praying Alphonsa was admitted to the Novitiate in August 1935. The strain of the new method of living with the strict observance of the rules pertaining to community life effected a change for the worse in Alphonsa's health, and she was eventully confined to her bed. Besides abdominal hemorrhage, she had also bleeding from the mouth, and sometimes even from the nose and the eyes. A more complicated and pitiable situation could not be imagined. An ulcer in the right thigh close to the waist also developed. Once more, the patient was successively put under the treatment of able and experienced Allopathic and Ayurveda doctors and physicians; but there was no improvement whatever in the severity of the disease; and within a short time Alphonsa turned out to be a pathetic picture of unending pain, suffering and misery. The Novice Mistress and the other authorities of the convent were in great difficulty. It need not be stated that a bed-ridden, agonising Novice was certainly a stumbling block in the peaceful progress of normal Novitiate life. It was almost decided to send Alphonsa to Bharananganam, and permission was requested for the purpose from the late Bishop James Kalacherry of Changanacherry. That stout-hearted prelate was found an overflowing spring of clemency to the ailing Novice. "Let her remain here, even if she is to die of this attack," was the Bishop's curt reply Alphonsa's condition grew worse, from day to day. Her case was given up by the doctors, and

the general belief was that nothing short of a miracle could save her from the jaws of immediate death. With renewed zeal, all persons about the convent and the novitiate prayed for the intercession of Fr. Kuriakose Elias on behalf of Alphonsa. Fr. Aloysius Perumalil, a Carmelite Monk, the Spiritual Director of the Clarist Novitiate, gave a new impetus to the prayer crusade advising all concerned to do their best to secure the intervention of Fr. Kuriakose Elias in the matter, and presenting to them the copy of a special prayer invoking the aid of "The Great Prior" as Fr. Kuriakose Elias was known generally among the people. A picture of the great Prior which Fr. Aloysius had given to Alphonsa was treasured by her under the pillow with great devotion. She used to take this picture often from its resting place, and kiss it fervently praying for the great Carmelite Priest's help in her sad predicament. "The sight of the Picture gave me confidence in the great Prior, and increased my devotion to him," wrote Sister Alphonsa afterwards.

Fr. Varkey Muttathupadath, a contemporary of Fr. Kuriakose Elias Chavara and a Carmelite Tertiary like himself, who was the brother of the great-grand-father of Alphonsa, had preserved secretly in a small gold casket some cutting of the hair of Fr. Kuriakose Elias, of course, attracted by the extraordinary holy life of the Great Prior. On the death of Fr. Varkey the casket came into the possession of Fr. Joseph Muttathupadath, the brother of Alphonsa's grand father, by way of inheritance. Fr. Aloysius Perumalil scured this valued casket from Fr. Joseph and entrusted it to the bed-ridden Alphonsa, advising her to pray assiduously for her recovery, occasionally kissing with devotion this Relic of the Great Prior. This advice was stricly followed by the invalid. Thereupon a Novena invoking the intercession of Fr. Kuriakose Elias was commenced at the Novitiate, Alphonsa reciting the prayers of the Novena individually as often as she could, and also along with the other inmates of the House. No improvement in Alphonsa's condition was felt during the early days of the Novena, and the patient appeared to be on the point of death, on several occasions. On the ninth day of the Novena the Novice mistress, who had her room next to that where Alphonsa lay, heard voices in the patient's room, at about 3, O'clock in the morning. She thought that one of the Novices who had been directed to keep watch by the bedside of Alphonsa was speaking. The Novice Mistress thereupon, walked along, and looked into Alphonsa's room and found both of its occupants sleeping. Approching the bed of Alphonsa, she found her muttering something in her sleep and making some gestures as well. On waking Alphonsa up, she began the conversation thus: "Here is the Great Prior. Do you not see him? Let me ask for his blessing." According to a writtn statement of the Novice Mistress, authoritatively printed and published, Alphonsa further informed her that Fr. Kuriakose Elias had appeared to her in a vision, had blessed her and that she was free from her illness. "This may be the work of my imagination or a dream. But, I am now free from all trouble. The bleeding has stopped and the ulcer on the thigh has

healed up." She exclaimed with jubilation. The thigh which had the ulcer was examined by Alphonsa's fellow novice, and the ulcer had completely disappeared. Alphonsa accompained by the Novice Mistress and the other Novice, thereupon, walked to the Chapel and the three prayed there offering thanks to God and also to Fr. Kuriakose Elias. According to a statement since written by sister Alphonsa, the servant of God had two more visions of Fr. Kuriakose Elias, in subsequent years, which resulted in unexpected cures of serious bodily complaints that had afflicted her-rather a slight reminder to us of the doctrine of the communion of the Saints.

---

## പുതിയ പുസ്തകങ്ങൾ

ദിവ്യബലിയിൽ ഭാഗഭാക്കാകാൻ—
The Good Shepherd Press, Kottayam, 1960. വശങ്ങൾ 58, വില 20 ന. പൈ.

കാൽവരിമലയിലെ രക്തം ചിന്തിയ ബലിവഴി നമ്മുടെ ദിവ്യരക്ഷകൻ നമുക്കുവേണ്ടി സമ്പാദിച്ചിട്ടുള്ള അനന്തയോഗ്യതകളും അനുഗ്രഹങ്ങളും ആത്മാക്കളിലേക്കു പകരുന്ന അമൂല്യ ബലിയാണ് നമ്മുടെ അൾത്താരകളിൽ ദിവസവും നടക്കുന്ന രക്തം ചിന്താത്ത വിശുദ്ധ കുർബാന. എന്നാൽ കഷ്ടം, വിശ്വാസികളിലധികഭാഗവും ഈ ദിവ്യബലിയിൽ കേവലം നിഷ്ക്രിയരായ പ്രേക്ഷകരെപ്പോലെ സംബന്ധിക്കുന്നതിനാൽ അതിൽനിന്ന് വലിയ ആദ്ധ്യാത്മികഫലങ്ങളൊന്നും ലഭിക്കുന്നില്ല.

വളരെ ആണ്ടുകളായി വിശ്വാസികളുടെയിടയിൽ കടന്നുകൂടിയിരിക്കുന്ന ഈ പതിവു മാററി അവരെ സജീവമായ വിധത്തിൽ വി. ബലിയിൽ പങ്കാളികളാക്കുന്നതിനുവേണ്ടി 1958 സെപ്തംബർ 3-ാംതീയതി റീത്തുകളുടെ തിരുസംഘം ചില നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അവയനുസരിച്ചു വിരചിതമായിരിക്കുന്ന ഒരു ലഘുലേഖയാണ് "ദിവ്യബലിയിൽ ഭാഗഭാക്കാകാൻ."

വിശുദ്ധബലിയിൽ ഫലപ്രദമായി പങ്കെടുക്കുന്നതിനു നാലുമാർഗ്ഗങ്ങളാണ് ഇതിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നതു്. ഒന്നാമത്തെ മാർഗ്ഗം വിശ്വാസികൾ വ്യക്തിഗതമായി വി. കുർബാനകാണുമ്പോഴും, രണ്ടാമത്തെ മാർഗ്ഗം വി. കുർബാനയിലെ വിവിധ ഭാഗങ്ങൾ വ്യാഖ്യാനിച്ചുകൊടുക്കാൻ ഒരാളുള്ളപ്പോഴും ഉപയോഗിക്കാവുന്നതാണ്. മൂന്നാമത്തെമാർഗ്ഗം അടങ്ങിയിരിക്കുന്നതു് വിശ്വാസികൾ ഒരാളുടെ നേതൃത്വത്തിൽ ഗാനങ്ങളും പ്രാർത്ഥനകളും കൂട്ടമായി നടത്തുന്നതിലാകുന്നു. അനുബന്ധമായി കൊടുത്തിട്ടുള്ള ആറു ഗാനങ്ങൾ അതിനു യോജിച്ചവയാണ്. നാലാമത്തെ മാർഗ്ഗമാണുപയോഗിക്കുന്നതെങ്കിൽ, വിശ്വാസികൾ, ശുശ്രൂഷകർക്കായുള്ള ഭാഗങ്ങൾ ചൊല്ലുന്നതിനു പുറമെ, വൈദികരോടുകൂടി കുർബാനക്രമത്തിലെ മറെറതാനും ഭാഗങ്ങൾകൂടി ഉച്ചത്തിലുച്ചരിക്കണം.

ഇതുവരെയും നിഷ്ക്രിയരായി കുർബാന 'കാണുക' മാത്രം ചെയ്തിരുന്ന വിശ്വാസികളെ ഇനിമേൽ പ്രവൃത്ത്യുന്മുഖരായി കുർബാന 'ചൊല്ലുന്ന'വരാക്കാൻ സഹായിക്കുന്ന ഈ വിലയേറിയ ചെറു പുസ്തകത്തിന്റെ പ്രസാധകർക്കു 'കാർമ്മലി'ന്റെ ഹാർദ്ദവമായ അഭിനന്ദനം. (E)

---

## ഈ ലക്കത്തിൽ


| | | വശം |
|---|---|---|
| 1. | ഹൃദയംഗമമായ സ്വാഗതം .... ..... | 65 |
| 2. | തിരുസഭയുടെ ദൌത്യം (റവ. ഫാ. മക്കാരിയൂസ് സി. എം. ഐ) .... .... | 67 |
| 3. | വിശുദ്ധിയും സ്വന്തകടമകളുടെ നിർവ്വഹണവും (ധ്യാനം) .... .... | 70 |
| 4. | സ്വർഗ്ഗാരോപണം (Rt Rev. Mgr. പി. കാക്കശ്ശേരി). .... ... | 72 |
| 5. | ഭഗിത—ഒരു സംഭവകഥ (മിസ്സ് ജാനററ് ഐസക്ക്, എം. എസ്. സി.) .... | 75 |
| 6. | തിരുരക്തത്തിന്റെ ലഹരി (Rev Sr J. S. A. B. S) .... .... | 78 |
| 7. | കംപിയേഞ്ഞിലെ കന്യകാമണികൾ (റവ. ഫാ. ഫിലിപ്പ്, ഒ. സി. ഡി.) .... | 80 |
| 8. | അൽമായ കർമ്മലീത്തരോട്, (റവ ഫാ. ആക്കെയിൻജൽ, ഒ. സി. ഡി.) .... | 82 |
| 9. | പരി. കന്യകാമറിയത്തിന്റെ മരണകാലവും, സ്ഥലവും— (റവ. ഫാ. ജോസഫ് മണ്ണനാൽ, ബി. എ; ബി. ററി.) .... | 84 |
| 10. | മാർ ത്രേസിയാപുണ്യസ്ത്രീയുടെ ചരിത്രം (തുടർച്ച) (പൌലീനോസ് പാതിരി. 1748–1806).... | 86 |
| 11. | കർമ്മലോത്തരീയം .... | 88 |
| 12. | രക്തം (P. X.) .... | 89 |
| 13. | സംഭവകഥകൾ (റവ. ബ്ര. അലോഷ്യസ്, ഒ. ഐ. സി; ബി. എ; ബി. എൽ.) .... | 92 |

## തിരുവുത്തരീയത്തിൻെറ പ്രേഷിതകേന്ദ്രം

ഉത്തരീയഭക്തരുടെ വാസനാവൈവിധ്യത്തെ കഴിയുന്നത്ര തൃപ്തിപ്പെടുത്തുന്നതിനു് വിവിധതരത്തിലുള്ള കർമ്മലോത്തരീയങ്ങൾ ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ടു്. ചെറിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസനു് 75 ന. പ. വലിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസനു് 94 ന. പ. ചെറിയ തട്ടും ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കുമുള്ള ഉത്തരീയം ഡസനു് 94 ന. പ. വലിയ തട്ടും നീളം കൂടിയ ചരടും ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കും ഉള്ള ഉത്തരീയം ഡസനു് 1 ക. 12 ന. പ. കറുപ്പു്, ചുവപ്പു് എന്നീ നിറങ്ങളിലുള്ള പട്ടുചരടാണു് സാധാരണയായി ഉത്തരീയത്തിനു് ഉപയോഗിച്ചിരിക്കുന്നതു്. പത്തു ഡസൻ ഉത്തരീയമെങ്കിലും ആവശ്യപ്പെടുന്നവക്കു് ആകർഷണീയമായ കമ്മീഷൻ.

താഴെക്കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക.

**Director, Scapular Apostolate, Carmel Hill Monastery, Trivandrum-1.**

---

വില്പനയ്ക്കു തയ്യാർ. ഉടൻ അപേക്ഷിക്കുക.

## നാകത്തെ നായ

ഫ്റാൻസിസ് തോംപ്സൺ എന്ന ആംഗ്ലേയകവിയുടെ
THE HOUND OF HEAVEN
എന്ന മൗതികകാവ്യത്തിൻെറ ഭാഷാവിവത്തനം

## വിശുദ്ധ കൊച്ചുത്രേസ്യാ

### സമ്പൂർണ്ണമായ സ്വയംകൃതചരിതം

മൂലലിഖിതങ്ങളുടെ വിവർത്തനം

താഴെക്കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക:–

മേനി കടലാസിൽ 1-ാംതരം ബയിന്റ് Rs. 6-00
,, 2-ാംതരം ,, ,, 4-50

മാനേജർ,
കാർമ്മൽ ബുക്കു് സ്റ്റാൾ,
കാർമ്മൽഹിൽ-തിരുവനന്തപുരം-1.

---

## കാർമ്മൽ

മലബാർ പ്രോവിൻസിലെ നിഷ്പാദുക കർമ്മലീത്താ ഒന്നാം സഭാസന്യാസികളുടെ മേൽനോട്ടത്തിൽ ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ മാസങ്ങളുടെ മദ്ധ്യത്തിൽ

പ്രസിദ്ധപ്പെടുത്തുന്ന

## ★ ഒരു ത്രൈമാസികം ★

ഉദ്ദേശ്യങ്ങൾ:—അഗാധമായ ആദ്ധ്യാത്മികജീവിതം പോഷിപ്പിക്കുക, മരിയഭക്തി പ്രചരിപ്പിക്കുക, പ്രേഷിതപ്രവത്തനങ്ങൾ പുലത്തുക മുതലായവ. വരിപ്പണം ആണ്ടൊന്നിനു് മുൻകൂർ 1 രൂ.50ന.പ.

കത്തിടപാടുകൾക്കുള്ള മേൽവിലാസം:

വരിപ്പണം സംബന്ധിച്ചു്:- മാനേജർ, „കാർമ്മൽ", സെന്റു് ജോസഫ്സ് പ്രസ്സ്, തിരുവനന്തപുരം-1
ലേഖനങ്ങൾ സംബന്ധിച്ചു്:—പത്രാധിപർ, കാർമ്മൽഹിൽ, തിരുവനന്തപുരം-1

---

Edited by Very Rev. Fr. Eliseus O. C. D., printed and published by Rev. Br. Fidelis O. C. D., at St. Joseph's Press, Trivandrum, with permission of Eccl. Superiors.